# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 04 No. 49 | THE ONLINE OFFICIAL NEWS BULLETIN | 2021 November 06


SEASON OF ANNUNCIATION | അറിയിപ്പുകാലം | ܥܕܢܐ ܕܣܘܒܪܐ

| ܚܕܒܫܒܐ SUNDAY | ܬܪܝܢ ܒܫܒܐ MONDAY | ܬܠܬܐ ܒܫܒܐ TUESDAY | ܐܪܒܥܐ ܒܫܒܐ WEDNESDAY | ܚܡܫܐ ܒܫܒܐ THURSDAY | ܥܪܘܒܬܐ FRIDAY | ܫܒܬܐ SATURDAY |
|---|---|---|---|---|---|---|
| 7  ♪2 Hudoth idto (Dedication of the Church) | 8  ♪6 25th Mem. of H.H. Baselius Marthoma Mathews I (Devalokam Catholicate Aramana) 94th Mem. of Konattu Mathan Malpan (Pambakuda Valiya Pally) | 9 ♪2 | 10  ♪6 210th Mem. of Kayamkulam Philipose Ramban (Adoor, Kannamkode Cathedral) | 11 ♪2 | 12 ♪6 | 13  ♪2 Comme. of St. John Chrysostem (Golden-mouthed) |




ப. പരുമല തിരുമേനിയുടെ 119-ാമത് ഓർമ്മപെരുന്നാളിൽ പ. കാതോലിക്കാ ബാവാ ശ്ലൈഹിക വാഴ്വ് നൽകുന്നു.




കണ്ടനാട് ഭദ്രാസനത്തിലെ കണ്യാട്ടുനിരപ്പ് സെന്റ് ജോൺസ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ പരിശുദ്ധ പിതാവിനെ സ്വീകരിക്കുന്നു.

## കോടതി വിധികളെ മറികടന്ന് നിയമം നിർമിക്കാനുള്ള ശ്രമം നിലനിൽക്കില്ല: അഡ്വ. ബിജു ഉമ്മൻ

കോട്ടയം: മലങ്കരസഭാ തർക്കത്തിൽ സുപ്രീംകോടതിയുടെ അന്തിമ വിധിയെ മറികടക്കാൻ നിയമ നിർമാണത്തിന് ശ്രമിക്കുന്നത് നിയമപരമായി നിലനിൽക്കില്ലെന്ന് മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ പ്രസ്താവിച്ചു. നിയമ പരിഷ്ക്കരണ കമ്മീഷന്റെ പരിധിക്ക് പുറത്തുള്ള ശുപാർശയെക്കുറിച്ച് മാധ്യമ റിപ്പോർട്ടുകളിലൂടെയാണ് മനസ്സിലാക്കിയത്. വിധി നടപ്പാക്കുന്നത് സംബന്ധിച്ചും പ്രശ്നപരിഹാരം സംബന്ധിച്ചും സുപ്രീംകോടതിയുടെ അന്തിമ വിധിയിൽ കൃത്യമായ മാർഗ്ഗനിർദ്ദേശമുണ്ട്. സ്ഥാപിത താൽപര്യങ്ങൾക്കനുസരിച്ച് ജുഡീഷ്യറിയുടെ മഹിമ കെടുത്തുന്ന പ്രചാരണങ്ങൾ ഉണ്ടാകുന്നത് അപലപനീയമാണ്.

മലങ്കരസഭയിലെ പള്ളികളുടെ ഭരണം സംബന്ധിച്ചാണ് തർക്കം നിലനിൽക്കുന്നത്. സഭാ ഭരണം നിർവ്വഹിക്കുന്നതിനുള്ള അടിസ്ഥാന രേഖയായി കോടതി അംഗീകരിച്ചിട്ടുള്ള 1934ലെ ഭരണഘടനയെ ചോദ്യംചെയ്യുന്ന പാത്രിയർക്കീസ് വിഭാഗത്തിന്റെ നിലപാടുകളാണ് കമ്മീഷൻ ശുപാർശയായി മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്. ഭരണഘടനപ്രകാരം പള്ളികളിൽ തെരഞ്ഞെടുപ്പു നടത്താൻ സഭ ഒരുക്കമാണ്. പള്ളികളിൽ ആരാധന നടത്തേണ്ടത് 1934ലെ ഭരണഘടനപ്രകാരം നിയമിതനാകുന്ന വൈദികനാണ്. കോടതി വിധികൾക്കും നിയമത്തിനു മുകളിൽ ഹിതപരിശോധന ആവശ്യപ്പെടുന്നത് വിഘടനവാദം പ്രോത്സാഹിപ്പിക്കുവാനാണെന്ന് സംശയിക്കുന്നു. മലങ്കരസഭയെ മാത്രം ലക്ഷ്യമാക്കി വിവേചനപരമായി ബില്ല് രൂപകല്പന ചെയ്യാൻ ജനാധിപത്യ സർക്കാർ മുതിരില്ലെന്ന് കരുതുന്നു.

ഭൂരിപക്ഷത്തിന്റെ പേരിലോ മറ്റേതെങ്കിലും വിധേനയോ മലങ്കര സഭയിലെ പള്ളികളുടെ ഭരണവും ഉടമസ്ഥതയും 1934-ലെ ഭരണഘടനയ്ക്ക് പുറത്ത് തട്ടിയെടുക്കാൻ ശ്രമിക്കുന്നത് അനധികൃതമായതിനാൽ അനുവദിക്കാൻ കഴിയില്ലെന്ന് സുപ്രീംകോടതിയുടെ അന്തിമ വിധിയിൽ അർത്ഥശങ്കയ്ക്കിടയില്ലാതെ വ്യക്തമാക്കിയിട്ടുള്ളതാണ്. കോടതിവിധികൾക്കും നിയമത്തിനും അതീതമായി ഹിതപരിശോധന ആവശ്യപ്പെടുന്നവരുടെ ശബ്ദം വിഘടനവാദികളുടെതിന് സമാനമാണെന്നും അഡ്വ. ബിജു ഉമ്മൻ പറഞ്ഞു.

## പ. പിതാവിന് തിരുവനന്തപുരം പൗരാവലിയുടെ സ്വീകരണം

തിരുവനന്തപുരം: മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രധാന മേലധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായ്ക്ക് തിരുവനന്തപുരം പൗരാവലി നൽകുന്ന സ്വീകരണം 2021 നവംബർ 8 തിങ്കൾ വൈകിട്ട് 6 മണിക്ക് നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ സമ്മേളനം ഉദ്ഘാടനം ചെയ്യും.



Published by Dr. Geevarghese Mar Yulios Metropolitan on behalf of MOSC Media Department

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ആരാധനാ കലണ്ടർ

# പുതിയ ആരാധനാവർഷം അനുഗ്രഹിക്കപ്പെട്ടതായിരിക്കട്ടെ

ഡോ. ഗീവർഗീസ് മാർ യൂലിയോസ്



വി. കൂദോസ് ഈത്തോ വാരത്താൽ ശുദ്ധീകരിക്കപ്പെട്ട വിശ്വാസികളെ, നമ്മുടെ കർത്താവിന്റെ മനുഷ്യാവതാര രഹസ്യങ്ങളെ ഒരിക്കൽക്കൂടെ ധ്യാനിക്കുവാനായി പ. സഭ നമ്മെ ക്ഷണിക്കുകയും പ്രതിഷ്ഠാ പെരുന്നാളിലൂടെ ഒരുക്കുകയും ചെയ്യുന്നു.

ഓരോ വർഷവും കൃഷി ഇറക്കുന്നതിനു മുമ്പായി കർഷകർ തങ്ങളുടെ കൃഷിയിടങ്ങൾ ഉഴുതു വെടിപ്പാക്കി ഒരുക്കാറുണ്ടല്ലോ. ആരാധനാ വർഷത്തിന്റെ ആരംഭത്തിൽ ഇത്തരത്തിലുള്ള ഒരു ഒരുക്കം നാമും നടത്തേണ്ടതുണ്ട്. വചനമാകുന്ന വിത്ത് ഒരുക്കപ്പെട്ട വയലായ മറിയാമിൽ വിതച്ചുവെന്ന് പ. സഭ എപ്പോഴും പഠിപ്പിക്കുന്നു. വചനം നമ്മിലും വിതയ്ക്കപ്പെട്ട് വളരണമെങ്കിൽ നാം ആകുന്ന വയലുകൾ ശുദ്ധീകരിക്കപ്പെട്ട് പ്രതിഷ്ഠിക്കപ്പെടണം. ആരാധാന വർഷത്തിന്റെ ആദ്യ രണ്ട് ആഴ്ചകൾ ശുദ്ധീകരണത്തിനും പ്രതിഷ്ഠയ്ക്കുമായി മാറ്റിവച്ചിരിക്കുന്നതിന്റെ കാരണം ഇതാണ്. പ. സഭയാകുന്ന ഒരുക്കപ്പെട്ട വയലിനെകുറിച്ചുള്ള ഒട്ടനവധി സൂചനകൾ വി. വേദപുസ്തകത്തിൽ ഉടനീളം കാണുന്നുണ്ടല്ലോ. പ. മാതാവിനെ സഭയുടെ ജീവനുള്ള പ്രതീകമായി പിതാക്കന്മാർ പഠിപ്പിക്കുന്നു. ക്രിസ്തുവാകുന്ന, വചനം ജഡം ധരിച്ച, രക്ഷകന്റെ വലതുവശത്തായി രാജകുമാരിയായി അവൾ നിന്നുവെന്ന് ദാവീദ് പ്രവചിച്ച് പാടുന്നു.

നോഹയുടെ പെട്ടകം മുതൽ പ. സഭയെകുറിച്ചുള്ള അനേകം സാദൃശ്യങ്ങളും ലഭ്യമാണ്. അബ്രഹാമിന്റെ ബലിയും യാക്കോബിന്റെ ദർശനവും തുടങ്ങി മന്നാ നിക്ഷേപിക്കപ്പെട്ട ചെപ്പും അഹരോന്റെ തളിർത്ത വടിയും നിയമപെട്ടകവും ശ്ലേമോന്റെ റൂമാലും തുടങ്ങിയ ദൃഷ്ടാന്തങ്ങൾ എല്ലാംതന്നെ പ. ദൈവമാതാവിനെയും ഒരുപോലെ സൂചിപ്പിക്കുന്നുവെന്ന് കാണാം.

യെരുശലേം ദേവാലയം പണിയപ്പെട്ട് ശുദ്ധീകരിക്കപ്പെട്ട് പ്രതിഷ്ഠിക്കപ്പെടുന്നു. പ്രവാസകാലത്തിനു ശേഷം ദേവാലയത്തിന്റെ പുനരുത്ഥാരണം നടക്കുകയും വീണ്ടും അത് പുനഃപ്രതിഷ്ഠിക്കുകയും ചെയ്യുന്നതായി വി. ഗ്രന്ഥത്തിൽ കാണുന്നു. ഈ സംഭവങ്ങളെ പ്രതിവർഷം ഓർക്കുകയും അതിനെ പ്രതിഷ്ഠാപെരുന്നാളായി ആഘോഷിക്കുകയും ചെയ്യുന്നതായി വി. ഏവൻഗേല്യോനുകളിൽ നാം വായിക്കുന്നു. പ്രതിഷ്ഠാ പെരുന്നാളിൽ കർത്താവ് ദേവാലയത്തിൽ ശലോമോന്റെ മണ്ഡപത്തിൽ നടന്നുകൊണ്ടിരിക്കുമ്പോൾ യഹൂദന്മാർ അവനോട് തർക്കിക്കുകയും മറുപടിയായി 'ഞാനും പിതാവും ഒന്നാകുന്നു' എന്ന് കർത്താവ് അവർക്ക് വെളിപ്പെടുത്തുകയും ചെയ്യുന്നത് നാം വായിക്കുന്നുണ്ടല്ലോ. നാം ആകുന്ന ദേവാലയങ്ങളും ശുദ്ധീകരിക്കപ്പെട്ട് പ്രതിഷ്ഠിക്കപ്പെടുന്നുവെങ്കിൽ മാത്രമേ വചനമാകുന്ന വിത്ത് നമ്മിൽ വിതക്കപ്പെട്ട് വളരുകയുള്ളു എന്ന അടിസ്ഥാന പ്രമാണം ഈ പ്രതിഷ്ഠാപെരുന്നാളിൽ ഓർക്കുകയും അവനായി പ്രതിഷ്ഠിക്കപ്പെടുവാൻ ദൈവം നമ്മെ സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യാം.

വാത്സല്യമുള്ളവരെ, സർവ്വശക്തൻ എന്നും തന്റെ സഭയെ അതിന്റെ ഉന്നതിയിലും പ്രൗഢിയിലും നിലനിർത്തും എന്ന വസ്തുത നാം മറന്നുപോകരുത്. വിശ്വാസമാകുന്ന പാറമേൽ പണിയപ്പെട്ട സഭയെ പതാളഗോപുരങ്ങൾക്ക് എതിർത്തു തോൽപിക്കുവാൻ സാധിക്കുകയില്ല എന്ന് നാം എപ്പോഴും ഓർക്കണം. സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവും രാജാവുമായവനാണ് പ. സഭയെ പണിത് അതിനെ തന്റെ ആസ്ഥാനമാക്കി അതിൽ വസിക്കുന്നത്. ദൈവത്തോട് സംസാരിക്കേണ്ടവർ പ. സഭയാകുന്ന കൂടാരത്തിലേക്ക് വിശുദ്ധിയോടെ കടന്നുവരണം. മശിഹായുടെ മണവാട്ടിയാകുന്ന പ. സഭ ഭാഗ്യങ്ങൾ നിറഞ്ഞ പറുദീസായാകുന്നു. അതിൽ വി. കൂദാശകൾ സദാ സംസർഗ്ഗം ചെയ്യപ്പെടുന്നു. ജീവ വൃക്ഷമാകുന്ന പ. ബലിപീഠവും വിശുദ്ധന്മാരുടെ സാന്നിധ്യവും എപ്പോഴും അതിൽ നിറഞ്ഞു നിൽക്കുന്നു. അവയെ പരി കർമ്മണം ചെയ്യുവാൻ വി. പൗരോഹിത്യത്തെ കർത്താവ് അതിൽ സ്ഥാപിച്ചിരിക്കുന്നു. പ. സഭയെ എതിർക്കുകയും ധിക്കരിക്കുകയും ചെയ്യുന്നവർ ക്രിസ്തുവിനെയാണ് ധിക്കരിക്കുന്നത്. ദൈവത്തിന്റെ പ. സഭയെ ഭാരതത്തിൽ വിതച്ച് മുളപ്പിച്ച് വളർത്തിയത് പ. മാർത്തോമ്മാ ശ്ലീഹായാണെന്നും ക്രിസ്തുവിനെ "എന്റെ കർത്താവും എന്റെ ദൈവവുമേ" എന്ന് തിരിച്ചറിഞ്ഞ് വിശ്വസിച്ച് അവനുവേണ്ടി മരണത്തോളം സാക്ഷിച്ച ആ പ. പിതാവിന്റെ മക്കളാണ് നാം എന്നും എപ്പോഴും നാം അഭിമാനത്തോടെ ഓർക്കണം.

കഴുകൻ കോഴിക്കുഞ്ഞുങ്ങളെ റാഞ്ചുന്നതുപോലെ പ. മാർത്തോമ്മാ ശ്ലീഹായുടെ സഭയെ റാഞ്ചുവാൻ ശ്രമിച്ച് പരാജയപ്പെട്ടവരുടെ ചരിത്രം ഇപ്പോഴും ആവർത്തിച്ചുകൊണ്ടിരിക്കുന്നു. പറങ്കികൾ മുതലുള്ള വൻ കഴുകന്മാരെ ദൈവകൃപയാൽ പരാജയപ്പെടുത്തുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. സഹോദരനെന്നു കരുതി നാം സഹായത്തിന് ക്ഷണിച്ചവർ നമ്മെ വിഴുങ്ങി കളയുവാൻ ശ്രമിച്ചപ്പോഴും ദൈവകൃപയാൽ കുതറി മാറുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പരാജയപ്പെട്ടപ്പോൾ നാം ഏകോദര സഹോദരങ്ങൾ എന്ന് പ്രഖ്യാപിച്ച് അവരെ നാം മാറോടു ചേർത്ത് നിർത്തിയിട്ടുണ്ട്. എന്നിട്ടും നന്നാകാതെ വിഘടിച്ചവർ അപ്പനെ അധിക്ഷേപിക്കുവാൻ കൂട്ടുനിൽക്കുകയും അമ്മയെ മറക്കുവാൻ മടിയില്ലെന്ന് പാടുകയും ചെയ്യുന്നു.

നാല്പത്തിയഞ്ച് വർഷങ്ങൾ വിഘടന-വിധ്വംസക പ്രവർത്തനങ്ങൾ നടത്തി പ. സഭയെ സമൂഹമദ്ധ്യേ അപകീർത്തിപ്പെടുത്തിയവർ രാജ്യത്തിന്റെ നിയമങ്ങളെയും നീതി-ന്യായ വ്യവസ്ഥിതികളെയും വെല്ലുവിളിക്കുകയും പിടിച്ചടക്കി കൈവശം വച്ചിരിക്കുന്ന ദേവാലയങ്ങളെ കള്ളന്മാരുടെ ഗുഹയാക്കി നിർബാധം അവരുടെ അന്ത്യോക്ക്യത്തരം തുടരുകയും ചെയ്യുന്നു. മതനിരപേക്ഷിത ജനാധിപത്യ സർക്കാർ എന്ന് അവകാശപ്പെടുന്നവർ അനീതിയിൽ നിന്നും ലഭിക്കുന്ന അപ്പക്ഷണങ്ങൾക്കുവേണ്ടി നീതി നിഷേധിക്കുന്നവരായി ആധഃപതിക്കുന്ന ചിത്രങ്ങൾ നമ്മുടെ മുന്നിൽ കാണുന്നു. മനുഷ്യാവകാശ ധ്വംസനവും മോഷണവും നുണ പറച്ചിലും ശീലമാക്കിയവർ മനുഷ്യാവകാശ സമിതികളുടെ മുന്നിൽ ഭീമ ഹർജികൾ നൽകുന്നു.

സ്വന്തം ചെയ്തികൾകൊണ്ട് ദൈവകോപം വിലയ്ക്കു വാങ്ങി ഇല്ലാതായ ആഗോള-ആകമാന അദ്ധ്യക്ഷൻ പ. മാർത്തോമ്മാ ശ്ലീഹായുടെ സുശക്തമായ അനുഗ്രഹിക്കപ്പെട്ട സഭയെ ഏതാണ്ട് ചെയ്തുകളയുമെന്ന് 3250 രൂപ മൂലധനമുള്ള (കൈയിൽ കിട്ടിയിട്ടില്ല) ട്രസ്റ്റിമാരിൽ ഒരാൾ പേടിപ്പിക്കുന്നു. ഇങ്ങനെയൊക്കെ തമാശ പറഞ്ഞ് ജനങ്ങളെ ചിരിപ്പിക്കുന്നതിന് അവരൊടൊക്കെ നന്ദി പറയാം. ഏതായാലും കുഞ്ഞുങ്ങളുടെ രക്തം കൊണ്ടും ശവപ്പെട്ടി നാടകങ്ങൾ കൊണ്ടും 'മറുഭാഷ' ഗാനങ്ങൾകൊണ്ടും നിങ്ങൾ കാണിക്കുന്ന 'അന്ത്യോക്യാ സംസ്ക്കാരം' പ്രബുദ്ധരായ ഏവരും തിരിച്ചറിയുന്നുണ്ടെന്ന വസ്തുത നിങ്ങൾ മറന്നുപോകരുത്. നിങ്ങൾ വയ്ക്കുന്ന റീത്തുകൾ നിങ്ങളിലേക്ക് തന്നെ തിരികെ വരാതിരിക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

നമ്മുടെ കർത്താവിന്റെ മനുഷ്യാവതാര വ്യാപാരത്തിന്റെ ആരംഭകാലമാകുന്ന അറിയിപ്പു കാലത്തിലേക്ക് ശുദ്ധീകരിക്കപ്പെട്ട് ഒരുക്കപ്പെട്ടവരായി വിശുദ്ധിയിൽ വളരുവാൻ 'ഹൂദോസ് ഈത്തോ' പെരുന്നാളിലൂടെ പ്രതിഷ്ഠിക്കപ്പെടുവാൻ ദൈവം നമ്മെ സഹായിക്കട്ടെ! ❑



**റിട്ട.ജസ്റ്റിസ് കെ.ടി.തോമസ് അധ്യക്ഷനായ നിയമ പരിഷ്ക്കരണ കമ്മീഷൻ കേരള സർക്കാരിന് സമർപ്പിച്ച ശുപാർശയെ സംബന്ധിച്ച് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മാധ്യമ വിഭാഗം അധ്യക്ഷൻ ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസുമായി അഡ്വ. ഗിൽബർട്ട് ചീരൻ നടത്തിയ അഭിമുഖം.**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

# പ്രതിസന്ധികളിലെ പ്രകാശഗോപുരം

■ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ വിടവാങ്ങിയിട്ട് കാൽ നൂറ്റാണ്ട്

**പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ**

തികഞ്ഞ സ്നേഹാദരത്തോടെ മലങ്കര സഭ എക്കാലവും ഓർമിക്കുന്ന നാമമാണ് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായുടേത്. പ്രതിബന്ധങ്ങളിലും പ്രതിസന്ധികളിലും പ്രകാശഗോപുരങ്ങളെപ്പോലെ വർത്തിച്ച സഭാപിതാക്കന്മാരുടെ ഗണത്തിലേക്ക് സ്വന്തം പ്രകാശവുമായി കടന്നുവന്ന സഭയുടെ പൗരുഷം എന്നാണ് ഡോ. സാമുവൽ ചന്ദനപ്പള്ളി പരിശുദ്ധ പിതാവിനെ വിശേഷിപ്പിച്ചിട്ടുള്ളത്.

ഉദാത്ത സ്വപ്നങ്ങൾ കാണുകയും അവ സാക്ഷാത്കരിക്കുവാൻ അക്ഷീണം പരിശ്രമിക്കുകയും ചെയ്ത പരിശുദ്ധ പിതാവ് ആത്മ വിമർശനത്തിന്റെ ജാലകങ്ങൾ തുറന്നിട്ടു കൊണ്ടാണ് സഭയെക്കുറിച്ചുള്ള ദർശനം കണ്ടത്. ക്രിസ്തുമതത്തെ മറ്റു മതസ്ഥരുടെ മുൻപാകെ അവഹേളനമാക്കിത്തീർത്തിട്ടുള്ളത് നമ്മുടെ അക്രൈസ്തവ ജീവിതമാകുന്നു എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ട്. വിനീതനായ നസ്രായന്റെയും തന്റെ ശിഷ്യന്മാരുടെയും ആദർശങ്ങൾ നമ്മുടെ ജീവിതത്തിന്റെ പ്രകാശമായിരിക്കണം എന്നും ആ പിതാവ് നിഷ്കർഷിച്ചിരുന്നു.

ക്രിസ്തുവിന്റെ മനുഷ്യാവതാരം മൂലം സാധിക്കേണ്ടത് ദൈവത്തിന്റെ മഹത്വവും ഭൂമിയിൽ സമാധാനവും സന്തുഷ്ടിയുമത്രേ. മനുഷ്യ മനസ്സിനെ അലട്ടുന്ന അസമത്വം, സാമ്പത്തിക പ്രശ്നങ്ങൾ മുതലായവയ്ക്ക് മറുപടി കൊടുക്കാതെ കണ്ണുംപൂട്ടിയിരിക്കുവാൻ ഒരു സഭയ്ക്കും സാധ്യമല്ല എന്ന പരിശുദ്ധ പിതാവിന്റെ വാക്കുകൾ ഇന്നും എത്രയധികം ശക്തവും പ്രസക്തവുമാണ്.



പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ

തന്നിൽ ഭാരമേൽപിക്കപ്പെട്ട എല്ലാ ഉത്തരവാദിത്തങ്ങളും വിശ്വസ്തതയോടും പരമാർഥതയോടും പൂർത്തീകരിച്ച സമുന്നത വ്യക്തിത്വമാണ് പരിശുദ്ധ മാത്യൂസ് പ്രഥമൻ ബാവായുടേത്. പരിശുദ്ധാത്മാവിന്റെ വരപ്രസാദം കൊണ്ടു മാത്രമാണ് അവയെല്ലാം സാധ്യമായതെന്ന് താഴ്മയോടെ അദ്ദേഹം അനുസ്മരിച്ചിരുന്നു.

സഭയുടെ കാനോൻ, വിശുദ്ധ കൂദാശകൾ എന്നിവയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ ആധികാരികങ്ങളായിരുന്നു. വൈദിക സെമിനാരി പ്രിൻസിപ്പൽ ആയിരുന്ന കാലത്തും പിന്നീടും അച്ചടക്കത്തിനും ആത്മവിശുദ്ധിക്കും പ്രാധാന്യം നൽകുന്ന വൈദിക വിദ്യാഭ്യാസത്തിനാണ് അദ്ദേഹം ഊന്നൽ നൽകിയത്.

സഭയുടെ സ്വാതന്ത്ര്യത്തെ കണ്ണിലെ കൃഷ്ണമണി പോലെ സംരക്ഷിക്കും എന്ന പ്രഖ്യാപനത്തോടെ മലങ്കര സഭയുടെ പരമാധ്യക്ഷ പദവിയിലേക്കു പ്രവേശിച്ച പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായുടെ സ്മരണകൾ എന്നാളും നമുക്ക് കരുത്തും പ്രചോദനവുമാണ്.

## പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ

കോട്ടയം വട്ടക്കുന്നേൽ കുര്യൻ കത്തനാരുടെയും മറിയാമ്മയുടെയും മകനായി 1907 മാർച്ച് 21-നു ജനിച്ചു. എം.ഡി. സെമിനാരി, സി.എം.എസ്. കോളേജ്, തിരുവനന്തപുരം മഹാരാജാസ് കോളേജ്, കൽക്കട്ടാ ബിഷപ്സ് കോളേജ് എന്നിവിടങ്ങളിൽ പഠിച്ച് ബി.എ., ബി.ഡി. ബിരുദങ്ങൾ സമ്പാദിച്ചു. ചെറിയമഠത്തിൽ സ്കറിയ മല്പാനിൽ നിന്നു സുറിയാനി ഭാഷ പഠിച്ചു. സഭാചരിത്രവും വേദശാസ്ത്രവും അഭ്യസിച്ചു. 37-ാം വയസ്സിൽ 1944-ൽ മലങ്കരസഭാ മാനേജിംഗ് കമ്മറ്റിയിലംഗമായി. അവൈദികനായിരിക്കെ വൈദികസെമിനാരിയിൽ അദ്ധ്യാപകവൃത്തി സ്വീകരിച്ചു. മാർത്തോമ്മാ സഭയിലെ ദാനിയേൽ കേസിലും കോട്ടയം ജില്ലാക്കോടതി സ്പെഷ്യൽ ബഞ്ചിൽ നടന്ന സമുദായക്കേസിലും കാനോൻ വിദഗ്ദ്ധസാക്ഷി എന്ന നിലയിൽ മൊഴികൊടുത്ത വി.കെ. മാത്യൂസിന് അഭിനന്ദനസൂചകമായി പ. ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഒരു സ്വർണ്ണമെഡൽ സമ്മാനിച്ചു. 1945-ൽ പഴയസെമിനാരിയിൽ വച്ച് ശെമ്മാശ്ശപട്ടവും, അതിനടുത്ത ദിവസം ഏലിയാ ചാപ്പലിൽ വച്ച് പൂർണ്ണ ശെമ്മാശപട്ടവും, 1946 ഒക്ടോബർ 27-ാം തീയതി കശീശ്ശാപട്ടവും ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ നൽകി. പ്രായത്തിൽ കവിഞ്ഞ പക്വതയും ദർശനവിശേഷങ്ങളും സ്വായത്തമാക്കിയിരുന്ന ഫാ. വി. കെ. മാത്യൂസിനെ 1951-ൽ ഓർത്തഡോക്സ് വൈദികസെമിനാരിയുടെ പ്രിൻസിപ്പലായി നിയമിച്ചു. വൈദികസെമിനാരിയുടെ അന്തസ്സും ആഭിജാത്യവും അരക്കിട്ടുറപ്പിക്കുവാൻ അദ്ദേഹത്തിന്റെ പ്രവാചകപ്രതിഭയ്ക്കു കഴിഞ്ഞു. 1951 സെപ്റ്റംബർ 21-ന് റമ്പാൻ സ്ഥാനമേറ്റു. സുറിയാനി ക്രമങ്ങളിലെ പദ്യങ്ങൾ അതേ രാഗങ്ങളിൽ പാടുവാൻ സാധിക്കത്തക്കവണ്ണം ഭാഷാന്തരം ചെയ്യുന്നതിന് നേതൃത്വം നൽകി. വെണ്ണിക്കുളം സി. പി. ചാണ്ടിയുടെ (സഭാകവി) കവിതാരചനയിലുള്ള ചാതുര്യത്തെ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തിക്കൊണ്ട് 1949-ൽ അദ്ദേഹം ശ്ഹീമാ നമസ്കാരത്തിലെ ബുധനാഴ്ചയുടെ പ്രാർത്ഥന (സ്ലീബാ നമസ്കാരം എന്ന പേരിൽ അറിയപ്പെടുന്നത്) പദ്യരൂപത്തിൽ പ്രസിദ്ധപ്പെടുത്തി. തുടർന്ന് ഇരുവരും ചേർന്നു ദുഃഖവെള്ളിയാഴ്ച നമസ്കാരവും വി. കുർബ്ബാന ക്രമത്തിലെ പ്രത്യേക പെരുന്നാളുകൾക്കുള്ള ഗീതങ്ങളും പദ്യരൂപത്തിൽ മലയാളത്തിലേക്കു ഭാഷാന്തരം ചെയ്തു. 1951 മെയ് 17-ന് കോട്ടയം എം.ഡി. സെമിനാരിയിൽ കൂടിയ മലങ്കര അസ്സോസിയേഷൻ ഫാ. വി. കെ. മാത്യൂസിനെ മേൽപ്പട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുത്തു.

1953 മെയ് 15-ാം തീയതി മാർ

അത്താനാസ്യോസ് എന്ന പേരിൽ കോട്ടയം മാർ ഏലിയാ ചാപ്പലിൽ വച്ച് മെത്രാപ്പോലീത്തായായി അഭിഷിക്തനായി. 1960-ൽ ബാഹ്യകേരള ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തയായിത്തീർന്നു. മദ്രാസ്, ബോംബെ, ഡൽഹി, കൽക്കട്ട, അമേരിക്ക എന്നി അഞ്ചു ഭദ്രാസനങ്ങളുടെ ആധാരശില പാകിയത് ഈ മെത്രാപ്പോലീത്തായാണ്. മലങ്കരസഭാ വർക്കിംഗ് കമ്മറ്റി ഉപാദ്ധ്യക്ഷൻ, കാതോലിക്കേറ്റ് സ്കൂൾ ബോർഡ് പ്രസിഡന്റ്, എപ്പിസ്കോപ്പൽ കൗൺസിൽ അംഗം എന്നീ നിലകളിൽ പ്രശംസാർഹമായ സേവനങ്ങൾ നിർവ്വഹിച്ചു. സഭാ സമാധാനത്തിനുശേഷം (1958) ചേർന്നിട്ടുള്ള സുപ്രധാനങ്ങളായ എപ്പിസ്കോപ്പൽ സുന്നഹദോസുകളുടെയും അസോസിയേഷൻ യോഗങ്ങളുടെയും മാനേജിംഗ് കമ്മറ്റികളുടെയും നടത്തിപ്പിൽ പ. കാതോലിക്കാബാവായുടെ നിർദ്ദേശാനുസരണം നേതൃത്വം നൽകിയിട്ടുണ്ട്. 1958-ൽ സിംഗപ്പൂർ, മലയാ എന്നിവിടങ്ങളിൽ പര്യടനം നടത്തി.

1963-ൽ മോസ്കോയിൽ നടന്ന റഷ്യൻ ഓർത്തഡോക്സ് പാത്രിയർക്കീസ് അലക്സിസിന്റെ സ്ഥാനാഭിഷേക കനകജൂബിലി ആഘോഷത്തിൽ മലങ്കര സഭയുടെ പ്രതിനിധിയായി സംബന്ധിച്ചു. ആരാധനാ പരിഷ്കരണത്തിൽ ഉത്സുകനായ അദ്ദേഹം കുർബാന തക്സാ ഇംഗ്ലീഷിൽ തർജ്ജമ ചെയ്തു പ്രസിദ്ധപ്പെടുത്തുകയും ഒരു മെത്രാപ്പോലീത്താ എന്ന നിലയിൽ സഭയുടെ ചരിത്രത്തിൽ ആദ്യമായി ഇംഗ്ലീഷിൽ വി. കുർബാന ചൊല്ലുകയും ചെയ്തു. സഭ, കൂദാശകൾ, മുതലായവയെക്കുറിച്ച് ഗ്രന്ഥങ്ങളും ലേഖനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ദൈവശാസ്ത്രരംഗത്തെ പ്രശസ്ത സേവനത്തെ മുൻ നിർത്തി 1973-ൽ സെറാംപൂർ സർവ്വകലാശാല ഡോക്ടറേറ്റ് നൽകി. 1970 ഡിസംബർ 31-ന് കോട്ടയം എം.ഡി.സെമിനാരിയിൽ ചേർന്ന മലങ്കര അസ്സോസിയേഷൻ പ. കാതോലിക്കാബാവയുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി അദ്ദേഹത്തെ തെരഞ്ഞെടുത്തു. 1975 സെപ്റ്റംബർ 24-ന് മലങ്കര മെത്രാപ്പോലീത്താ സ്ഥാനം സ്വീകരിച്ചു. 1975 ഒക്ടോബർ 27-ന് പൗരസ്ത്യ കാതോലിക്കായായി സ്ഥാനാരോഹണം ചെയ്തു.

'സഭയുടെ സ്വാതന്ത്ര്യം കണ്ണിലെ കൃഷ്ണമണിപോലെ സൂക്ഷിക്കും' എന്ന പ്രഖ്യാപനത്തോടെ സഭാമേലദ്ധ്യക്ഷ പദവിയിലേക്കു പ്രവേശിച്ച മാർ ബസ്സേലിയോസ്സ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ അത് സഫലവും സ്വാർത്ഥകവുമാക്കി. ബാവാ തിരുമേനി മുൻഗാമികളായ കാതോലിക്കാമാരുടെ കബറിടങ്ങൾ പുതുക്കിപ്പണിത്, ആത്മീയ തീർത്ഥാടനകേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്തി.

അദ്ദേഹം റഷ്യ, റുമേനിയ, അർമീനിയ, ബൾഗേറിയ എന്നിവിടങ്ങളിലെ സഹോദരിസഭകൾ സന്ദർശിച്ച്, ക്രിസ്തുവിൽ തങ്ങൾ ഒന്നാണെന്ന ബോധം





ഊട്ടി ഉറപ്പിച്ചു. റഷ്യൻ പാത്രിയർക്കീസ് സഭയുടെ പരമോന്നത ബഹുമതിയായ 'ഓർഡർ ഓഫ് സെന്റ് വ്ളാഡിമർ' പദവിയും ലെനിൻഗ്രാഡ് യൂണിവേഴ്സിറ്റി 'ഫെലോ' സ്ഥാനവും നൽകി ബാവാ തിരുമേനിയെ അംഗീകരിച്ചാദരിച്ചു. മോസ്കോയിൽ നടന്ന നിരായുധീകരണ സമ്മേളനത്തിന്റെ അദ്ധ്യക്ഷൻ, അവിടെവച്ച് 1981-ൽ നടന്ന സർവ്വമതസമ്മേളനത്തിന്റെ രക്ഷാധികാരി എന്നീ നിലകളിൽ പങ്കെടുത്തു. റോം, അമേരിക്ക തുടങ്ങിയ ക്രൈസ്തവ കേന്ദ്രങ്ങൾ സന്ദർശിച്ച അദ്ദേഹം കത്തോലിക്കാ ഓർത്തഡോക്സ് സഭകളുടെ 'ഡയലോഗി'നു വേദിയൊരുക്കി. മാർപ്പാപ്പായും ബാവാതിരുമേനിയും തമ്മിൽ റോമിലും കോട്ടയത്തും വച്ചു നടന്ന കൂടിക്കാഴ്ചകൾ ക്രൈസ്തവ സഭാചരിത്രത്തിലെ സുവർണാദ്ധ്യായങ്ങളായിത്തീർന്നു.

എപ്പിസ്കോപ്പൽ സുന്നഹദോസ് ക്രമമായി വർഷത്തിൽ രണ്ടുതവണ സമ്മേളിക്കുന്ന സംവിധാനമുണ്ടാക്കി. ആന്ധ്രാ, ഭോപ്പാൽ, ആഫ്രിക്ക എന്നിവിടങ്ങളിൽ ദുരിതാശ്വാസമെത്തിക്കുവാൻ സഭയ്ക്കു നേതൃത്വം നൽകി. ഓർത്തഡോക്സ് സഭാ മിഷൻ ബോർഡ്, ആന്ധ്രായിലെ യാച്ചാരം ബാലഗ്രാം, തിരുവനന്തപുരം കാരുണ്യാ ഗൈഡൻസ് സെന്റർ എന്നിവ സമാരംഭിക്കപ്പെട്ടു. ഭദ്രാസനങ്ങൾ പുനർ വിഭജനം നടത്തി എക്യൂമെനിക്കൽ രംഗത്തു മികച്ച നേട്ടങ്ങൾ സഭ കൈവരിച്ചു. എൻ.സി.സി., കെ.സി.സി., എന്നീ സംഘടനകളിൽ സഭ അംഗത്വമെടുത്തു. നിലയ്ക്കലിൽ എക്യുമെനിക്കൽ ക്രൈസ്തവകേന്ദ്രം സ്ഥാപിക്കുവാൻ ബാവാ തിരുമേനിയും നിയുക്ത കാതോലിക്കായും സുപ്രധാന പങ്കുവഹിച്ചു. വൈദികസെമിനാരിയുടെ നേതൃത്വത്തിലുള്ള 'ദിവ്യബോധനം', 'തിരുവചനഭാഷ്യം' പഠനക്കളരികൾ ബാവാതിരുമേനിയുടെ അനുഗ്രഹാശിസുകളോടെ ആരംഭിച്ചതാണ്. ഇംഗ്ലീഷ്, ഹിന്ദി, തമിഴ് തുടങ്ങിയ ഭാഷകളിലേക്ക് ആരാധനാക്രമങ്ങൾ പരിഭാഷപ്പെടുത്തുവാൻ കഴിഞ്ഞു. മലങ്കര ഓർത്തഡോക്സ് സഭാ പ്രസിദ്ധീകരണവിഭാഗം ആരംഭിച്ചു. പരുമല സെമിനാരിയോടനുബന്ധിച്ച് ധ്യാനമന്ദിരവും ഓഡിറ്റോറിയവും സ്ഥാപിതമായി. 10 മെത്രാപ്പോലീത്താമാരെ അഭിഷേകം ചെയ്തു. 1977-ൽ പഴയസെമിനാരിയിൽ വച്ചും 1988-ൽ ദേവലോകത്തുവച്ചും വി. മൂറോൻ കൂദാശ നടത്തി.

ശാരീരികാസ്വാസ്ഥ്യത്തെ തുടർന്ന് 1991 ഏപ്രിൽ 27-ന് അദ്ദേഹം സ്ഥാനത്യാഗം ചെയ്തു. പിൻഗാമിയെ ചുമതലകൾ ഏൽപ്പിച്ചശേഷം ദേവലോകം അരമനയിൽ വിശ്രമിച്ചു. 1996 നവംബർ 8-ന് കാലം ചെയ്തു. ദേവലോകം കാതോലിക്കേറ്റ് അരമനയിൽ അന്ത്യവിശ്രമംകൊള്ളുന്നു. ❑

ചരിത്രരേഖകൾ

# മലങ്കര ഓർത്തഡോക്സ് സഭ: സുന്നഹദോസ് നിശ്ചയങ്ങൾ

## 2018 ഫെബ്രുവരി സുന്നഹദോസ്

**ഒരേ ആരാധനാ സമൂഹമാകാം: ഓർത്തഡോക്സ് സിനഡ്**

കോട്ടയം: സ്പർധയും വിദ്വേഷവും വെടിഞ്ഞ് എല്ലാവരും ഒരു ആരാധന സമൂഹമാകുന്നതിനു മലങ്കരസഭ കാത്തിരിക്കുകയാണെന്നും ഈ ലക്ഷ്യത്തെ പ്രതികൂലമായി ബാധിക്കുന്ന ഒരു നടപടിയും മലങ്കര സഭാംഗങ്ങളുടെ ഭാഗത്തു നിന്ന് ഉണ്ടാകരുതെന്നും ഓർത്തഡോക്സ് സഭാ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അംഗീകരിച്ച പ്രമേയത്തിൽ ആഹ്വാനം ചെയ്തു.

1934-ലെ സഭാ ഭരണഘടനയുടെയും 2017 ജൂലൈ മൂന്നിലെ സുപ്രീം കോടതി വിധിയുടെയും അടിസ്ഥാനത്തിലായിരി ക്കണം സമാധാനം കൈവരിക്കേണ്ടത്.

ഇവ അംഗീകരിക്കുന്ന ഇടവകജനങ്ങളിൽ ആർക്കും ഇടവകയിൽ ഒരു തരത്തിലുള്ള ബുദ്ധിമുട്ടും തടസവും ഉണ്ടാകില്ലെന്നും സുന്നഹദോസ് വ്യക്തമാക്കി. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ അധ്യക്ഷത വഹിച്ചു.

**നവംബറിലെ ആദ്യ ഞായർ സ്നേഹസ്പർശം കാൻസർ സാന്ത്വന പരിപാലനദിനമായി ആചരിക്കും**

കോട്ടയം: വർഷംതോറും നവംബർ ആദ്യ ഞായർ സ്നേഹസ്പർശം കാൻസർ സാന്ത്വന പരിപാലന ദിനമായി ആചരിക്കാൻ ഓർത്തഡോക്സ് സഭ സുന്നഹദോസ് തീരുമാനിച്ചു. ഡോ. സഖറിയാ മാർ തെയോഫിലോസിന്റെ ദേഹവിയോഗത്തിൽ യോഗം അനുശോചിച്ചു. ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഡോ. യൂഹാനോൻ മാർ ദിമെത്രയോസ്, ഡോ. യൂഹാനോൻ മാർ തേവോദോറോസ്, യാക്കോബ് മാർ ഏലിയാസ്, ഡോ. ജോഷ്വാ മാർ നിക്കോദീമോസ് എന്നിവർ ധ്യാനം നയിച്ചു.

സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് അവതരിപ്പിച്ച റിപ്പോർട്ട് യോഗം അംഗീകരിച്ചു. ഫാ. എം. സി. കുറിയാക്കോസ്, ഫാ. എം. സി. പൗലോസ്, ഫാ. ഡോ. ഒ. തോമസ്, ഫാ. ഡോ. ബിജേഷ് ഫിലിപ്പ്, സഖറിയാസ് മാർ നിക്കോളാവോസ്, യൂഹാനോൻ മാർ മിലിത്തിയോസ്, കെ. ടി. ചാക്കോ, ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്, ഡോ. യൂഹാനോൻ മാർ ദിമെത്രയോസ്, ഫാ. ഏബ്രഹാം തോമസ് എന്നിവർ വിവിധ റിപ്പോർട്ടുകൾ അവതരിപ്പിച്ചു.

ബോർഡ് ഓഫ് ചർച്ച് വേൾഡ് സർവ്വീസ് അംഗമായ സഖറിയാസ് മാർ നിക്കോളാവോസിനെയും, ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ കേരള ഓക്സിലിയറി പ്രസിഡന്റായ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസിനെയും അനുമോദിച്ചു.




ദിവ്യബോധനം പ്രസിഡന്റായി ഡോ. മാത്യൂസ് മാർ സേവേറിയോസ്, അഖില കേരള ശുശ്രൂഷക സംഘം പ്രസിഡന്റായി അലക്സിയോസ് മാർ യൗസേബിയോസ് എന്നിവരെ തിരഞ്ഞെടുത്തു. തടാകം ക്രിസ്തുശിഷ്യ ആശ്രമത്തിലെ വിസിറ്റിങ് ബിഷപ്പായി ഗീവർഗീസ് മാർ കൂറിലോസിനെ നിയമിച്ചു.

അത്മായ നേതൃത്വ പരിശീലനം, ആധ്യാത്മിക പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഡോ. തോമസ് മാർ അത്താനാസിയോസ്, ഡോ. യാക്കോബ് മാർ ഐറേനിയോസ് എന്നിവർ അധ്യക്ഷന്മാരായി സമിതികളെ ചുമതലപ്പെടുത്തി.

### സാമൂഹ്യ തിന്മകൾക്കെതിരെ ജാഗ്രത ഉള്ളവർ ആയിരിക്കണം: പ. കാതോലിക്കാ ബാവാ

സാമൂഹ്യ തിന്മകൾക്കെതിരെ ദൈവീകമായി പ്രതികരിക്കുകയും ജാഗ്രത പാലിക്കുകയും ചെയ്യണമെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ. മാർച്ച് 23-ാം തീയതി നടക്കുന്ന വി.മൂറോൻ കൂദാശയ്ക്കായി സഭ മുഴുവനും ഈ വലിയ നോമ്പിൽ ഉപവാസത്തോടും വ്രതാനുഷ്ഠാനങ്ങളോടും പ്രാർത്ഥനയോടും കൂടി പ്രത്യേകം ഒരുങ്ങണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.

കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നടക്കുന്ന മലങ്കര ഓർത്തഡോക്സ് സഭാ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച് പ്രസംഗിക്കുകയായിരുന്നു കാതോലിക്കാ ബാവാ. ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ, യൂഹാനോൻ മാർ ദിമിത്രീയോസ് മെത്രാപ്പോലീത്താ എന്നിവർ ധ്യാനം നയിച്ചു.

സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ് മെത്രാപ്പോലീത്താ റിപ്പോർട്ട് സമർപ്പിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ സഭാ തലത്തിലും, ഭദ്രാസന തലത്തിലും നടക്കുന്ന മിഷൻ പ്രവർത്തനങ്ങൾ, വൈദീക സെമിനാരികൾ, ആദ്ധ്യാത്മീക സംഘടനകൾ, സന്യാസ പ്രസ്ഥാനങ്ങൾ, ആശുപത്രികൾ എന്നിവയുടെ പ്രവർത്തന റിപ്പോർട്ട് ചർച്ച ചെയ്യും. സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരും പങ്കെടുക്കുന്ന സുന്നഹദോസ് യോഗം 23 വെള്ളിയാഴ്ച്ച സമാപിക്കും.

### മലങ്കരസഭാ സമാധാനത്തിന് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ആഹ്വാനം

ഒന്നാം നൂറ്റാണ്ടിൽ തന്നെ പരിശുദ്ധ തോമാ ശ്ലീഹായാൽ സ്ഥാപിതമായ മലങ്കരസഭ അതിന്റെ ചരിത്രത്തിൽ പല വെല്ലുവിളികളും വിഭജനങ്ങളും നേരിട്ടിട്ടുണ്ട്. എന്നാൽ സഭയെ ഏറ്റവും വേദനിപ്പിച്ചത് ഒരേ പാരമ്പര്യവും, പൈതൃകവും, വിശ്വാസവും, ദൈവശാസ്ത്രവും ഉള്ള സഭയിലെ വിഭാഗീയതയാണ്. ഇത് സംബന്ധിച്ച് രണ്ട് വിഭാഗവും നീതിനിർവ്വഹണത്തിനായി ഭാരതത്തിന്റെ നീതിവ്യവസ്ഥയെ സമീപിച്ചു. പല വർഷങ്ങളും ഘട്ടങ്ങളും കടന്ന് 1995 ജൂൺ 20-ാം തീയതി ബഹു. സുപ്രീംകോടതി ഈ സഭ ഒന്നാണ് എന്നും അത് 1934 -ലെ ഭരണഘടനപ്രകാരം കാര്യനിർവ്വഹണം നടത്തേണ്ട സമൂഹമാണ് എന്നും അതിൻപ്രകാരം ഭരണഘടന നിർദ്ദേശിക്കുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ചേർന്ന് തുടർ കാര്യങ്ങൾ തീരുമാനിക്കണം എന്നും ഉത്തരവായി. അസോസിയേഷൻ യോഗം നീതിപൂർവ്വം നിർവ്വഹിക്കപ്പെടുന്നതിന് മേൽനോട്ടം വഹിക്കുവാനായി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നിന്നും

നിയമിതനായ ജസ്റ്റിസ് മളീമഠിന്റെ നിരീക്ഷണത്തിൽ ഇരുവിഭാഗവും സംയുക്തമായി 2002 മാർച്ച് 20-ാം തീയതി പരുമല സെമിനാരിയിൽ വച്ച് മലങ്കര അസോസിയേഷൻ യോഗം ചേർന്നു. എന്നാൽ മുൻ പാത്രിയർക്കീസ് കക്ഷിയിലെ ഒരു വിഭാഗം സമാന്തരമായി യോഗം ചേർന്ന് യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയ്ക്ക് രൂപംനൽകി പ്രവർത്തിച്ചു വന്നു. ഇതു മൂലം വ്യവഹാരങ്ങൾ തുടരുകയും പലയിടത്തും പുതിയ അസ്വസ്ഥതകൾ ഉടലെടുക്കുകയും ചെയ്തു. കോടതിവിധി അവഗണിച്ച് 2002-ൽ രൂപീകരിക്കപ്പെട്ട ടി സമൂഹം തങ്ങൾ ഉന്നയിച്ച അവകാശങ്ങൾ നേടിയെടുക്കുവാനായി നീതിന്യായ കോടതികളെ സമീപിച്ചു. എന്നാൽ മലങ്കരസഭയിലെ എല്ലാ പള്ളികളും സ്വത്തുക്കളും 1934-ൽ പ്രാബല്യത്തിൽ വന്നതും കാലാകാലങ്ങളിൽ ഭേദഗതി വരുത്തി ഇന്ന് നിലവിലിരിക്കുന്നതുമായ മലങ്കരസഭാ ഭരണഘടന അനുസരിച്ചു മാത്രം ഭരിക്കപ്പെടണമെന്നും, 2002-ൽ നിയമവിരുദ്ധമായി രൂപീകരിക്കപ്പെട്ട സമാന്തരസമൂഹത്തിന് യാതൊരു അധികാരാവകാശങ്ങളും ഇല്ല എന്നും ഒരു പള്ളിയിലും സമാന്തര ഭരണം നടത്തപ്പെടുവാൻ പാടില്ല എന്നും ബഹുമാനപ്പെട്ട സുപ്രീംകോടതി തീരുമാനിച്ചു.

ഈ ഉത്തരവ് 2017 ജൂലൈ മാസം 3-ാം തീയതി ലഭിച്ചത്, ആ ദിനത്തിൽ സ്മരിക്കപ്പെടുന്ന മലങ്കരസഭയുടെ അപ്പോസ്തോലനായ പരിശുദ്ധ തോമാ ശ്ലീഹാ സഭയുടെ ഭാവി സംബന്ധിച്ച് ദൈവസന്നിധിയിൽ സമർപ്പിച്ച മദ്ധ്യസ്ഥതയുടെ ഫലമായിട്ടാണെന്ന് പരിശുദ്ധ സുന്നഹദോസ് വിശ്വസിക്കുന്നു. ഇത് ഉൾക്കൊണ്ടുകൊണ്ട് 1934-ലെ സഭാ ഭരണഘടനപ്രകാരം തെരഞ്ഞെടുക്കപ്പെട്ട് വാഴിക്കപ്പെട്ട പരിശുദ്ധ കാതോലിക്കാ ബസേലിയോസ് മാർത്തോമ്മാ പൗലോസ് രണ്ടാമൻ ബാവാ തിരുമേനി സഭയ്ക്കായി നൽകിയ കൽപനയിലെ ആഹ്വാനം ഈ സുന്നഹദോസ് ആവർത്തിച്ച് രേഖപ്പെടുത്തുന്നു: "ബഹു. സുപ്രീംകോടതിയുടെ ഇപ്പോഴുണ്ടായ വിധിയുടെ അടിസ്ഥാനത്തിൽ മലങ്കര സഭാംഗങ്ങൾ ഏവരും ഒന്നായിത്തീരേണ്ടത് അങ്ങേയറ്റം ആവശ്യമാണ്. പരിശുദ്ധ സഭയുടെ മക്കൾ മുഴുവനും ഒരേ വിശ്വാസത്തിന്റെ പൈതൃകം പേറുന്ന കുടുംബാംഗങ്ങൾ തന്നെയാണ്. അതിനാൽ നാമെല്ലാവരും ഈ കോടതി വിധിയുടെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് ഏകവും വിശുദ്ധവുമായ സഭയുടെ മക്കളായി വർത്തിക്കണമെന്നും ബഹു. സുപ്രീംകോടതി ആവർത്തിച്ചുറപ്പിച്ചതായ സഭാ ഭരണഘടനയുടെ അടിസ്ഥാനത്തിൽ പരിശുദ്ധ സഭയിൽ ശാശ്വതസമാധാനം ഉണ്ടാകണമെന്നുമാണ് നമ്മുടെ ആഗ്രഹം. 'കലഹം പിശാചിന്റെ കൗശലമാണ്, സമാധാനം ദൈവത്തിന്റെ ദാനമാണ്'- ഈ വസ്തുത നാം ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. ദൈവികമായ സമാധാനം ഈ പരിശുദ്ധ സഭയിൽ പൂർണ്ണമായും നിലനിൽക്കുവാൻ ദൈവാശ്രയത്തോടും സമചിത്തതയോടുംകൂടെ ദൈവമുമ്പാകെ മുട്ടിപ്പായി പ്രാർത്ഥിക്കണം എന്ന് നാം നിങ്ങളെ പ്രത്യേകമായി ഓർമ്മിപ്പിക്കുന്നു. കേസും വഴക്കും സഭയുടെ സാക്ഷ്യത്തിനും പുരോഗതിക്കും എന്നും വിഘാതമാണ്. പ്രശ്നരഹിതമായ സാഹചര്യം സൃഷ്ടിച്ച് സഭാംഗങ്ങളുടെ ആത്മികവും ഭൗതികവുമായ പുരോഗതിക്കായി പദ്ധതികൾ ആവിഷ്കരിക്കുകയാണ് ഏറ്റവും കരണീയമെന്ന് നാം കരുതുന്നു. ആയതിനാൽ 'സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ' എന്ന ദൈവവചനം പ്രാവർത്തികമാക്കുവാനും സമാധാനം പുലരുവാനും നമുക്ക് പ്രാർത്ഥിക്കുകയും ദൈവാശ്രയത്തോടെ ഒത്തുചേർന്ന് പ്രവർത്തിക്കുകയും ചെയ്യാം. നാമേവരും മലങ്കര സഭയുടെ വിശ്വാസം പൂർണ്ണമായി പാലിക്കണമെന്നും ദൈവികമായ സമാധാനത്തിന്റെ ആത്മാവിൽ നിലകൊള്ളണമെന്നും നാം വീണ്ടും നിങ്ങളെ ഓർമ്മിപ്പിക്കുന്നു."

സ്പർദ്ധയും വിദ്വേഷവും വെടിഞ്ഞ് ഏക ആരാധക സമൂഹമായി ദൈവസന്നിധിയിൽ ഏവരും കൂടിവരുന്ന അനുഗൃഹീത മുഹൂർത്തത്തിനുവേണ്ടി മലങ്കരസഭ പ്രാർത്ഥനാപൂർവ്വം കാത്തിരിക്കുകയാണ്. ഈ ലക്ഷ്യത്തെ ദോഷമായി ബാധിക്കുന്ന യാതൊരു നടപടിയും മലങ്കരസഭാ വിശ്വാസികളുടെ ഭാഗത്തുനിന്നും ഉണ്ടാകുവാൻ പാടില്ല; അതേസമയം, നീതി നിർവ്വഹണം ഉണ്ടാകുന്നത് ഇനിയും വൈകിക്കൂടാ. സഭയിലെ ഐക്യവും സമാധാനവും സമ്പൂർണ്ണമാകുന്നതുവരെ വിശ്രമരഹിതമായി പ്രവർത്തിക്കാൻ സഭ പ്രതിജ്ഞാബദ്ധമാണ്. ആയതിനായി ഏവരുടെയും പ്രാർത്ഥനയും സഹായവും പങ്കാളിത്തവും ദൈവനാമത്തിൽ ഉണ്ടാകണം എന്ന് പരിശുദ്ധ സുന്നഹദോസ് ആഗ്രഹിക്കുന്നു.

ഈ സന്ദർഭത്തിൽ രണ്ട് കാര്യങ്ങൾ എടുത്തുപറയേണ്ടതായിട്ടുണ്ട്: ഒന്നാമത്, സഭയിലെ ഏത് വിഷയത്തിന്മേലുള്ള തീരുമാനവും 1934-ൽ പ്രാബല്യത്തിൽ വന്ന മലങ്കരസഭാ ഭരണഘടനയുടെയും, 2017 ജൂലൈ 3-ാം തീയതിയിലെ ബഹു. സുപ്രീംകോടതിയുടെ മേൽപറഞ്ഞ വിധിയുടെയും അടിസ്ഥാനത്തിലായിരിക്കും. രണ്ടാമത്, ഇതുമൂലം ഇവ രണ്ടും അംഗീകരിക്കുന്ന ഇടവകജനങ്ങൾക്ക് ഇടവകയിൽ യാതൊരു ബുദ്ധിമുട്ടും തടസ്സവും ഉണ്ടാവുകയില്ല എന്നത് സഭ ഉറപ്പാക്കുകയും ചെയ്യുന്നു.

*(2018 ഫെബ്രുവരിയിൽ കൂടിയ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ തീരുമാനപ്രകാരം പത്രങ്ങളിൽ നൽകിയ പരസ്യം)*

## 2018 ഓഗസ്റ്റ് സുന്നഹദോസ്

### ഓർത്തഡോക്സ് സഭ ഓഗസ്റ്റ് 12-നു ഞായറാഴ്ച ദുരിതാശ്വാസ ദിനം ആചരിക്കും

പേമാരിയും പ്രളയവും ഉരുൾപൊട്ടലും മൂലം ദുരിതമനുഭവിക്കുന്നവർക്ക് സഹായം എത്തിക്കുന്നതിന് ഓർത്തഡോക്സ് സഭ ഓഗസ്റ്റ് 12 ഞായർ ദുരിതാശ്വാസ ദിനം ആചരിക്കും. ആരാധനാലയങ്ങളിൽ പ്രത്യേക പ്രാർത്ഥന നടത്തും. ഇടവകകളും ആദ്ധ്യാത്മീക സംഘടനകളും, ആഹാരം, വസ്ത്രം, മരുന്ന് തുടങ്ങിയവ ശേഖരിച്ച് ദുരിതാശ്വാസ കേന്ദ്രങ്ങളിൽ വിതരണം ചെയ്യും. സഭാംഗങ്ങൾ കഴിവനുസരിച്ച് ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യണമെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പ്രത്യേക കല്പനയിലൂടെ അഭ്യർത്ഥിച്ചിട്ടുണ്ട്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് യോഗം സമാപിച്ചു. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിച്ചു. സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ് റിപ്പോർട്ട് അവതരിപ്പിച്ചു. ഡോ. സഖറിയാ മാർ അപ്രേം, യാക്കോബ് മാർ ഏലിയാസ്, ഡോ. ഏബ്രഹാം മാർ സെറാഫിം, ഡോ. ഗീവർഗീസ് മാർ യൂലിയോസ് എന്നിവർ ധ്യാനം നയിച്ചു. സഭയിലെ ആദ്ധ്യാത്മീക സംഘടനകളുടെ പ്രവർത്തനങ്ങളെ വിലയിരുത്തി പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് ഡോ. യാക്കോബ് മാർ ഐറേനിയോസ്, ഡോ. മാത്യൂസ് മാർ തീമോത്തിയോസ്, അലക്സിയോസ് മാർ യൗസേബിയോസ് എന്നിവർ അംഗങ്ങളായി സമിതി രൂപീകരിച്ചു. കോട്ടയം-നാഗ്പൂർ വൈദീക സെമിനാരികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഡോ. ഗബ്രീയേൽ മാർ ഗ്രീഗോറിയോസ്, യൂഹാനോൻ മാർ പോളിക്കർപ്പോസ്, ഡോ. യൂഹാനോൻ മാർ ദിമത്രിയോസ് എന്നിവർ അംഗങ്ങളായ കമ്മിറ്റി രൂപീകരിച്ചു. ഡിസാസ്റ്റർ മാനേജ്മെൻറ്, സഭയുടെ മിഷൻ പ്രവർത്തനങ്ങൾ, പരുമല സെമിനാരി, പരുമല ആശുപത്രി, മിഷൻ സെൻററുകൾ, കോട്ടയം-നാഗ്പൂർ വൈദീക സെമിനാരികൾ, എക്യൂമെനിക്കൽ ഡിപ്പാർട്ട്മെൻറ് എന്നിവയുടെ റിപ്പോർട്ടും കണക്കും ഡോ. ഗീവർഗീസ് മാർ യൂലിയോസ്, ഡോ. യൂഹാനോൻ മാർ തേവോദോറോസ്, ഫാ. എം.സി കുര്യാക്കോസ്, ഫാ.എം.സി പൗലോസ്, ഫാ. ഡോ. ഒ. തോമസ്, ഫാ. ഡോ. ബിജേഷ് ഫിലിപ്പ്, ഫാ. ഏബ്രഹാം തോമസ് എന്നിവർ അവതരിപ്പിച്ചു.

ഓർത്തഡോക്സ് സഭയെ അപകീർത്തിപ്പെടുത്തുന്നവിധത്തിൽ മന:പ്പൂർവ്വം വ്യാജവാർത്തകൾ പ്രസിദ്ധീകരിക്കുന്ന വാർത്താ മാധ്യമങ്ങളുടെ മാധ്യമ സംസ്ക്കാരത്തിന് ചേരാത്തതും അധാർമ്മീകവുമായ നിലപാടിൽ ഉത്കണ്ഠ രേഖപ്പെടുത്തി. കുറ്റാരോപിതരായ വൈദീകരുടെമേൽ അതാതു ഭദ്രാസന മെത്രാപ്പോലീത്താമാർ കൈക്കൊണ്ട നടപടികൾ യോഗം അംഗീകരിച്ചു. ഭദ്രാസനങ്ങളിൽ നിയോഗിച്ചിരിക്കുന്ന അന്വേഷണ കമ്മീഷനുകളുടെ പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കി ഉചിതമായ ശിക്ഷണ നടപടികൾ സ്വീകരിച്ച് പരിശുദ്ധ കാതോലിക്കാ ബാവായ്ക്ക് റിപ്പോർട്ട് സമർപ്പിക്കാൻ മെത്രാപ്പോലീത്താമാരോട് നിർദ്ദേശിച്ചു. വി. കുമ്പസാരം ഉൾപ്പെടെയുള്ള സഭയുടെ കൂദാശകളെ വികലമായി ചിത്രീകരിക്കുന്ന പ്രവണതകളെ യോഗം അപലപിച്ചു. വി. കൂദാശകളുടെ പവിത്രത കാത്തു സൂക്ഷിക്കുന്നതിനായുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തും. സഭയുടെ കാനോനുകളും ഭരണഘടനയും രാജ്യത്തെ നിയമങ്ങളും അടിസ്ഥാനമായി പുരോഹിതസ്ഥാനികൾക്കും സഭാസ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്നവർക്കുമായി പെരുമാറ്റ മാർഗ്ഗരേഖ കാലീകമായി പുതുക്കി തയ്യാറാക്കുന്നതിനും വൈദിക സ്ഥാനികളെയും സഭാ ശുശ്രൂഷകരെയും സംബന്ധിച്ചുണ്ടാകുന്ന പരാതികൾ പരിഗണിച്ച് ഉപദേശം നൽകുന്നതിനായി ധാർമ്മിക ഉപദേശക സമിതി

നിയമിക്കുവാൻ തീരുമാനിച്ചു. 2017 ജൂലൈ 3-ന് ഉണ്ടായ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ മലങ്കര സഭയിൽ ഐക്യവും സമാധാനവും കൈവരിക്കാനുള്ള ശ്രമങ്ങൾ തുടരും.

### ദുരിതാശ്വാസത്തിന് സഭാംഗങ്ങൾ മുന്നിട്ടിറങ്ങണം: ഓർത്തഡോക്സ് സിനഡ്

കോട്ടയം: പേമാരിയും പ്രളയവും ഉരുൾപൊട്ടലും മൂലം ദുരിതക്കെടുതിയിലായവർക്കു സഹായവും ആശ്വാസവും എത്തിക്കാൻ സഭാംഗങ്ങൾ മുന്നിട്ടിറങ്ങണമെന്നു മലങ്കര ഓർത്തഡോക്സ് സഭാ എപ്പിസ്കോപ്പൽ സുന്നഹദോസ് ആഹ്വാനം ചെയ്തു.

ദുരന്തബാധിത പ്രദേശങ്ങളിലുള്ള ഇടവകകളും ഭദ്രാസനങ്ങളും ആത്മീയ പ്രസ്ഥാനങ്ങളും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്നു പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ നിർദേശിച്ചു.

## 2019 ഫെബ്രുവരി സുന്നഹദോസ്

കോട്ടയം: ദേവലോകം അരമനയിൽ നടന്നു വന്ന മലങ്കര ഓർത്തഡോക്സ് സഭയുടെ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സമാപിച്ചു. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ആദ്ധ്യക്ഷം വഹിച്ചു. ഡോ. തോമസ് മാർ അത്താനാസ്യോസ്, യൂഹാനോൻ മാർ മിലിത്തോസ്, സഖറിയാ മാർ അന്തോണിയോസ്, ഡോ. മാത്യൂസ് മാർ സേവേറിയോസ് എന്നിവർ ധ്യാനം നയിച്ചു. ചെങ്ങന്നൂർ മെത്രാസനാധിപനായിരുന്ന തോമസ് മാർ അത്താനാസ്യോസ്, സഭയുടെ പി. ആർ ഒ. പ്രൊഫ. പി. സി. ഏലിയാസ് എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചിച്ചു. കാശ്മീരിലെ പുൽവാമയിൽ രാജ്യത്തിനുവേണ്ടി വീരമൃത്യുവരിച്ച ജവാൻമാരെ അനുസ്മരിക്കുകയും ഇന്ത്യ എന്ന മഹത്തായ ജനാധിപത്യ രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും സുസ്ഥിരമായ ഭാവിക്കും അവരുടെ ജീവത്യാഗം സഹായകമായി ഭവിക്കട്ടെ എന്ന് വിലയിരുത്തിക്കൊണ്ട് അവരുടെ വീരസ്മരണയിൽ ആദരാഞ്ജലി അർപ്പിക്കുകയും ചെയ്തു.

ചർച്ച് ആക്ട് സംബന്ധിച്ച് ഇതിനോടകം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള കരടിലെ നിർദ്ദേശങ്ങൾ കൃത്യമായ ഭരണഘടനപ്രകാരം സുതാര്യമായ സാമ്പത്തിക വിനിയോഗത്തോടും ഭരണഘടന വിഭാവന ചെയ്യുന്ന രാജ്യനിയമങ്ങളുടെ പിൻബലത്തോടുംകൂടി പ്രവർത്തിക്കുന്ന ക്രിസ്തീയ വിഭാഗങ്ങളുടെ സ്വാതന്ത്ര്യത്തിന്മേലുള്ള അനർഹമായ കടന്നുകയറ്റമായതിനാൽ അനുകൂലിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു. ഓർത്തഡോക്സ് സഭയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തി തുടർ പ്രവർത്തനങ്ങളെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിച്ചു. സഭയിലെ ബി-ഷെഡ്യൂളിൽപ്പെട്ട സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും ബജറ്റ് അംഗീകരിച്ചു.

കോട്ടയം വൈദിക സെമിനാരി പ്രിൻസിപ്പാളായി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ടിനെയും നാഗ്പൂർ സെന്റ് തോമസ് വൈദിക സെമിനാരി പ്രിൻസിപ്പാളായി ഫാ. ഡോ. ജോസി ജേക്കബിനെയും നിശ്ചയിച്ചു. ബസ്ക്യോമോ അസോസിയേഷൻ പ്രസിഡണ്ടായി ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായെ നിയമിച്ചു. പരുമല സെന്റ് ഗ്രീഗോറിയോസ് മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ, ഓർത്തഡോക്സ് വൈദിക സെമിനാരി, നാഗ്പൂർ സെന്റ് തോമസ് ഓർത്തഡോക്സ് വൈദിക സെമിനാരി, എക്യുമെനിക്കൽ റിലേഷൻസ് എന്നിവയുടെ റിപ്പോർട്ടുകൾ ചർച്ച ചെയ്ത് അംഗീകരിച്ചു.

മലങ്കര സഭയിലെ ശാശ്വത സമാധാനത്തിനായി നീതിന്യായ കോടതികളുടെ വിധികളിലൂടെ ലഭ്യമായിരിക്കുന്ന മാർഗ്ഗരേഖ പിന്തുടരുവാൻ തീരുമാനിച്ചു. ഭിലായ് സെന്റ് തോമസ് ആശ്രമം, സെന്റ് തോമസ് കോൺവെന്റ്, കുപ്പാടി ഗത്സിമോൻ കോൺവെന്റ് എന്നിവയുടെ നിയമാവലി അംഗീകരിച്ചു. സഭയിലെ വൈദിക സ്ഥാനികളുടെയും സഭാ സേവനം നടത്തുന്ന അത്മായ പ്രവർത്തകരുടെയും പെരുമാറ്റം സംബന്ധിച്ച മാർഗ്ഗരേഖ അംഗീകരിച്ചു. സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ റിപ്പോർട്ട് അവതരിപ്പിച്ചു.

## 2019 ഓഗസ്റ്റ് സുന്നഹദോസ്

ദേവലോകം: കാതോലിക്കേറ്റ് അരമനയിൽ 2019 ആഗസ്റ്റ് 05 മുതൽ 09 വരെ തീയതികളിൽ പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സമാപിച്ചു. സുന്നഹദോസിൽ സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരും സന്നിഹിതരായിരുന്നു. സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ് മെത്രാപ്പോലീത്താ റിപ്പോർട്ട് അവതരിപ്പിച്ചു.

ഗീവർഗീസ് മാർ കൂറിലോസ്, സഖറിയാ മാർ നിക്കോളവോസ്, ഡോ. യാക്കോബ് മാർ ഐറേനിയോസ്, ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് എന്നിവർ ധ്യാനം നയിച്ചു. മലങ്കരസഭയിൽ ശാശ്വത സമാധാനവും ഐക്യവും സംജാതമാവുക എന്ന ലക്ഷ്യത്തിൽ നീതിന്യായ കോടതികളിൽ നിന്നുണ്ടായിക്കൊണ്ടിരിക്കുന്ന വിധികൾ നടപ്പിലാക്കുവാനുള്ള നിയമാനുസൃത നടപടികൾ ക്രമാനുഗതമായി നടപ്പിലാക്കും. കേരളത്തിൽ ഇടയ്ക്കിടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ജലപ്രളയത്തിൽ ആശങ്ക രേഖപ്പെടുത്തുകയും ജലപ്രളയം മൂലം ദുരിതം അനുഭവിക്കുന്നവരുടെ ഇടയിലേക്ക് സഹായങ്ങൾ എത്തിക്കുവാൻ സഭയിലെ ആദ്ധ്യാത്മിക സംഘടനകളും പ്രത്യേകിച്ച് യുവജനപ്രസ്ഥാനവും മുൻകൈയ്യെടുക്കണമെന്ന് സുന്നഹദോസ് ആഹ്വാനം ചെയ്തു.

സഭാംഗങ്ങളുടെ ഇടയിൽ ആർഭാടരഹിത ജീവിതശൈലി പരിശീലിപ്പിക്കും. വിവാഹം, മാമ്മോദീസാ തുടങ്ങിയ കൂദാശകളോടു ചേർന്നുണ്ടാകുന്ന ആഘോഷങ്ങളിൽ ആർഭാടവും ധൂർത്തും ഒഴിവാക്കുവാനും ലളിത ശൈലികൾ പ്രായോഗികമാക്കുവാനും നിർദ്ദേശങ്ങൾ നൽകും. വിശ്വാസികളുടെ ഇടയിൽ മിതത്വ സംസ്ക്കാരം വ്യാപിപ്പിക്കുവാൻ സഭ മുൻകൈയെടുക്കും. ഭവനരഹിതരുടെ എണ്ണം വർദ്ധിക്കുന്നതോടൊപ്പം ആൾപാർപ്പില്ലാതെ ധാരാളം ഭവനങ്ങൾ ഒഴിഞ്ഞുകിടക്കുന്നു എന്ന സർവ്വേ ഫലങ്ങൾ പുറത്തുവന്നിരിക്കുന്ന സാഹചര്യത്തിൽ ഭവനനിർമ്മാണങ്ങളിൽ പാലിക്കേണ്ട മിതത്വത്തെ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം നൽകുകയും ഭവനരഹിതർക്ക് ഭവനം നിർമ്മിച്ചു കൊടുക്കുവാനുള്ള പദ്ധതികൾ ഓരോ ഇടവകയോടും ചേർന്ന് ആവിഷ്ക്കരിക്കുകയും ചെയ്യും. ദേവാലയങ്ങളുടെ നിർമ്മിതിയിലും പള്ളി ആഘോഷങ്ങളിലും മിതത്വം പാലിക്കാനുള്ള പദ്ധതികളും മെത്രാസനാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചു.

ജീവിതശൈലിരോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിലും പ്രകൃതി ചൂഷണത്തിന്റെയും അന്തരീക്ഷ മലിനീകരണത്തിന്റെയും ഫലമായുണ്ടാകുന്ന ദുരന്തങ്ങളുടെ സാഹചര്യത്തിലും പരിസ്ഥിതി സംരക്ഷണം, ഭക്ഷണ രീതികളിലുണ്ടാകേണ്ട മിതത്വം തുടങ്ങി വിവിധ വിഷയങ്ങളെക്കുറിച്ച് ഇടവകതലങ്ങളിൽ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കും. സാമൂഹ്യമാധ്യമങ്ങളുടെ ദുരുപയോഗം സംബന്ധിച്ചും അസത്യപ്രസ്താവനകളും വ്യാജസന്ദേശങ്ങളും മൂലം സമൂഹത്തിൽ ഉണ്ടാകുന്ന അച്ചടക്കരാഹിത്യം സംബന്ധിച്ചും ചർച്ച ചെയ്യുകയും നിയമപരമായി അവയെ നേരിടണമെന്ന് തീരുമാനിക്കുകയും ചെയ്തു.

പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 'കാതോലിക്കാ സ്ഥാനാരോഹണ നവതി' ആഘോഷങ്ങളുടെ ഉദ്ഘാടനം 2019 ആഗസ്റ്റ് മാസം 17 ശനിയാഴ്ച്ച കുണ്ടറയിലും സമാപനം 2020 ജനുവരി 2, 3 തീയതികളിൽ കോട്ടയത്തും നടത്തും. സഭയിലെ നവജ്യോതി മോംമ്സിന്റെ പ്രസിഡന്റായി അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായെ തെരഞ്ഞെടുത്തു.

സഭയുടെ മിഷൻ സൊസൈറ്റി, ആദ്ധ്യാത്മിക സംഘടനകൾ, എക്യുമെനിക്കൽ ഡിപ്പാർട്ട്മെന്റ്, വൈദിക സെമിനാരികൾ, പരുമല സെമിനാരി, പരുമല ആശുപത്രി തുടങ്ങിയ വിവിധ പ്രസ്ഥാനങ്ങളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളെ വിലയിരുത്തുകയും അവയുടെ പ്രവർത്തന റിപ്പോർട്ടുകൾ അംഗീകരിക്കുകയും ചെയ്തു. പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ നിയന്ത്രണത്തിലുള്ള ബി-ഷെഡ്യൂളിൽപ്പെട്ട സ്ഥാപനങ്ങളുടെ 2018-19 സാമ്പത്തിക വർഷത്തെ ആഡിറ്റു ചെയ്ത വരവു ചെലവു കണക്കുകൾ അംഗീകരിച്ചു. മുൻ കേന്ദ്ര വിദേശകാര്യമന്ത്രി സുഷമ സ്വരാജിന്റെ നിര്യാണത്തിൽ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അനുശോചനം രേഖപ്പെടുത്തി.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

## 2020 ഫെബ്രുവരി സുന്നഹദോസ്

## ഓർത്തഡോക്സ് സഭാ സുന്നഹദോസ് സമാപിച്ചു

കോട്ടയം: പ. കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നടന്ന മലങ്കര ഓർത്തഡോക്സ് സഭാ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സമാപിച്ചു. സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്ത റിപ്പോർട്ടുകൾ അവതരിപ്പിച്ചു.

സഭയെയും സമൂഹത്തെയും ബാധിക്കുന്ന ആനുകാലിക വിഷയങ്ങളെക്കുറിച്ച് വിവിധ തീരുമാനങ്ങൾ രൂപപ്പെടുത്തി. മാറുന്ന കാലത്തിലെ വിശ്വാസ പ്രതിസന്ധികളിൽ വൈദീകരും വിശ്വാസ സമൂഹവും ഒരുമിച്ച് മുന്നേറണമെന്ന് ആഹ്വാനം ചെയ്തു. യുവതി-യുവാക്കൾ ഉൾപ്പെടെയുള്ള എല്ലാ വിശ്വാസികളുടെയും ആരാധനാ പങ്കാളിത്തം ഉറപ്പാക്കുവാനുള്ള ഇടയ പരിപാലന കർമ്മ പദ്ധതികൾ നടപ്പിലാക്കും. കടുത്ത സാമ്പത്തിക മാന്ദ്യവും പ്രതിസന്ധിയും നേരിടുന്ന സാഹചര്യത്തിൽ സഭയിലും സമൂഹത്തിലും കർശനമായ സാമ്പത്തിക അച്ചടക്കത്തിനുള്ള മാർഗ്ഗരേഖ അടങ്ങുന്ന 'ലളിതം, സുന്ദരം' സഭയുടെ മാനവ വിഭവ ശേഷി വകുപ്പിന്റെ ചുമതലയിൽ നടപ്പാക്കുവാൻ നിശ്ചയിച്ചു.

സഭയിലെ വൈദികസ്ഥാനികളുടെയും മറ്റ് പ്രവർത്തകരുടെയും പെരുമാറ്റച്ചട്ടങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ അംഗീകരിച്ചു. വൈദീകരുടെയും പ്രധാന ശുശ്രൂഷകരുടെയും 2020-25 കാലയളവിലേയ്ക്കുള്ള ശമ്പള പദ്ധതി അംഗീകരിച്ചു. ആദ്ധ്യാത്മീക പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുവാൻ തീരുമാനിച്ചു. സഭയുടെ അവിഭാജ്യ ഘടകങ്ങളായ ഇടവകകൾക്കും പ്രസ്ഥാനങ്ങൾക്കും സ്ഥാപനങ്ങൾക്കും പ്രത്യേക പാൻകാർഡുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് ചർച്ചകൾ നടത്തി. വൈദീക സെമിനാരികൾ, പരുമല സെമിനാരി, പരുമല സെന്റ് ഗ്രീഗോറിയോസ് ഇന്റർനാഷണൽ കാൻസർ സെന്റർ തുടങ്ങിയ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളെ വിലയിരുത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. ബാഹ്യകേരള വൈദിക സംഘം സമർപ്പിച്ച നിർദ്ദേശങ്ങൾ പഠിക്കുവാൻ സമിതിയെ നിയോഗിച്ചു. ഓതറ സെന്റ് ജോർജ്ജ് ദയറാ, മലങ്കരസഭാ മാസിക, മുംബൈ ഗ്രീഗോറിയൻ കമ്മ്യൂണിറ്റി എന്നിവയുടെ ഭേദഗതി ചെയ്ത നിയമാവലികൾ അംഗീകരിച്ചു.

സുസ്ഥിരവികസനം, പരിസ്ഥിതി ആദ്ധ്യാത്മികത എന്നീ മേഖലകളെ സംബന്ധിച്ച് വർത്തമാനകാല യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് നയരൂപീകരണവും പ്രവർത്തന പദ്ധതിയും തയ്യാറാക്കുവാൻ സഭയുടെ പരിസ്ഥിതി വകുപ്പിനെ ചുമതലപ്പെടുത്തി. ഇടവകതലത്തിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക, മണ്ണൊലിപ്പ് തടയുക, പ്ലാസ്റ്റിക്ക് ഇതര അജൈവ മാലിന്യങ്ങൾ മുതലായവ കൊണ്ടുണ്ടാകുന്ന മലിനീകരണം ഒഴിവാക്കുക, ഭക്ഷണ പദാർത്ഥങ്ങൾ ഉൾപ്പെടെയുള്ള വിഭവങ്ങൾ പാഴാക്കാതിരിക്കുക, പരിസ്ഥിതി സൗഹാർദ്ദ ഊർജ്ജോൽപ്പാദന രീതികൾ അവലംബിക്കുക തുടങ്ങിയ കാര്യങ്ങൾ ഇടവകതലങ്ങളിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചു. ആദ്ധ്യാത്മിക സംഘടനകളുടെ പഠന പരിശീലന വിഷയങ്ങളിൽ പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യം കൂടുതലായി ഉൾക്കൊള്ളിക്കും. സഭയുടെ ബി. ഷെഡ്യൂളുകളിൽപ്പെട്ട സംഘടനകളുടെയും സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും 2020-2021 വർഷത്തെ ബജറ്റ് അംഗീകരിച്ചു.




സഭയുടെ അത്മായ ട്രസ്റ്റി ജോർജ്ജ് പോൾ, കോട്ടയം ചെറിയപള്ളി ആശുപത്രി മുൻ ഡയറക്ടർ ഡോ. ബാബു ചാക്കോ എന്നിവരുടെ നിര്യാണത്തിൽ അനുശോചിച്ചു. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റോമോസ് മെത്രാപ്പോലീത്താ, യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്താ, ഡോ. ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ, ഏബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്താ, എന്നിവർ ധ്യാനങ്ങൾക്ക് നേതൃത്വം നൽകി.

## 2020 ജൂൺ 9 സുന്നഹദോസ്

### മലങ്കര ഓർത്തഡോക്സ് സഭയുടെ ദേവലയങ്ങളിൽ തൽസ്ഥിതി തുടരും: മലങ്കര ഓർത്തഡോക്സ് സഭാ സുന്നഹദോസ്

പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയുടെ അധ്യക്ഷതയിൽ കൂടിയ പരിശുദ്ധ സുന്നഹദോസിലാണ് നിർണ്ണായക തീരുമാനം.

കോവിഡ് 19 ന്റെ സാഹചര്യത്തിൽ പള്ളികൾ നിബന്ധനകൾക്ക് വിധേയമായി തുറക്കാൻ ഗവണ്മെന്റ് അനുമതി നൽകിയെങ്കിലും

സമൂഹ വ്യാപനം ഉണ്ടാകാനുള്ള സാധ്യതകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ സഭയുടെ ദേവാലയങ്ങളിൽ വിശ്വാസികൾക്ക് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണം തുടരുവാനും ,

പരുമല പള്ളിയിൽ സർക്കാരിന്റെ എല്ലാ കോവിഡ് 19 മാർഗനിർദേശങ്ങളും പാലിച്ചു, പരിമിതമായ ആളുകളെ പ്രവേശിപ്പിച്ചു പ്രാർത്ഥന നടത്താൻ ഉള്ള അവസരം ഒരുക്കുവാനും തീരുമാനിച്ചു.

വി. പട്ടംകൊട, വി. മാമോദീസാ ശുശ്രൂഷകൾ ഇനിയും ഒരു അറിയിപ്പ് ഉണ്ടാകും വരെ മാറ്റിവെയ്ക്കാനും, രോഗത്തിനോട് പൊരുതാൻ രാജ്യത്തെ ഭരണ സംവിധാനങ്ങൾക്ക് ഒപ്പം കൈകോർക്കുവാനും മലങ്കര ഓർത്തഡോക ്സ് സഭാ അധ്യക്ഷൻ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനി വിശ്വാസ സമൂഹത്തോട് ആഹ്വാനം ചെയ്തു.

പള്ളികൾ തുറക്കുന്ന സാഹചര്യം ഇപ്പോൾ ഉണ്ടായാൽ, മുൻപ് ഉണ്ടായിരുന്നതിൽ കൂടുതൽ സമൂഹ വ്യാപനത്തിന് കാരണമാകുമെന്ന വിലയിരുത്തലിലാണ് ഈ തീരുമാനം പരിശുദ്ധ സുന്നഹദോസ് കൈക്കൊണ്ടത്.

### ആരാധനാലയങ്ങൾ തുറക്കുന്നത് സംബന്ധിച്ചുള്ള ക്രമീകരണങ്ങൾ

ലോകരാജ്യങ്ങളിൽ ഏറെ ഭീതി പടർത്തിക്കൊണ്ടിരിക്കുന്ന കൊവിഡ് 19 മഹാമാരിയോടു ബന്ധപ്പെട്ട ലോക്ഡൗൺ അഞ്ചാംഘട്ടത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആരാധനാലയങ്ങളുടെ പ്രവർത്തനങ്ങളിൽ നിയന്ത്രണങ്ങളോടെ കൂടുതൽ ഇളവുകൾ അനുവദിച്ചിട്ടുണ്ടല്ലോ. ഇപ്പോഴുള്ള ഗൗരവതരമായ സാഹചര്യങ്ങളെ പരിഗണിച്ച് സഭയുടെ എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗങ്ങളുടെ വിശേഷാൽ യോഗം ഈ കാര്യങ്ങൾ വിലയിരുത്തുകയും മലങ്കരസഭയുടെ ദേവാലയങ്ങളിൽ ഇനിയൊരു അറിയിപ്പുണ്ടാകുന്നതുവരെ താഴെ പറയുന്ന കാര്യങ്ങൾ ക്രമീകരിക്കുന്നതിന് നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു.

1. മലങ്കര ഓർത്തഡോക്സ് സഭയുടെ ദേവാലയങ്ങളിൽ ഇപ്പോൾ അനുവർത്തിച്ചുവരുന്നതുപോലെ കാർമ്മികൻ ഉൾപ്പെടെ അഞ്ച് പേർ മാത്രം ശുശ്രൂഷകൾ നിർവ്വഹിക്കുന്ന രീതി തുടരേണ്ടതാണ്.

2. വിശേഷാവസരങ്ങളിൽ, അത്യാവശ്യമെങ്കിൽ, സർക്കാർ നിബന്ധനകൾക്ക് വിധേയമായി അത്യാവശ്യമുള്ള ആളുകൾ മാത്രം പങ്കെടുക്കുന്നതിന് ഇടവകയുടെ ചുമതലക്കാർക്ക് അനുവദിക്കാവുന്നതാണ്.

3. പുതിയ മാനദണ്ഡങ്ങളനുസരിച്ച് വി. മാമോദീസ കരസ്പർശം കൂടാതെ നടത്തണമെന്ന് പറഞ്ഞിട്ടുള്ളത് സഭയുടെ പാരമ്പര്യങ്ങൾക്ക് നിരക്കുന്നതല്ലാത്തതിനാൽ ഇപ്പോഴുള്ള നിയന്ത്രണങ്ങൾ കഴിയുന്നതുവരെ 'മാമോദീസ' മാറ്റി വയ്ക്കുന്നതാണ് ഉചിതം. അടിയന്തിരാവശ്യങ്ങൾ ഉണ്ടാകുന്നപക്ഷം ഇടവക മെത്രാപ്പോലീത്തായുടെ അനുമതിയും നിർദ്ദേശങ്ങളും സ്വീകരിച്ച് ഉചിതമായ ക്രമീകരണങ്ങൾ വൈദികർ ചെയ്യേണ്ടതാണ്.

4. ഏത് കൂടിവരവിനും കേന്ദ്ര–സംസ്ഥാന സർക്കാരുകൾ നൽകിയിട്ടുള്ള നിബന്ധനകൾ പാലിക്കപ്പെടുന്നുവെന്ന് ഇടവക ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 2020 സെപ്റ്റംബർ സുന്നഹദോസ്

### മലങ്കര ഓർത്തഡോക്സ് സഭയുടെ വിഭവശേഷി സമൂഹത്തിന്റെ പുനഃസൃഷ്ടിക്കായി ഉപയോഗിക്കും: എപ്പിസ്കോപ്പൽ സുന്നഹദോസ്

ദേവലോകം: കോവിഡ് രോഗ വ്യാപനം വർദ്ധിക്കുന്ന സാഹചര്യത്തിൽ സമൂഹത്തിന്റെ പുനഃസൃഷ്ടിക്കായി മലങ്കര ഓർത്തഡോക്സ് സഭയുടെ സമ്പൂർണ്ണ വിഭവശേഷിയും പൊതുസംവിധാനങ്ങളോടൊപ്പം ഉപയോഗിക്കുമെന്ന് പ. കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ ദേവലോകം അരമനയിൽ 2020 സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 1 വരെ കൂടിയ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചു.

ക്വാറന്റീൻ കേന്ദ്രങ്ങളായി ഉപയോഗിക്കാൻ സഭയുടെ സാധ്യമായ എല്ലാ സ്ഥാപനങ്ങളും ദേവാലയത്തോട് അനുബന്ധിച്ചുള്ള കെട്ടിടങ്ങളും വിട്ടുകൊടുക്കാൻ തീരുമാനിച്ചു. ആൾതാമസം ഇല്ലാത്ത ഭവനങ്ങൾ വിട്ടുകൊടുക്കുവാൻ സഭാ വിശ്വാസികളോട് പ. സുന്നഹദോസ് ആഹ്വാനം ചെയ്തു. കോവിഡ് രോഗബാധിതരായി അവശത അനുഭവിക്കുന്നർക്ക് ജാതിമതഭേതമന്യേ സഹായങ്ങൾ എത്തിക്കാൻ ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തെ ചുമതലപ്പെടുത്തി. തൊഴിൽ നഷ്ടപ്പെട്ട പ്രവാസികൾക്ക് സഭയുടെ മാനവ ശാക്തീകരണ വിഭാഗത്തിന്റെ ചുമതലയിൽ വിവിധ തൊഴിൽ മേഖലകളിൽ പരിശീലനം നൽകും. രോഗവ്യാപനത്തിന്റെ ഭീതിയിലും ഏകാന്തതയിലും കഴിയുന്നവർക്ക് ഓർത്തഡോക്സ് മെഡിക്കൽ ഫോറത്തിന്റെയും വിപാസനയുടെയും നേതൃത്വത്തിൽ സൗജന്യ കൗൺസിലിഗും ആരോഗ്യസേവനങ്ങളും ലഭ്യമാകും. ഇടവകതലത്തിൽ മെഡിക്കൽ ഫോറത്തിന്റെ പ്രവർത്തനം ശക്തമാക്കും. ആവർത്തിക്കുന്ന പ്രകൃതി ദുരന്തങ്ങൾ പകർച്ച വ്യാധികൾ എന്നിവയുടെ പശ്ചാത്തലത്തിൽ സഭയും സമൂഹവും പ്രകൃതി സൗഹൃദമായ ലളിത ജീവതം പരിശീലിക്കണമെന്നും സുന്നഹദോസ് നിർദ്ദേശിച്ചു.

സമൂഹ്യ മാധ്യമങ്ങൾ വഴി വ്യാജ വാർത്തയും വ്യക്തിഹത്യയും ചെയ്യുന്ന സാഹചര്യത്തിൽ സൈബർ നിയമങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുവാൻ സർക്കാരിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. സഭയുടെ ദൃശ്യ മാധ്യമ സമിതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. സഭയുടെ ആദ്ധ്യാത്മിക സംഘടനകളുടെ പ്രവർത്തനങ്ങളെ അവലോകനം ചെയ്യുകയും അവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തി. സഭയുടെ മിഷൻ സൊസൈറ്റിയുടെ പ്രവർത്തനങ്ങളെ വിശകലനം ചെയ്തു. മിഷൻ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശ്വാസികളുടെ ബോധവത്കരണത്തിനു വേണ്ടിയുള്ള പദ്ധതികൾ രൂപപ്പെടുത്തി. സന്യാസ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കുവേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കുവാനുള്ള സമിതിയെ നിശ്ചയിച്ചു.

വൈദിക സെമിനാരികൾ, പരുമല സെമിനാരി, പരുമല ആശുപത്രി, ബി–ഷെഡ്യൂളിൽപ്പെട്ട സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവയുടെ വാർഷിക റിപ്പോർട്ടുകളും കണക്കുകളും അവതരിപ്പിച്ചു. സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദീയോസ്കോറോസ് മെത്രാപ്പോലീത്താ റിപ്പോർട്ട് അവതരിപ്പിച്ചു. പ. കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ കൂടിയ സുന്നഹദോസ് യോഗത്തിൽ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരും സംബന്ധിച്ചു.

## 2021 ഫെബ്രുവരി 22, 23, ഏപ്രിൽ 20, 21 സുന്നഹദോസ്

കോട്ടയം: കോവിഡ് രോഗബാധ രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ സഭയുടെ സ്ഥാപനങ്ങളും അതിലെ പ്രവർത്തകരും ആരാധനാലയങ്ങളും രോഗ വ്യാപനം തടയുന്നതിനുള്ള സമ്പൂർണ്ണ കരുതൽ നടപടി സ്വീകരിക്കേണ്ടതാണ് എന്ന് പ. സുന്നഹദോസ് ആഹ്വാനം ചെയ്തു. കോവിഡുമായി ബന്ധപ്പെട്ട് ദുരിതമനുഭവിക്കുന്ന എല്ലാവർക്കും വേണ്ടി സുന്നഹദോസ് പ്രത്യേകം പ്രാർത്ഥന നടത്തി.

നിർമ്മിത ബുദ്ധിയുടെ (artificial intelligence) നല്ല വശങ്ങൾ പൊതുസമൂഹത്തിന് പ്രയോജനകരമാക്കി മാറ്റുന്നതിനുള്ള നടപടികൾ നിർണ്ണയിക്കുന്നതിനും അതോടൊപ്പം അതിന്റെ ദോഷവശങ്ങളെക്കുറിച്ച് സമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനും പദ്ധതികൾ ആവിഷ്ക്കരിച്ചു.

പരിശുദ്ധ സഭയിലെ വിവിധ ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ അംഗീകരിച്ചു.

കോട്ടയം വൈദിക സെമിനാരിയോടനുബന്ധിച്ച് സംസ്കൃതം, സുറിയാനി, ഗ്രീക്ക്, മുതലായ പുരാതന ഭാഷകളും ജർമ്മൻ, ഫ്രഞ്ച്, ഇംഗീഷ് തുടങ്ങിയ ആധുനിക ഭാഷകളും പഠിപ്പിക്കുന്നതിനുവേണ്ടി ഒരു ലാംഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് തീരുമാനമായി.

പരുമല സെമിനാരി, പരുമല ആശുപത്രി, കോട്ടയം പഴയ സെമിനാരി, നാഗപൂർ സെമിനാരി, എക്യുമെനിക്കൽ റിലേഷൻസ് ഡിപ്പാർട്ടുമെന്റ് തുടങ്ങി വിവിധ സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും റിപ്പോർട്ടുകളും ബി–ഷെഡ്യൂളിൽപ്പെട്ട സ്ഥാപനങ്ങളുടെ ബജറ്റും അംഗീകരിച്ചു.

പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി ഒരാളെ തെരഞ്ഞെടുക്കണമെന്നു പ. കാതോലിക്കാ ബാവാ സുന്നഹദോസിനെ അറിയിച്ചതിനെ തുടർന്ന് അതിനു വേണ്ടിയുള്ള ഉചിതമായ നടപടിക്രമങ്ങൾ നടത്തുന്നതിന് പ. ബാവായോട് സുന്നഹദോസ് ശുപാർശ ചെയ്തു.

സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദീയസ്കോറസ് മെത്രാപ്പോലീത്താ റിപ്പോർട്ട് അവതരിപ്പിച്ചു. പ. ബാവാ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സുന്നഹദോസ് യോഗങ്ങളിൽ സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരും സംബന്ധിക്കുകയുണ്ടായി.

## 2021 ഓഗസ്റ്റ് 2–5 സുന്നഹദോസ്

### ന്യൂനപക്ഷങ്ങളുടെയും പാർശ്വവൽകരിക്കപ്പെട്ടവരുടെയും ഉന്നമനത്തിന് നടപടികൾ കൈക്കൊള്ളും

കോട്ടയം: ന്യൂനപക്ഷങ്ങളുടെയും പാർശ്വവൽകരിക്കപ്പെട്ടവരുടെയും ഉന്നമനത്തിന് നടപടികൾ കൈക്കൊള്ളുമെന്ന് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പ. എപ്പിസ്കോപ്പൽ സുന്നഹദോസ് നിശ്ചയിച്ചു. ഓഗസ്റ്റ് 02 മുതൽ 05 വരെയുള്ള ദിവസങ്ങളിൽ കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമനയിൽ വച്ച് നടന്ന യോഗത്തിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയുടെ ആകസ്മികമായ ദേഹവിയോഗത്തിൽ പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ യോഗം അനുശോചനം രേഖപ്പെടുത്തുകയും പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്തു. പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയുടെ അസാന്നിദ്ധ്യത്തിൽ മലങ്കര സഭാ ഭരണഘടനപ്രകാരം സഭയുടെ സീനിയർ മെത്രാപ്പോലീത്താ കുറിയാക്കോസ് മാർ ക്ലീമ്മീസ് എപ്പിസ്കോപ്പൽ സുന്നഹദോസ് യോഗങ്ങളിൽ ആദ്ധ്യക്ഷ്യം വഹിച്ചു. സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരും പങ്കെടുത്തു.

യാക്കോബ് മാർ ഏലിയാസ് മെത്രാപ്പോലീത്താ, ഡോ. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്താ, ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ, ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്താ എന്നീ തിരുമേനിമാർ ധ്യാനപ്രസംഗം നടത്തി. പരിശുദ്ധ സഭയുടെ

എക്യുമെനിക്കൽ റിലേഷൻസ് ഡിപ്പാർട്ട്മെന്റിന്റെയും മിഷൻ സൊസൈറ്റിയുടെയും കോട്ടയം വൈദിക സെമിനാരിയുടെയും നാഗ്പൂർ വൈദിക സെമിനാരിയുടെയും പരുമല സെമിനാരിയുടെയും പരുമല ഹോസ്പിറ്റലിന്റെയും പ്രവർത്തന റിപ്പോർട്ടുകൾ യോഗത്തിൽ അവതരിപ്പിക്കപ്പെട്ടു.

ക്രിസ്ത്യൻ മൈനോരിറ്റി കൺസേൺസ് എന്ന വിഷയവുമായി ബന്ധപ്പെട്ട് Recent trends in Christian Minority Issues in India എന്ന ടൈറ്റിലിൽ വിശദമായ പഠന രേഖ ഡോ. യാക്കോബ് മാർ ഐറേനിയോസ് സുന്നഹദോസിൽ അവതരിപ്പിച്ചു. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ന്യൂനപക്ഷങ്ങൾക്കിടയിൽ തന്നെ സാമൂഹികമായും വിദ്യാഭ്യാസപരമായും സാമ്പത്തികമായ പിന്നോക്കം നിൽക്കുന്ന അടിയന്തിര ശ്രദ്ധ ആവശ്യമായുള്ള ഒരു വിഭാഗമുണ്ടെന്നുള്ള സത്യം തിരിച്ചറിഞ്ഞ് അവരെ മുഖ്യ ധാരയിലേക്ക് ചേർത്ത് നിർത്തുന്നതിനുള്ള പരിശ്രമങ്ങളും നടപടികളും വേഗത്തിൽ കൈക്കൊള്ളണമെന്ന് യോഗം വിലയിരുത്തി. എക്യുമെനിക്കൽ ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി സി. എസ്. ഐ, സി. എൻ. ഐ, ലൂഥറൻ സഭ, മാർ ത്തോമ്മാ സഭ എന്നീ സഹോദര സഭകളും മലങ്കര ഓർത്തഡോക്സ് സഭയും തമ്മിൽ Bilateral Dialogues ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ കൈക്കൊള്ളുന്നതിന് നിശ്ചയിച്ചു.

മലങ്കരസഭാ തേജസ് അഭിവന്ദ്യ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് (അഞ്ചാമൻ) മെത്രാപ്പോലീത്തായുടെ ഓർമ്മ ഇനി മുതൽ ജൂലൈ മാസം 11–ാം തീയതി ആചരിക്കുന്നതിനും അന്നേദിവസം സഭയുടെ വിദ്യാഭ്യാസ ദിനമായി ആചരിക്കുന്നതിനും നിശ്ചയിച്ചു. പരുമല ആശുപത്രിയിൽ പുതുതായി ആരംഭിച്ചിരിക്കുന്ന കാർഡിയോളജി വിഭാഗം പരിശുദ്ധ ബസേലിയോസ് മാർ ത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവായുടെ പേരിൽ നാമകരണം ചെയ്യുന്നതാണ്.

ക്രൈസ്തവ മിഷൻ പഠനത്തിന് സഹായകമായ Hand Book on Christian Mission Studies എന്ന പേരിൽ ഒരു ഈടുറ്റ ഗ്രന്ഥം പ്രസിദ്ധീകരിച്ച ഡോ. ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ യോഗം അഭിനന്ദിച്ചു. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ റിപ്പോർട്ട് അവതരിപ്പിച്ചു.

പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമി ചുമതലയേൽക്കുന്നതുവരേയ്ക്ക് സഭാഭരണം നിർവ്വഹിക്കുന്നതിനായി കുറിയാക്കോസ് മാർ ക്ലീമീസ് മെത്രാപ്പോലീത്തായുടെ അദ്ധ്യതയിൽ അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ സെക്രട്ടറിയായി അഡ്മിനിസ്ട്രേറ്റീവ് കൗൺസിൽ രൂപീകരിച്ച സഭാ മാനേജിംഗ് കമ്മറ്റി യോഗനിശ്ചയം സുന്നഹദോസ് അംഗീകരിച്ചു.

പരിശുദ്ധ ബാവാ തിരുമേനിയുടെ 40–ാം അടിയന്തിരം ഓഗസ്റ്റ് 20–ാം തീയതി സമുചിതമായി ആചരിക്കുവാൻ നിശ്ചയിച്ചു. സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ സംബന്ധിച്ച ചർച്ചകൾക്കായി സെപ്റ്റംബർ മാസം 16–ന് സുന്നഹദോസ് യോഗം കൂടുന്നതിന് തീരുമാനിച്ചു.

❑




## പ്രതികൂലസാഹചര്യങ്ങളെയും പ്രതിബന്ധങ്ങളെയും അതിജീവിക്കുവാനുള്ള ആത്മവിശ്വാസം വിദ്യാർത്ഥികൾ നേടിയെടുക്കണം: ദിവ്യ എസ്. അയ്യർ

പരുമല: ധാർമിക ബോധത്തിന്റെ അധപ്പതനവും മൂല്യത്തകർച്ചയും അരക്ഷിതാവസ്ഥയും മോഹഭംഗവും കണ്ട് പകച്ചുനിൽക്കുന്ന ആധുനിക തലമുറയെ കൈപിടിച്ചുയർത്തി സമൂഹത്തെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്ന ഒരു പുതിയ പന്ഥാവിൽ കൂടി നയിക്കുവാൻ വിദ്യാർത്ഥികൾക്ക് കഴിയട്ടെ എന്ന് പ. കാതോലിക്കാ ബാവാ അഭ്യർത്ഥിച്ചു. പരുമലയിൽ നടന്ന മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രിസ്ത്യൻ വിദ്യാർത്ഥി പ്രസ്ഥാനം പേട്രൺസ് ഡേ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പ്രതികൂല സാഹചര്യങ്ങളെയും പ്രതിബന്ധങ്ങളെയും അതിജീവിക്കുവാനുള്ള ആത്മവിശ്വാസം വിദ്യാർത്ഥികൾ നേടിയെടുക്കണം എന്ന് മുഖ്യപ്രഭാഷണം നടത്തിയ പത്തനംതിട്ട ജില്ലാ കളക്ടർ ദിവ്യ എസ്. അയ്യർ ആഹ്വാനം ചെയ്തു. സെൽഫിയിൽ കൂടി സ്വന്തം സൗന്ദര്യം ആസ്വദിക്കാൻ ശ്രമിക്കുന്ന വിദ്യാർത്ഥികൾ മറ്റുള്ളവരിലെ സൗന്ദര്യം കൂടി കണ്ടെത്തുവാൻ ശ്രമിക്കണമെന്നും കളക്ടർ ഓർമിപ്പിച്ചു.

പ്രസിഡന്റ് ഡോ. സക്കറിയ മാർ അപ്രേം അധ്യക്ഷത വഹിച്ചു. കുട്ടികൾക്കു ആരാധനാ ഭാഷയോട് ഉള്ള താൽപര്യം വളർത്തുവാൻ എംജിഒസിഎസ്എം പബ്ലിക്കേഷൻസ് 'ഓലഫ്' സുറിയാനി ഭാഷ പ്രവേശിക യുഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലിത്ത പ്രകാശനം ചെയ്തു. വൈദിക ട്രസ്റ്റി ഫാ. ഡോ എം. ഒ. ജോൺ, എംജിഒസിഎസ്എം ജനറൽ സെക്രട്ടറി ഫാ. ജിസൺ പി വിൽസൺ, ഫാ അജി തോമസ്, ഫാ. സജി മേക്കാട്ട്, ഡോ. വർഗീസ് പേരയിൽ, ഡോ. സിജി റേച്ചൽ ജോർജ്, സിം ജോ സാമുവൽ സക്കറിയ, ട്രഷറർ ഡോ ഐസക് പി എബ്രഹാം എന്നിവർ പ്രസംഗിച്ചു. വിവിധ മേഖലകളിൽ പ്രഗത്ഭരായ ഡോ. റിട്ടിൻ എബ്രഹാം കുര്യൻ, ആൻ മറിയം തോമസ്, ആരോഗ്യ സർവകലാശാല സെനറ്റ് അംഗം ഡോ. റോബിൻ ജെ തോംസൺ എന്നിവരെ ആദരിക്കുകയും കലാ മേളയിൽ വിജയികളായ യൂണിറ്റ് കൾക്ക് ട്രോഫികളും സമ്മാനിച്ചു. പ. കാതോലിക്ക ബാവയുടെ ദുരിതാശ്വാസ നിധിയിലേക്ക് എം ജി ഓ സി എസ് എം അംഗങ്ങൾ ശേഖരിച്ച തുക പ. ബാവയെ ഏല്പിച്ചു.



**മരുഭൂമിയിലെ പരുമലയായ ഷാർജാ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകയിലേക്കു എഴുന്നള്ളുന്ന പരിശുദ്ധ കാതോലിക്കാ ബാവയെ ദുബായ് വിമാനത്താവളത്തിൽ ഇടവക വികാരി ഫാ. ഫിലിപ്പ് എം. സാമുവേൽ കോർഎപ്പിസ്കോപ്പയുടെ നേതൃത്വത്തിൽ സ്വീകരിക്കുന്നു. ഭദ്രാസന മെത്രാപ്പോലീത്ത ഡോ. യൂഹാനോൻ മാർ ദിമിത്രിയോസ് മെത്രാപ്പോലീത്ത, ഇടവക സഹ വികാരി ഫാ. ജോയ്സൺ തോമസ്, സഭ മാനേജിങ് കമ്മിറ്റി അംഗങ്ങളായ നൈനാൻ കെ. ജി., പി. ജി. മാത്യു, ജേക്കബ് മാത്യു എന്നിവർ സമീപം.**

**"ഈ കമ്മീഷന്റെ ടി സമീപനം എത്ര കണ്ട് നിയമപരമായി ശരിയാണ് എന്ന് ഞാൻ സംശയിക്കുന്നു.**



**അഡ്വ: റോയി ഫിലിപ്പ് വെൺമണി**
[മാർത്തോമ്മാ സഭ വിശ്വാസി]

**സുപ്രീം കോടതി വിധി വന്നിട്ടും ക്രമസമാധാനപ്രശ്നം പരിഹരിക്കുവാൻ സാധിക്കാത്തതിനാലാണ് നിയമ നിർമ്മാണം ശുപാർശ ചെയ്തിട്ടുള്ളത് എന്നാണ് കമ്മീഷന്റെപക്ഷം.**

സഭാ തർക്കം പരിഹരിക്കുവാൻ നിയമനിർമ്മാണം നടത്തണമെന്ന് നിർദ്ദേശിക്കുന്ന ജസ്റ്റീസ് കെ. റ്റി. തോമസ് ചെയർമാനായ നിയമപരിഷ്ക്കാര കമ്മീഷൻ ശുപാർശ ചർച്ചചെയ്യേണ്ടതാണ്. സുപ്രീം കോടതി വിധി വന്നിട്ടും ക്രമസമാധാനപ്രശ്നം പരിഹരിക്കുവാൻ സാധിക്കാത്തതിനാലാണ് നിയമ നിർമ്മാണം ശുപാർശ ചെയ്തിട്ടുള്ളത് എന്നാണ് കമ്മീഷന്റെപക്ഷം. ഈ കമ്മീഷന്റെ ടി സമീപനം എത്ര കണ്ട് നിയമപരമായിശരിയാണ് എന്ന് ഞാൻ സംശയിക്കുന്നു.

സുപ്രീംകോടതി ആത്യന്തികമായി വിധി പറഞ്ഞ ഒരു സിവിൾ തർക്കത്തിൽ വിധിയിലെ താല്പര്യത്തിന് വിരുദ്ധമായി നിയമനിർമ്മാണം നടത്തുന്നത് ജുഡീഷറിയെ ദുർബലപ്പെടുത്തുന്നതാണ്. ജുഡീഷറിയെ ദുർബലപ്പെടുത്തക എന്നാൽ അത് ജനാധിപത്യത്തെ ദുർബലപ്പെടുത്തലാണ്. ഈ സമീപനം ശബരിമല വിധി ഉൾപ്പെടെയുള്ള പുരോഗമനസ്വഭാവമുള്ള വിധികളെ വളരെ പ്രതിലോമകരമായി ബാധിക്കുന്നതാണ്. കോടതി വിധി നടപ്പാക്കുന്നതിനെതിരെ സംഘടിതമായി അക്രമം ഉണ്ടാക്കിയാൽ അത് നടപ്പാക്കാൻ എത്തുന്ന ഭരണ കൂടത്തെ , വിശ്വാസികളെ അണിനിരത്തിയും വിദ്വേഷം വിതറിയും അരാജകത്വം സൃഷ്ടിച്ചും പ്രതിരോധിച്ചാൽ മതി എന്ന് വരുന്നത് ഭരണ വ്യവസ്ഥയെ തന്നെ തകർക്കുന്നതാണ്. ജുഡീഷ്യൽ തീരുമാനങ്ങളെ അംഗീകരിക്കേണ്ടതില്ല എന്നും പകരം ആ വിധികൾക്കെതിരെ ആക്രമം സംഘടിപ്പിച്ചാൽ മതി എന്നും വരുന്നത് ജനാധിപത്യത്തിന് ഭീഷണിയാണ്.

നിയമം നിർമ്മിക്കേണ്ടത് എന്തിനു വേണ്ടിയാകണം എന്ന അടിസ്ഥാനപരമായ ചോദ്യം ഇവിടെ പ്രസക്തമാണ്. കോടതി വിധികളെ റദ്ദു ചെയ്യുന്നതിനും ദുർബലപ്പെടുത്തുന്നതിനും ആ വിധി നടപ്പാകാതിരിക്കുന്നതിനും വേണ്ടി നിയമ നിർമ്മാണത്തിന് നിയമ പരിഷ്ക്കരണ കമ്മീഷൻ ശുപാർശ നല്കുക എന്നത് അക്ഷന്തവ്യമാണ്.

നിയമ പരിഷ്ക്കരണ കമ്മീഷന്റെ കണ്ടെത്തലാണ് വളരെ രസകരമായിട്ടുള്ളത്. അത് മറ്റു സഭകളുടെ ഭരണഘടനകളെയും ബാധിക്കുന്നതാണ്. 1934 ലെ ഭരണഘടന ഒരു റജിസ്റ്റേർഡ് രേഖ അല്ലാത്തതിനാൽ ഇപ്പോഴോ ഭാവിയിലോ അതിന്റെ അടിസ്ഥാനത്തിൽ ആസ്തി ബാദ്ധ്യതകളുടെ അവകാശം ലഭിക്കുകയോ നഷ്ടപ്പെടുകയോ ചെയ്യില്ല എന്നുള്ളതാണ് കമ്മീഷന്റെ കണ്ടെത്തൽ. സുപ്രീം കോടതി 1934 ലെ ഭരണഘടന അംഗീകരിച്ച്, അതിന്റെ അടിസ്ഥാനത്തിൽ തീർപ്പു കല്പിച്ച ശേഷം റജിസ്ട്രേഷൻ ഇല്ലാത്തതിനാൽ ആ ഭരണഘടനയുടെ അടിസ്ഥാനത്തിൽ അവകാശം ലഭിക്കയില്ല എന്ന് തീരുമാനിക്കുവാൻ നിയമപരിഷ്ക്കരണ കമ്മീഷന് അവകാശമുണ്ടോ? ഈ നിയമ പരിഷ്ക്കാര കമ്മീഷൻ സുപ്രീംകോടതിക്കും മുകളിലുള്ള ഒന്നല്ല. മറിച്ച് ഒരു ഉപദേശി മാത്രമാണെന്ന് ഓർക്കുന്നത് നല്ലതാണ്. സുപ്രീം കോടതി അംഗീകരിച്ച ഭരണഘടനക്ക് രജിസ്ട്രേഷൻ ഇല്ലാത്തതിനാൽ സാധുവല്ല എന്ന് കണ്ട് നിയമം നിർമ്മിക്കുന്നത് എവിടേക്കാണ് നമ്മെ നയിക്കുക? ഇടവകകളിലെ ഭൂരിപക്ഷം നോക്കി ആസ്തി-ബാധ്യതകളിൽ തീർപ്പ് ഉണ്ടാക്കണമെന്നാണ് നിർദ്ദേശം. ഈ ഇടവകകളും അതിന്റെ പൊതുയോഗവും അംഗങ്ങളുടെ വോട്ടവകാശവും അടിസ്ഥാനപ്പെടുന്നത്ഏത് ഭരണഘടന പ്രകാരമായിരിക്കണം എന്നു കൂടി ഈ ഉപദേശകസമതി പറയേണ്ടതുണ്ട്. അത് രജിസ്റ്റേർഡ് അല്ലാത്ത ഭരണ ഘടനയിൽ അടിസ്ഥാനപ്പെടുന്നതിൽ കുഴപ്പമില്ലേ? ഇതാണ് സമീപനമെങ്കിൽ മാർത്തോമ്മാ സഭ ഉൾപ്പെടെ ഉള്ള സഭകളിലെ ഇടവകകളുടെ സ്വത്തുക്കളിന്മേൽ അതാത് ഇടവകൾക്ക് ഉടമസ്ഥത ലഭിക്കും. മാർത്തോമ്മാ സഭയും രജിസ്റ്റേർഡ് അല്ല. മറ്റൊരു തരത്തിൽ ചിന്തിച്ചാൽ ഇത് എപ്പിസ്ക്കോപ്പസിയുടെ അധികാരത്തെ തന്നെ ചോദ്യം ചെയ്യുന്നതാണ്. ഈ സമീപനം എപ്പിസ്ക്കോപ്പൽ ചർച്ചസിന്റെ നിലനില്പിനെ തന്നെ ചോദ്യം ചെയ്യുന്നതും സഭയുടെ സമഗ്രതയേയും ഭരണ സംവിധാനത്തെയും ദുർബ്ബലപ്പെടുത്തുകയും ചെയ്യുന്ന സമീപനമാണ്. ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്ന ഈ ബിൽ ഓർത്തഡോക്സ് യാക്കോബായ തർക്കത്തെ മാത്രം ലക്ഷ്യം വച്ചുള്ളതല്ല മറിച്ച് അത് എപ്പിസ്ക്കോപ്പൽ സഭകളെ എല്ലാം ലക്ഷ്യം വച്ചുള്ളതാണ്.

പള്ളികളുടെ സ്വത്തുക്കൾ വിശ്വസികൾക്കാണ് , സഭയ്ക്കല്ല എന്നാണ് ഈ ബില്ല് പറയുന്നത്. പ്രത്യക്ഷത്തിൽ കുഴപ്പമെന്ത് എന്ത് പുരോഗമന ചിന്തകർ ചോദിക്കാം. ഈ നിർദ്ദേശത്തിലൂടെ സഭയെയും വിശ്വാസികളെയും രണ്ടായി തിരിക്കുന്നു. അധികാരസ്ഥാനങ്ങൾക്ക് (എപ്പിസ്ക്കോപ്പൽ അധികാരങ്ങൾക്ക്) പള്ളി സ്വത്തുക്കളിൽ നിയന്ത്രണം ഇല്ലാതാകുന്നു എന്നതാണ് ഫലം. എന്നാൽ പാരസ്പരിക ഉടമസ്ഥത എന്ന ദർശനമാണ് സഭയുടെ സമഗ്രതയ്ക്കും നിലനില്പിനും നല്ലത്. അതിനാണ് ഭരണഘടനയുടെ കീഴിൽ സ്വത്തുക്കളുടെ ഉടമസ്ഥത നിർത്തുന്നത്. സഭാ നേതൃത്വവും പള്ളികളും തമ്മിൽ സ്വത്തുക്കളുടെ അടിസ്ഥാനത്തിൽ വേർതിരിവ് സൃഷ്ടിക്കുന്നത് ഒരിക്കലും ഉചിതമല്ല.

പള്ളികളെയും ആരാധനയേയും സംബന്ധിച്ച് ഇരു വിഭാഗങ്ങൾ തമ്മിൽ തർക്കം ഉണ്ടാകുന്ന പക്ഷം ആ ഇടവകയിലെ ഭൂരിപക്ഷ തീരുമാനം ബലപ്പെടുമെന്ന നിർദ്ദേശം സഭ എന്ന അസ്ഥിത്വത്തെ ദുർബലപ്പെടുത്തുന്നതാണ്. ഇടവകകളെ സ്വതന്ത്ര യൂണിറ്റുകളായി (പള്ളി സ്വത്തുക്കളിലും ആരാധനകളിലും) കാണുന്ന രീതി സഭയുടെ സമഗ്ര വിശ്വാസത്തെ തകർക്കുന്നതാണ്.

യാക്കോബായ ഓർത്തഡോക്സ് തർക്കം പരിഹരിക്കുവാൻ എന്ന രൂപത്തിൽ ഇപ്പോൾ രൂപപ്പെടുത്തുന്ന നിയമം ആട്ടിൻതോലണിഞ്ഞ വന്യജീവിയാണെന്നാണ് എന്റെ പക്ഷം. ഇതിൽ മറ്റ് പല താല്പര്യങ്ങളുടേയും ഫാസിസ്റ്റ് രാഷ്ട്രീയ കാഴ്ചപ്പാടുകളുടേയും സ്വാധീനം ഉണ്ടെന്നാണ് എന്റെ വിശ്വാസം.



**കുന്നംകുളം ഭദ്രാസനത്തിലെ വൈദികൻ ഫാ. ഡോ. ഗീവർഗീസ് വെട്ടിക്കുന്നേലിന് NIT തിരുച്ചിറപ്പള്ളിയിൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ഡോക്ടറേറ്റ് ലഭിച്ചു. ഒരു വൈദികൻ NIT യിൽ പഠിച്ച് ഡോക്ടറേറ്റ് നേടുന്നു എന്ന ഒരു അപൂർവ്വത കൂടി നേട്ടത്തിന്റെ പിന്നിൽ ഉണ്ട്. മലയോര മേഖലയുടെ പ്രധാന വരുമാന സ്രോതസ്സായ റബ്ബറുമായി ബന്ധപ്പെട്ടായിരുന്നു പഠനം. ആഗോള വ്യാപാര കരാറും ഇന്ത്യയുടെ പ്രകൃതിദത്ത റബ്ബറും എന്ന വിഷയത്തിലാണ് അച്ചൻ ഡോക്ടറേറ്റ് കരസ്ഥമാക്കിയത്.**



**ഇലക്ട്രോണിക്സിൽ ഇരട്ട പി. എച്ച്. ഡി. (യുകെ യൂണിവേഴ്സിറ്റി ഓഫ് ലിവർപൂൾ, തയ്‌വാൻ നാഷണൽ ചിങ് യുവ യൂണിവേഴ്സിറ്റി) നേടിയ സുമിൻ ഡേവിഡ് ജോസഫ്. വാഴമുട്ടം ഉള്ളംവേലിൽ ഡേവിഡ് ജോസഫിന്റെയും മോളിയുടെയും പുത്രൻ. ഭാര്യ സജന വർഗീസ്. പത്തനംതിട്ട മാർ ബഹനാൻ ഓർത്തഡോക്സ്‌വലിയപള്ളി വാഴമുട്ടം (വെസ്റ്റ്) ഇടവകാംഗം.**

# കേരള നിയമസഭയ്ക്ക് സുപ്രീം കോടതി വിധി മറികടന്നു നിയമനിർമ്മാണം നടത്താമോ?

**'ഇല്ല' എന്നാണ് ഉത്തരം.**

കാരണം, അപ്രകാരമുള്ള ഒരു നിയമനിർമ്മാണം ഭരണഘടനാ വിരുദ്ധമാണ്.

ഇൻഡ്യൻ ഭരണഘടനയുടെ 25-ഉം 26-ഉം അനുച്ഛേദങ്ങൾ താഴെ പറയുന്നതാണ്.

മത സ്വാതന്ത്ര്യത്തിനുള്ള അവകാശം (25-28)

**25.** ആശയ സ്വാതന്ത്ര്യം, മതം പ്രചരിപ്പിക്കുന്നതിനും, പഠിപ്പിക്കുന്നതിനും, പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനുമുള്ള സ്വാതന്ത്ര്യം.

1) ക്രമസമാധാനം, ധാർമ്മികത, പൊതുആരോഗ്യം, ഈ വകുപ്പിലെ മറ്റു പരാമർശങ്ങൾ എന്നിവ കാത്തുസൂക്ഷിച്ചുകൊണ്ട് എല്ലാവർക്കും ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും ആ വിശ്വാസം ഏറ്റുപറയാനും പ്രചരിപ്പിക്കാനും അവകാശമുണ്ട്.

2) ഈ വകുപ്പ്

a. മതപരമായ അനുഷ്ഠാനങ്ങളോടനുബന്ധിച്ച സാമ്പത്തികമോ സാമൂഹികമോ രാഷ്ട്രീയമോ മതേതരമായ മറ്റെന്തെങ്കിലുമോ കാര്യങ്ങളെ നിയന്ത്രിക്കുന്നതിനോ തടയുന്നതിനോ വേണ്ടിയിട്ടുള്ളതോ

b. സാമൂഹിക ഉന്നമനത്തിനു വേണ്ടിയോ പൊതുസ്വഭാവമുള്ള ഹിന്ദുസ്ഥാപനങ്ങൾ ഹിന്ദുമതത്തിലെ എല്ലാ വിഭാഗങ്ങൾക്കുമായി തുറന്നുകൊടുക്കുന്നതിനു വേണ്ടിയിട്ടുള്ളതോ ആയ ഏതെങ്കിലും നിയമനിർമ്മാണത്തെ തടസപ്പെടുത്തുന്നില്ല.

വിശദീകരണം 1: കൃപാൺ ധരിക്കുന്നത് സിഖ് മതവിശ്വാസത്തിന്റെ ഏറ്റുപറച്ചിലായി കരുതപ്പെടുന്നു.

വിശദീകരണം 2: വകുപ്പ് 2 (b) യിലെ ഹിന്ദുമതത്തെക്കുറി ച്ചുള്ള പരാമർശം ബുദ്ധ, ജൈന സിഖ് മതങ്ങൾക്കും ബാധകമാണ്.

**26.** മതപരമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും, നിയന്ത്രിക്കുന്നതിനുള്ള സ്വാതന്ത്ര്യം.

ക്രമസമാധാനം, ധാർമ്മികത, പൊതുആരോഗ്യം, ഈ വകുപ്പിലെ മറ്റു പരാമർശങ്ങൾ എന്നിവ കാത്തുസൂക്ഷിച്ചുകൊണ്ട് എല്ലാ മതവിഭാഗങ്ങൾക്കും താഴെപ്പറയുന്ന അവകാശങ്ങളുണ്ടായിരിക്കും.

a. മതപരമോ സാമൂഹ്യസേവനപരമോ ആയ സ്ഥാപനങ്ങൾ തുടങ്ങുവാനും പ്രവർത്തിപ്പിക്കാനുമുള്ള അവകാശം

b. മതപരമായ പ്രവർത്തനങ്ങളെ ഭരിക്കുന്നതിനുള്ള അവകാശം

c. movable and immovable property കൈവശം വയ്ക്കുന്നതിനുള്ള അവകാശം.

d. നിയമാനുസൃതം അത്തരം പ്രോപ്പർട്ടി നോക്കിനടത്തുന്നതിനുള്ള അവകാശം.

ഇൻഡ്യൻ ഭരണഘടനയുടെ 25-ഉം 26-ഉം അനുച്ഛേദങ്ങൾ മൗലിക അവകാശങ്ങളിൽ പെട്ടതാണ്. ഇതുമൂലം ഇൻഡ്യയിലുള്ള ഏതൊരു മതവിഭാഗത്തിനും അതിന്റെ മതകാര്യങ്ങൾ നടത്തിക്കൊണ്ടു പോകുവാനുള്ള അവകാശമുണ്ടെന്ന് 1954-ൽ സുപ്രീം കോടതി 'ശിരൂർ മഠം' കേസിൽ വിധിച്ചു.

### ശിരൂർ മഠം കേസ് വിധി

ഭരണഘടനയുടെ 26-ാം അനുച്ഛേദ പ്രകാരം ഏതൊരു മതവിഭാഗത്തിനും വസ്തുക്കൾ സമ്പാദിക്കുകയും അവയുടെ ഭരണം നടത്തുകയും ചെയ്യാമെന്നതിനു പുറമെ, തങ്ങളുടെ മതപരമായ ചടങ്ങുകൾ നടത്തിക്കൊണ്ടു പോകാമെന്നും വിശ്വാസം സംരക്ഷിക്കാമെന്നും ഈ കേസിൽ സുപ്രീംകോടതിയുടെ ഏഴംഗ ബഞ്ച് വിധിച്ചു. മതത്തിന്റെ അടിസ്ഥാന സ്വഭാവവും വിശ്വാസ സംഹിതകളും എന്തെല്ലാമാണെന്നു നിർണ്ണയിക്കുവാനുള്ള അവകാശം അതതു മതവിഭാഗത്തിനു മാത്രമുള്ളതാണെന്നും സുപ്രീം കോടതി കണ്ടെത്തി. 26-ാം അനുച്ഛേദത്തിൽ, മതവിഭാഗങ്ങൾക്കു വസ്തുക്കൾ ഭരിക്കുന്നതിനുള്ള മൗലികാവകാശം 'നിയമം അനുശാസിക്കുന്ന പ്രകാര'മായിരിക്കണമെന്നു പറഞ്ഞിട്ടുണ്ട്. എന്നാൽ ഇത് ഭരണഘടന ഉറപ്പാക്കുന്ന ഭരണാവകാശം മതവിഭാഗങ്ങളിൽ നി ന്നും എടുത്തുമാറ്റുന്നതിനുള്ള അവകാശമല്ലായെന്നു ഈ വിധിയിൽ വ്യക്തമാക്കപ്പെട്ടു.

1951-ലെ 'മദ്രാസ് ഹിന്ദു റിലിജിയസ് ആൻഡ് ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്ടി'ലെ വ്യവസ്ഥകൾ പ്രകാരം ശിരൂർ മഠത്തിന്റെ ഭരണം 'കമ്മീഷണർ' ഏറ്റെടുത്തു. ഈ നിയമം ചോദ്യം ചെയ്ത്, മഠം സ്വാമിയാർ ബോധിപ്പിച്ച കേസിലാണു സുപ്രീം കോടതിയിൽ നിന്ന് സുപ്രധാനമായ ഈ വിധിയുണ്ടായത്. ഭരണഘടനയുടെ 26-ഡി അനുച്ഛേദത്തിൽ നിയമാനുസൃതമായി മാത്രമേ വസ്തുവിന്റെ ഭരണം നടത്താവൂ എന്നു പറഞ്ഞിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ, ഭരണം കമ്മീഷണർക്ക് ഏറ്റെടുക്കാൻ അവകാശമുണ്ടെന്നായിരുന്നു സർക്കാർ ഭാഗം വാദം. ഏതൊരു മത വിഭാഗത്തിനും 26-ാം അനുച്ഛേദത്തിൽ നൽകിയിട്ടുള്ള ഭരണാവകാശം പ്രസ്തുത ഭരണം മതവിഭാഗത്തിന്റെ കരങ്ങളിൽ നിന്നും കവർന്നെടുക്കുവാനും മറ്റേതെങ്കിലും അധികാര കേന്ദ്രങ്ങളിൽ ഏല്പിക്കുവാനുമുള്ള അനുമതിയല്ലായെന്നു സുപ്രീം കോടതി അടിവരയിട്ട് ഈ വിധിയിൽ ഉറപ്പിച്ചു.

1954-ലെ ശിരൂർമഠം കേസ് വിധി പിന്നീടുണ്ടായ എല്ലാ സമാന കേസുകളിലും ആവർത്തിച്ചുറപ്പിച്ചു. 2017 ലുണ്ടായ കോലഞ്ചേരി പള്ളിക്കേസ് വിധിയും തുടർന്നുണ്ടായ ശബരിമല കേസ് വിധിയും ശിരൂർ മഠം കേസിന്റെ ചുവടുപിടിച്ചാണുണ്ടായത്.

### സുപ്രീം കോടതിവിധി നിയമ സഭകൾക്കു മറികടക്കാമോ?

സുപ്രധാന കോടതി വിധികളെ മറികടക്കുന്നതിനു നിയമസഭകൾ നിയമ നിർമ്മാണം നടത്തിയ ചരിത്രവും തുടർന്നുള്ള കോടതി ഇടപെടലുകളും ഇൻഡ്യയുടെ ഭരണഘടനാ ചരിത്രത്തിൽ ഗൗരവമായി ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. അവയിൽ ഏറ്റവും പ്രധാന വിധി കാവേരി നദി ജലം പങ്കിടുന്നതു സംബന്ധിച്ച തർക്കങ്ങളിലാണ്.

മറ്റൊരു സമീപകാല സുപ്രധാന കേസ് കേരളത്തിൽ നിന്നുള്ളതാണ്. കണ്ണൂർ-കരുണാ മെഡിക്കൽ കോളജുകളിലെ ഏതാനും വിദ്യാർത്ഥികളുടെ അഡ്മിഷൻ സുപ്രീം കോടതി അസ്ഥിരപ്പെടുത്തി. നിയമാനുസൃതമല്ലാതെ മാനേജ്മെന്റ് ക്വോട്ടായിൽ അഡ്മിഷനെടുത്ത കുട്ടികളുടെ നിയമനമാണ് റദ്ദാക്കിയത്. 'കുട്ടികളുടെ ഭാവിയെക്കരുതി' കേരള നിയമസഭ പ്രത്യേക നിയമം പാസ്സാക്കി. മെഡിക്കൽ കൗൺസിൽ ഈ നിയമനിർമ്മാണം സുപ്രീം കോടതിയിൽ ചോദ്യം ചെയ്തു. 2018-ലെ സുപ്രധാന സുപ്രീം കോടതി വിധിയിൽ (AIR 2018 SC 5041) താഴെ പറയുന്ന പ്രകാരം രേഖപ്പെടുത്തി.

*"കേരള സംസ്ഥാന ഗവൺമെന്റ് വിവാദ നിയമത്തിലൂടെ കോടതിക്കുള്ള റിവ്യൂ അധികാരത്തിനു സമാനമായ പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത്. ഇതൊരു ദൗർഭാഗ്യകരമായ, അനർത്ഥത്തിലേക്കുള്ള എടുത്തുചാട്ടമാണ്. ഇത്തരത്തിലുള്ള നിയമനിർമ്മാണം ഒട്ടും തന്നെ അനുവദനീയമല്ലെന്നാണു ഞങ്ങളുടെ സുചിന്തിത അഭിപ്രായം. കോടതിവിധിയെ ദുർബ്ബ*

*ലപ്പെടുത്തി അസാധുവാക്കിയിരിക്കുന്നു. ഇതൊരു പ്രകടമായ തോന്ന്യാസ നടപടി തന്നെയാണ്. കേരള ഹൈക്കോടതിയുടെ വിധി ഈ കോടതി ഉറപ്പിച്ചതാണ്. ഓൺലൈൻ മുഖേനയാവണം അപേക്ഷകൾ സ്വീകരിക്കേണ്ടത് എന്ന വിധിയെയാണു ഇവിടെ അട്ടിമറിച്ചിട്ടുള്ളത്. കോടതി വിധിയെ ദുർബ്ബലപ്പെടുത്തി അസാധുവാക്കുന്ന പ്രവൃത്തിയാണിത്. ജുഡീഷ്യറിയിൽ നിക്ഷിപ്തമായ ജുഡീഷ്യൽ അധികാരങ്ങളെ അതിക്രമിച്ച് ഉല്ലംഘിച്ചിരിക്കുന്നു. കേരള ഹൈക്കോടതിയുടെയും ഈ കോടതിയുടെയും വിധികളെയും ഉത്തരവുകളെയും ദുർബ്ബലപ്പെടുത്തുവാൻ സംസ്ഥാന ഗവണ്മെന്റിനു യാതൊരു അവകാശവുമില്ല. നിലവിലുള്ള നിയമത്തിൽ ഏതെങ്കിലും അപാകത മാറ്റുന്നതിനുള്ള ഒരു നടപടിയല്ലിത്. ഇക്കാര്യങ്ങൾ സംബന്ധിച്ച തർക്കങ്ങൾ വിവിധ ഭരണഘടനാ ബഞ്ച് വിധികളിലൂടെ നിശ്ചിതമായി വ്യവസ്ഥപ്പെടുത്തി ഉറപ്പിച്ചിട്ടുള്ളതാണ്. സംസ്ഥാന ഗവണ്മെന്റ് എന്തുകൊണ്ടാണ് ഇത്തരത്തിലുള്ള ഒരു നിയമനിർമ്മാണം നടത്തിയത് എന്നതു മനസ്സിലാകുന്നതേയില്ല'.*

വ്യക്തിഗത വിധികൾ നിയമസഭകൾക്ക് അസ്ഥിരപ്പെടുത്താക്കതല്ലായെന്നും അത്തരത്തിലുള്ള നിയമനിർമ്മാണം നിയമവാഴ്ചയുടെ മരണമണി മുഴക്കുമെന്നും കാവേരി നദിജല കേസിൽ സുപ്രീം കോടതി വ്യക്തമാക്കി.

സഭ അതിന്റെ അടിസ്ഥാന തത്വങ്ങൾ പ്രകാരമാണ് ഭരിക്കപ്പെടേണ്ടതെന്നും ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളാവുന്നതല്ലെന്നും 1904-ലെ സ്കോട്ലണ്ട് ഫ്രീ ചർച്ച് വിധി ഉദ്ധരിച്ച് കോലഞ്ചേരിപ്പള്ളിക്കേസിൽ, സുപ്രീം കോടതി ചൂണ്ടിക്കാട്ടി.

**സുപ്രീം കോടതിവിധി രാജ്യത്തെ നിയമം**

സുപ്രീം കോടതി വിധി രാജ്യത്തെ നിയമമാണെന്ന (Law of the Land) അനുശാസനം ഭരണഘടനയിൽ എഴുതിച്ചേർത്തിട്ടുള്ളതിനു പുറമെ, ഇത് എഴുതിപ്പതിഞ്ഞ ഒരു നിയമ തത്ത്വവുമാണ്. 2018-ലെ പിറവം പള്ളിക്കേസ് വിധിയിൽ സുപ്രീം കോടതി താഴെ പറയുന്ന പ്രകാരം രേഖപ്പെടുത്തി.

*"ബന്ധപ്പെട്ട എല്ലാ കോടതികളും അധികാരികളും ഈ വിധിക്കനുസരണമായി പ്രവർത്തിക്കേണ്ടതാകുന്നു; ഇനി മേലിൽ, ഇക്കാര്യങ്ങളിൽ കോടതികളിൽ വ്യവഹാരപ്പെരുപ്പം സൃഷ്ടിച്ചുകൂടാ."*

**എന്താണു സഭാ കേസുകളിൽ സുപ്രീം കോടതി വിധി?**

* 1934-ലെ മലങ്കരസഭാ ഭരണഘടന സാധുവാണ്.

* 1934-ലെ ഭരണഘടന പള്ളികളെ ബന്ധിക്കുന്നതാണ്; സ്ഥായിയായി നിലനില്ക്കുന്നതാണ്.

* മലങ്കരസഭ എപ്പിസ്കോപ്പൽ സ്വഭാവമുള്ളതാണ്; 1934-ലെ ഭരണഘടനയിൽ പറഞ്ഞിട്ടുള്ളത്ര എപ്പിസ്കോപ്പലാണ്.

* ഇടവകപ്പള്ളികൾക്ക് 2002-ലെ പുതിയ ഭരണഘടന പോലുള്ള ഭരണരീതി സ്വീകരിക്കാവുന്നതല്ല; ഇത്തരം പ്രവൃത്തികൾ ഇൻഡ്യൻ ഭരണഘടനയുടെ 25-ഉം 26-ഉം അനുഛേദനങ്ങൾക്കു വിരുദ്ധമാണ്.

* പാത്രിയർക്കീസിന്റെ ആത്മീയ മേൽക്കോയ്മയുടെ മറവിൽ പള്ളികളിൽ സമാന്തര ഭരണ സംവിധാനം ഉണ്ടാക്കാവുന്നതല്ല.

* പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ കാതോലിക്കായാണ്; മലങ്കര മെത്രാപ്പോലീത്തായെന്ന നിലയിൽ ആത്മീയ അധികാരങ്ങളും അദ്ദേഹം വഹിക്കുന്നു.

* മലങ്കര സഭയുടെ ലൗകികവും വൈദികവും ആത്മീയവുമായ ഭരണത്തിന്റെ പ്രധാന ഭാരവാഹിത്വം, 1934-ലെ ഭരണഘടനയിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്കു വിധേയമായി, മലങ്കര മെത്രാപ്പോലീത്തായ്ക്കുള്ളതാണ്.

* പാത്രിയർക്കീസിന്റെ ആത്മീയാധികാരം അസ്തമനബിന്ദുവിലെത്തിയെന്ന കോടതിയുടെ കണ്ടെത്തലിന് സർവ്വശക്തിയും നൽകേണ്ടിയിരിക്കുന്നു. ഇതിന്റെ ഫലമായി, പാത്രിയർക്കീസിന് പള്ളികളുടെ ഭരണകാര്യത്തിൽ ഇടപെടാവുന്നതല്ല; വികാരിമാരെയും വൈദികരെയും ശെമ്മാശന്മാരെയും മേൽപട്ടക്കാരെയും നിയമിക്കാവുന്നതല്ല. ഈ നിയമനാധികാരം, 1934-ലെ ഭരണഘടനപ്രകാരം, ബന്ധപ്പെട്ട ഭദ്രാസനങ്ങൾ, മെത്രാപ്പോലീത്താമാർ തുടങ്ങിയവരിൽ നിക്ഷിപ്തമാണ്.

* ഒരു സഭാംഗത്തിനു സഭ വിട്ടു പോകാം. ഏതു സംഘടനയുടെയും അംഗത്വം വേണ്ടെന്ന് വെക്കാനുള്ള അവകാശത്തിനും ആഗോള മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ 20-ാം അനുച്ഛേദത്തിനും അനുസൃതമാണിത്. എന്നാൽ ഒരു പള്ളിയുടെ ഇടവകപ്പൊതുയോഗത്തിന് ഭൂരിപക്ഷ തീരുമാനപ്രകാരമോ അല്ലാതെയോ മലങ്കരസഭ വിട്ടുമാറുവാൻ തീരുമാനിക്കാവുന്നതല്ല. ഒരിക്കൽ **ട്രസ്റ്റുണ്ടായാൽ അത് എക്കാലവും നിലനിൽക്കും.**

* ഒരു സഭ രൂപീകരിക്കുകയും അത് അതിന്റെ ഗുണഭോക്താക്കളുടെ മെച്ചത്തിനു വേണ്ടിയായിരിക്കുകയും ചെയ്യുമ്പോൾ, പ്രസ്തുത ഗുണഭോക്താക്കൾക്ക്, ഭൂരിപക്ഷമുണ്ടെങ്കിൽപ്പോലും, അതിന്റെ സ്വത്തും ഭരണവും കൈപ്പിടിയിലാക്കുവാൻ കഴിയുന്നതല്ല. മലങ്കരസഭ ഒരു ട്രസ്റ്റിന്റെ രൂപത്തിലുള്ളതാണ്. ട്രസ്റ്റിലാണ് അതിന്റെ വസ്തുക്കൾ നിക്ഷിപ്തമാകുന്നത്. 1934-ലെ ഭരണഘടനപ്രകാരം, ഇടവകാംഗങ്ങൾക്കു ഒറ്റയ്ക്കൊറ്റയ്ക്ക് സഭ വിട്ടുപോകാം. എന്നാൽ സഭാധികാരികളുടെ അംഗീകാരമില്ലാതെ 1934-ലെ ഭരണഘടനയുടെ പരിധിക്കു വെളിയിൽ സഭയുടെ സ്ഥാവരജംഗമ സ്വത്തുക്കൾ എടുത്തുകൊണ്ടുപോകുവാൻ അനുവദിക്കപ്പെട്ടിട്ടില്ല.

* പാത്രിയർക്കീസിനും കാതോലിക്കായ്ക്കും ബന്ധപ്പെട്ട എല്ലാവർക്കും ബാധകമായ 1995-ലെ കോടതിവിധിയിലെ ആജ്ഞകൾ ലംഘിക്കുന്നതിനാണ് അപ്പീൽവാദികൾ പാത്രിയർക്കീസിന്റെ ഭൗതികാധികാരങ്ങൾ ഉയർത്തിപ്പിടിച്ചിട്ടുള്ളത് എന്നത് വ്യക്തമാണ്.

* ചരിത്രപശ്ചാത്തലവും പിന്തുടർന്നുപോന്ന നടപടിക്രമങ്ങളും പ്രകാരം, പാത്രിയർക്കീസിന്, വികാരിമാർ, വൈദികർ, ശെമ്മാശന്മാർ, മേൽപട്ടക്കാർ തുടങ്ങിയവരെ നി യമിക്കാനുള്ള അധികാരം പ്രയോഗിക്കാവുന്നതല്ല. ഇത്തരം അധികാരങ്ങൾ സഭയുടെ അധികാരശ്രേണിയിലുള്ള മറ്റ് അധികാരികൾക്കു മാത്രമായി നീക്കിവച്ചിട്ടുള്ളതാണ്. അതുകൊണ്ട് 2002-ലും തുടർന്നും ചെയ്തതുപോലെ, പള്ളികളിൽ സമാന്തര ഭരണസംവിധാനം സൃഷ്ടിക്കുന്നതിനായി 1934-ലെ ഭരണഘടന ലംഘിച്ചുകൊണ്ട് അധികാരം വിനിയോഗിക്കുന്നതിന് പാത്രിയർക്കീസിനെ അനുവദിക്കാവുന്നതല്ല.

* ഏകപക്ഷീയമായ, മേൽപറഞ്ഞ, പാത്രിയർക്കീസിന്റെ അധികാരപ്രയോഗങ്ങൾ നിയമവിരുദ്ധമാണെന്ന് 1995-ൽ ഈ കോടതി വിധിച്ചതാണ്. ഈ വിധിയും ലംഘിച്ചിരിക്കുകയാണ്. **ഞങ്ങൾ ഈ വിധിന്യായത്തിൽ വിശദീകരിച്ചിട്ടുള്ളപ്രകാരം, പക്ഷാന്തരമായി മാത്രമാണ്, 1995-ലെ വിധിയിൽ, പാത്രിയർക്കീസിന് അധികാരമുണ്ടെങ്കിൽത്തന്നെ അതു പ്രയോഗിക്കാൻ കഴിയുന്നതല്ലായെന്ന തീരുമാനം കൈക്കൊണ്ടത്.**

* ഇടവകാംഗങ്ങൾക്ക് പാത്രിയർക്കീസിന്റെ ആത്മീയ മേലദ്ധ്യക്ഷതയിലും അപ്പോസ്തോലിക പിന്തുടർച്ചയിലും വിശ്വാസമർപ്പിക്കാൻ സ്വാതന്ത്ര്യമുണ്ട്. എന്നാൽ അത് 1934-ലെ ഭരണഘടന അതിലംഘിച്ച്, വികാരിമാർ, വൈദികർ, ശെമ്മാശന്മാർ, മേൽപ്പട്ടക്കാർ തുടങ്ങിയവരുടെ നിയമനങ്ങൾ നടത്തുന്നതിനായി ഉപയോഗിക്കുവാൻ സാദ്ധ്യമല്ല.

* 1934-ലെ ഭരണഘടനയിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഭദ്രാസനങ്ങൾക്ക് എല്ലാ ആഭ്യന്തര കാര്യങ്ങളിലും തീരുമാനം ചെയ്യാനവകാശമുള്ളതും ഭദ്രാസനങ്ങൾക്കായി മെത്രാന്മാരെ തെരഞ്ഞെടുക്കാവുന്നതുമാണ്.

* വികാരിമാരുടെ നിയമനം മതേതര വിഷയമാണ്. 1934-ലെ ഭരണഘടനപ്രകാരം, വികാരിമാർ, ശെമ്മാശന്മാർ, മെത്രാന്മാർ തുടങ്ങിയവരെ നിയമിക്കുന്നതുമൂലം, ഇന്ത്യൻ ഭരണഘടന 25, 26 അനുഛേദങ്ങൾ വിഭാവനം ചെയ്യുന്ന

ഏതെങ്കിലും അവകാശങ്ങളുടെ ലംഘനം ഉണ്ടാകുന്നില്ല. ആത്മീയ മേലദ്ധ്യക്ഷതയുടെ മറപിടിച്ച് മേൽപറഞ്ഞ കാര്യങ്ങളിൽ ഇടപെടുവാൻ പാത്രിയർക്കീസിന് അധികാരമില്ല. മറിച്ചാകണമെങ്കിൽ നിയമാനുസൃതം 1934-ലെ ഭരണഘടന ഭേദഗതി ചെയ്യേണ്ടതുണ്ട്. ഈ തത്വം ബന്ധപ്പെട്ടവർക്കെല്ലാം ബാധകമാണ്.

* വിവിധ തലങ്ങളിൽ ചുമതലകൾ വിഭജിച്ചാണ് സഭയുടെ ഭരണം നടത്തുന്നത്. ഒരു വ്യക്തിക്ക്, അയാൾ എത്ര തന്നെ ഉന്നതനായാലും, ഈ ഭരണരീതി കവർന്നെടുക്കാവുന്നതല്ല. 1934-ലെ ഭരണഘടനയിലുള്ള ചുമതലവിഭജനം സഭയുടെ കാര്യക്ഷമമായ ഭരണത്തിനുവേണ്ടിയാണ്. ഭരണഘടനയിലെ ഇതു സംബന്ധിച്ച നിശ്ചയങ്ങൾ സഭ എപ്പിസ്കോപ്പൽ സ്വഭാവമുള്ളതാണെന്ന അടിസ്ഥാനതത്വത്തിന് എതിരല്ല. അന്ത്യോക്യാ പാത്രിയർക്കീസിന്റെ ആത്മീയ മേലദ്ധ്യക്ഷത എന്ന സങ്കല്പത്തിന് എതിരായാണ് 1934-ലെ ഭരണഘടന എന്നു വ്യാഖ്യാനിക്കത്തക്കതല്ല. അതേപോലെ, ഇത് ഒരു അനീതി നിറച്ച പ്രമാണ സാമഗ്രിയോ പാത്രിയർക്കീസിന്റെ ആത്മീയ മേലദ്ധ്യക്ഷതയിൽ വിശ്വാസമർപ്പിച്ച ഇടവകാംഗങ്ങളെ അടിച്ചമർത്തുന്നതിനുള്ള ഉപാധിയോ ആകില്ല.

* പള്ളിയും, സെമിത്തേരിയും ആർക്കും പിടിച്ചെടുക്കാവുന്നതല്ല. പുരാതന ആചാരപ്രകാരം നിലനിന്നുപോന്ന പോലെ, പ്രസ്തുത അവകാശത്തോടെ, ഇത് ഇടവകാംഗങ്ങളിൽ നി ലനിൽക്കേണ്ടതാണ്. മലങ്കരസഭാ വിശ്വാസത്തിൽ തുടരുന്നിടത്തോളം, ഒരു ഇടവകാംഗം ഈ അവകാശങ്ങൾ അനുഭവിക്കുന്നതിനെ ആർക്കും നിഷേധിക്കാവുന്നതല്ല. സെമിത്തേരിയിൽ മാന്യമായി സംസ്കരിക്കപ്പെടാനുള്ള അവകാശത്തെ ഹനിക്കാവുന്നതുമല്ല. അതിന്റെ ഉടമകൾ തങ്ങളെന്ന് ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ പോലും ആർക്കും അവകാശവാദം ഉയർത്താവുന്നതല്ല. ഭൂരിപക്ഷത്തിനും ഇതു സാദ്ധ്യമല്ല; ആർക്കും പള്ളിയോ സ്വത്തുക്കളോ കയ്യേറാവുന്നതുമല്ല.

* സഭയുടെ സ്വാഭാവിക പൊതുവിശ്വാസം യേശുക്രിസ്തുവിലാണ്. ഇത് കാതോലിക്കോസിന്റെയും പാത്രിയർക്കീസിന്റെയും അധികാരത്തിന്റെ പേരിൽ, അനാവശ്യമായി വിഭജിക്കാൻ ശ്രമിക്കുകയാണ്. ഭരണവും മറ്റ് അധികാരങ്ങളും പിടിച്ചെടുക്കുവാൻ യഥാർത്ഥത്തിൽ ഒരു ശ്രമം നടത്തി വരുന്നു. ഇതിനായി, ആദ്ധ്യാത്മികതയുടെ മറവിൽ, ഭൗതികമായ കാര്യങ്ങളിൽ ആധിപത്യം ഉറപ്പിക്കുവാൻ പാത്രിയർക്കീസിന്റെയും കാതോലിക്കോസിന്റെയും മേലദ്ധ്യക്ഷത സംബന്ധിച്ച് തർക്കങ്ങൾ ഉണ്ടാക്കുകയാണ്. ഈ തർക്കങ്ങൾക്ക് എന്തെങ്കിലും നല്ലതോ യഥാർത്ഥമോ ആയ കാരണങ്ങളില്ല.

* പാത്രിയർക്കീസിന്റെ അധികാരം പള്ളിയുടെ ഭൗതിക ഭരണകാര്യങ്ങളിലേക്ക് ഒരിക്കലും വ്യാപരിച്ചിട്ടില്ല. 1995-ലെ വിധിന്യായത്തെ ലംഘിച്ച് പള്ളിക്കാര്യങ്ങളിൽ, പാത്രിയർക്കീസ് നടത്തിയ അനർഹമായ ഇടപെടലുകളെയും പ്രവൃത്തികളെയും ചോദ്യം ചെയ്യുന്നതിലൂടെ പാത്രിയർക്കീസിന്റെ ആത്മീയ പരമാധികാരത്തെ കാതോലിക്കോസ് വിഭാഗം നിഷേധിക്കുന്നു വെന്നു പറയാനാവില്ല. 1995-ലെ വിധിക്ക് ശേഷം സൃഷ്ടിക്കപ്പെട്ട അവസ്ഥയ്ക്ക് പാത്രിയർക്കീസ് വിഭാഗത്തെ കുറ്റപ്പെടുത്തേണ്ടിയിരിക്കുന്നു. പള്ളിയുടെ സ്വത്തുക്കൾ 1934-ലെ ഭരണഘടനപ്രകാരം ഭരിക്കപ്പെടേണ്ടതാണ്. ബന്ധപ്പെട്ട എല്ലാവർക്കും ബാധകമായ 1995-ലെ വിധിയെ പാത്രിയർക്കീസ് വിഭാഗം ബഹുമാനിച്ചിട്ടില്ല. ഹൈക്കോടതിയിൽ, കാതോലിക്കാപക്ഷം റിട്ട് ഹർജികൾ ഫയൽ ചെയ്തത് പാത്രിയർക്കീസും (അദ്ദേഹത്തിന്റെ അനുയായികളും) 1995-ലെ വിധി ലംഘിച്ച് വികാരി മുതലായവരെ നിയമിക്കുന്നത് തടയുന്നതിനു വേണ്ടിയായിരുന്നു.

* 1934-ലെ ഭരണഘടന ഇപ്പോൾ നടപ്പിലാക്കുകയാണു വേണ്ടത്. അതിനെതിരെയുള്ള തർക്കങ്ങളും തടസ്സങ്ങളും പാത്രിയർക്കീസ് വിഭാഗത്തിന് ഉയർത്താവുന്ന തരത്തിലുള്ളവയല്ല. മലങ്കരസഭയുള്ളിടത്തോളം, സ്വത്തുക്കൾ സഹിതം, തനിമയോടെ ഒന്നാകെയാണു സഭ നിലനിൽക്കേണ്ടത്. ഒരു ഗ്രൂപ്പിനോ ഘടകത്തിനോ, ഭൂരിപക്ഷപ്രകാരമോ അല്ലാതെയോ സ്വത്തുക്കളോ ഭരണമോ കൈക്കലാക്കുവാൻ സാദ്ധ്യമല്ല. എന്തുകൊണ്ടെന്നാൽ, അത് സഭയുടെ ഭരണകാര്യങ്ങളിലെ തികച്ചും നിയമവിരുദ്ധമായ കൈകടത്തലാകും; വസ്തുക്കളിന്മേൽ കയ്യൂക്കുകൊണ്ടുള്ള കയ്യേറ്റമാകും. സഭയുടെ സ്വഭാവത്തിനോ അതിന്റെ വസ്തുക്കൾക്കോ ഭരണത്തിനോ മാറ്റം വരുത്തുവാൻ ഗുണഭോക്താക്കൾക്ക്, ഭൂരിപക്ഷമുണ്ടെങ്കിൽ പോലും, സാധിക്കുന്നതല്ല. നിയമാനുസൃതം 1934-ലെ ഭരണഘടന ഭേദഗതി ചെയ്യുക മാത്രമാണ് ഭരണക്രമം മാറ്റുവാനുള്ള ഏക ഉപാധി. 1934-ലെ ഭരണഘടനയുടെ വ്യവസ്ഥകൾക്കു വിരുദ്ധമായി ഇടവകപ്പള്ളികൾക്ക് ബൈലോകൾ പോലും ഉണ്ടാക്കത്തക്കതല്ല.

* 1934-ലെ ഭരണഘടന, മലങ്കരസഭയുടെ വസ്തുക്കളിൽ, നിലവിലോ ഭാവിയിലോ ഉള്ള സ്ഥാപിതമോ വ്യവസ്ഥകൾക്ക് വിധേയമായതോ ആയ, അവകാശമോ ഉടമസ്ഥതയോ താൽപര്യമോ, സൃഷ്ടിക്കുകയോ പ്രഖ്യാപിക്കുകയോ കൈമാറുകയോ പരിമിതപ്പെടുത്തുകയോ ഇല്ലാതാക്കുകയോ ചെയ്യുന്നില്ല; ഒരു ഭരണസംവിധാനമുണ്ടാക്കുക മാത്രമാണ് ചെയ്യുന്നത്. അതുകൊണ്ടു തന്നെ ഈ ഭരണഘടന രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ല. ഉടമ്പടികൾ രജിസ്റ്റർ ചെയ്തതാണ് എന്നവകാശപ്പെടുന്നതുകൊണ്ടു മാത്രം, ഏതു നിലയിലും, മേൽപറഞ്ഞ കാരണങ്ങളാൽ, 1934-ലെ ഭരണഘടനയെ ഉടമ്പടികൾ മറികടക്കുന്നതല്ല.

* അടിസ്ഥാനപരമായി എപ്പിസ്കോപ്പലായ ഈ സഭയിൽ പള്ളികൾക്ക് എത്രത്തോളം സ്വയംഭരണം ഭരണഘടന നൽകിയിട്ടുണ്ടോ, അത് 22-ാം വകുപ്പിൽ പറയുന്ന ഭരണത്തിനും അത്യാവശ്യ ചെലവുകൾക്കും വേണ്ടിയാണ്.

* 2002-ലെ ഭരണഘടനയുടെ രൂപീകരണം നിയമവിരുദ്ധവും അസാധുവുമായ നടപടികളുടെ ഫലമായുള്ളതാണ്. അത് അംഗീകരിക്കാനാവില്ല. മലങ്കരസഭയിലെ പള്ളികളുടെ സമാന്തര ഭരണത്തിനുള്ള സംവിധാനമായി അതിനെ കണക്കാക്കാനുമാവില്ല. 1934-ലെ ഭരണഘടനപ്രകാരമാണ് പള്ളികളിലെ ഭരണം നടത്തേണ്ടത്.

* 1934-ലെ ഭരണഘടന ഇടവകപ്പള്ളികളുടെ ഭരണത്തിനനുയോജ്യവും മതിയായതുമാണ്. അതിനാൽ സിവിൾ നടപടി നിയമം 92-ാം വകുപ്പുപ്രകാരം ഒരു സ്കീം (ഭരണസംവിധാനം) രൂപീകരിക്കേണ്ട ആവശ്യമില്ല.

* രണ്ടു വിഭാഗങ്ങളും തമ്മിൽ ഭിന്നത നിലനിൽക്കുന്നതിനാലും രണ്ടു വിഭാഗങ്ങൾ തമ്മിലുള്ള ഒത്തുതീർപ്പിനുള്ള സാദ്ധ്യത വളരെ വിരളമായതിനാലും, ഓരോ വിശ്വാസത്തിലും നിൽക്കുന്ന ഓരോ വികാരിമാരെ, ശുശ്രൂഷകൾ നടത്താൻ അനുവദിക്കണമെന്ന അപേക്ഷ അംഗീകരിക്കത്തക്കതല്ല; കാരണം, ഇത് സമാന്തര ഭരണസംവിധാനത്തിന് പരിപോഷണം നൽകുന്നതാകും.

**വിലയിരുത്തൽ**

കേരള നിയമസഭയിലൂടെ നിയമ നിർമ്മാണം നടത്തിക്കിട്ടണമെന്ന ആവശ്യം ഉന്നയിക്കുന്നവർക്കും അതിനായി നിലകൊള്ളുന്നുവെന്ന പ്രഖ്യാപനം നടത്തുന്നവർക്കും ഒരു കാര്യം ഉറപ്പാണ് - ഈ ആവശ്യം ഭരണഘടനാനുസൃതമല്ല. ആര് ഇക്കാര്യം ചോദ്യം ചെയ്ത് കോടതിയെ സമീപിച്ചാലും, ഉണ്ടാക്കിയെടുത്തേക്കാവുന്ന നിയമം കോടതി അസ്ഥിരപ്പെടുത്തും.

ഇപ്പോൾ നിയമ നിർമ്മാണത്തെപ്പറ്റി ഉയർത്തുന്ന പാഴ്മൊഴികൾ ദുരുദ്ദേശ്യത്തോടെയാണ്. ഒരു വിഭാഗം സഭാംഗങ്ങളുടെ 'കണ്ണിൽ പൊടിയിടൽ' മാത്രമാണ് ഇവരുടെ ലക്ഷ്യം.

(പബ്ലിക് റിലേഷൻസ് വിഭാഗം,
മലങ്കര ഓർത്തഡോക്സ് സഭ)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പുസ്തക വായന

# മാത്യൂസ് മാർ എപ്പിഫാനിയോസ്: സൗമ്യ ദീപ്തി

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

വിവിധ കാലഘട്ടങ്ങളിൽ കൊല്ലം (1985 2009), തിരുവനന്തപുരം (1999 2005) തുടങ്ങിയ ഭദ്രാസനങ്ങളിൽ ഭരണവും ശുശ്രൂഷയും നിർവ്വഹിച്ച മാത്യൂസ് മാർ എപ്പിഫാനിയോസ് തിരുമേനിയുടെ ജീവിത സാക്ഷ്യം സമഗ്രമായി അദ്ദേഹത്തിന്റെ സഹോദരൻ 85-ന്റെ നിറവിലെത്തിയ കെ. ബേബി കൂട്ടറഴികത്ത് സൗമ്യദീപ്തിയിൽ അവതരിപ്പിക്കുന്നു.

എട്ടു പതിറ്റാണ്ടിന്റെ പുണ്യം പ്രദാനം ചെയ്ത മലങ്കരയുടെ സൗമ്യ തേജസ്സായ മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലിത്തായുടെ ജീവിതവും ദർശനവും അടയാളപ്പെടുത്തുന്ന പ്രൗഢ ഗ്രന്ഥമാണ് സൗമ്യ ദീപ്തി.


കൊല്ലം ഭദ്രാസന സഹായ മെത്രാപ്പോലിത്ത (1985 1991), തിരുവനന്തപുരം ഭദ്രാസന മെത്രാപ്പോലിത്ത 1999 –2005), കൊല്ലം ഭദ്രാസന മെത്രാപ്പോലിത്ത (1991 2009 ) തുടങ്ങിയ നിലകളിൽ ദീർഘകാലം ഭരണവും ശുശ്രൂഷയും നിർവ്വഹിച്ച മാത്യൂസ് മാർ എപ്പിഫാനിയോസ് തിരുമേനിയുടെ ജീവിത സാക്ഷ്യം സമഗ്രമായി അദ്ദേഹത്തിന്റെ സഹോദരൻ 85 ന്റെ നിറവിലെത്തിയ കെ. ബേബി കൂട്ടറഴികത്ത് ഇതിൽ അവതരിപ്പിക്കുന്നു. ഉത്തമ അദ്ധ്യാപകൻ, സംഘാടകൻ,പ്രഭാഷകൻ എന്നീ നിലകളിൽ അറിയപ്പെടുന്ന കെ.ബേബി സാറിന്റെ എഴുത്തിലും അവതരണത്തിലും നിറഞ്ഞു നിൽക്കുന്നത് മാത്യൂസ് മാർ എപ്പിഫാനിയോസ് തിരുമേനിയെക്കുറിച്ചുള്ള നേർക്കാഴ്ചകളാണ്.

കുടുബ പശ്ചാത്തലം വിശദീകരിച്ചാണ് ആ പദമുദ്രകൾ തെളിയിക്കുന്നത്. അതിസമ്പന്നമായ കുടുംബ പശ്ചാത്തലം അദ്ദേഹത്തിന് ഇല്ലായിരുന്നു. എന്നാൽ വിനയശീലം, സൗമ്യത, പരിശ്രമശീലം, ദീനാനുകമ്പ, പ്രാർത്ഥനാ ജീവിതം, ആരാധനാ നുഭവം, ദൈവഭയം എന്നീ സവിശേഷതകളുള്ള കുടുബത്തിലാണ് അദ്ദേഹം ജനിച്ചതും വളർന്നതും എന്നു പറഞ്ഞാണ് ജീവിതക്കാഴ്ചകൾ അവതരിപ്പിക്കുന്നത്.

ചെങ്കുളം യു.പി.സ്കൂൾ ഹെഡ് മാസ്റ്ററായി പ്രവർത്തിക്കുന്ന സമയത്താണ് മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലിത്ത (പിന്നീട് മാത്യൂസ് ദ്വിതീയൻ ബാവ) 1953 ൽ എന്റെ കൂടെ വരുന്നുണ്ടോ എന്നു ചോദിച്ച് കൂട്ടഴികത്ത് കെ. മത്തായിയെ വിളിച്ചത്. സൂര്യതേജസ്സായി ജ്വലിച്ച ആ മുഖകാന്തിയും ശബ്ദവും കെ. മത്തായി സാർ ദൈവ വിളിയായി സ്വീകരിച്ചു. ജോലി ഉപേക്ഷിച്ച് ദൈവവിളി ഉൾക്കൊണ്ട കെ മത്തായി പിന്നീട് വൈദികനും റമ്പാനും മെത്രാപ്പോലിത്തായുമായി.

ഓതറ ദയറായിൽ 1954 ൽ എത്തിയ കെ മത്തായിക്ക് മാത്യൂസ് മാർ കൂറിലോസ് നൽകിയ കല്പനയിൽ താൻ ഒരു പണ്ഡിതനും പരിശുദ്ധനും ആയിത്തീരണം. നമ്മോട് ഒന്നിച്ച് താമസിക്കണം എന്ന് ആവശ്യപ്പെട്ടു. ഇതിൽ മൂന്നാമത്തേത് ഏതാണ്ട് ഒത്തു കിട്ടി എന്ന് മാത്യൂസ് മാർ എപ്പിഫാനിയോസ് തിരുമേനി നർമ്മം കലർത്തി പറഞ്ഞിട്ടുണ്ട്. ഗുരുവായ മാത്യൂസ് മാർ കൂറിലോസ് തിരുമേനിയോടൊപ്പം 1954 മുതൽ 64 വരെ ഓതറ ദയറായിലും 1964 മുതൽ 1985 വരെ കൊല്ലം അരമനയിലും താമസിച്ച് സഭാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഏതാണ്ട് 45 വർഷം ഗുരുവിനെ അനുധാവനം ചെയ്ത ഉത്തമ ശിഷ്യനായി മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലിത്ത,

'പാവം അദ്ധ്യാപകനായിരുന്ന എനിക്ക് പൗരോഹിത്യത്തിന്റെ പടികൾ കയറി മേൽപ്പട്ടക്കാരൻ വരെയാകുവാൻ കഴിഞ്ഞത് പ. മാത്യൂസ് ദ്വിതീയൻ




ബാവായുടെ പിതൃ തുല്യ വാത്സല്യം കൊണ്ടാണെന്നും മാർ എപ്പിഫാനിയോസ് പറഞ്ഞിട്ടുണ്ട്.' പ്രമുഖ ധ്യാന ഗുരു, വേദ പുസ്തക പണ്ഡിതൻ , അനുഗ്രഹീത അജപാലകൻ , മികച്ച അദ്ധ്യാപകൻ, ഉജ്വല പ്രഭാഷകൻ എന്നി നിലകളിൽ അറിയപ്പെട്ട അദ്ദേഹം 2009 ഫെബ്രുവരി 9 ന് കാലം ചെയ്തു. കൊല്ലം അരമനയോടും പള്ളിയോടും ചേർന്നുള്ള സ്ഥലത്ത് കമ്പറടക്കി.

സൗമ്യ ദീപ്തിയിൽ നാലു ഭാഗങ്ങളിലായി 488 പേജുകളും 70 അദ്ധ്യായങ്ങളും 32 പേജ് കളർ ചിത്രങ്ങളും ഉണ്ട്. ഒന്നാം ഭാഗം കെ.ബേബി കൂട്ടറഴികത്ത് എഴുതിയ ആത്മാധിഷ്ഠിത ജീവചരിത്രമാണ്. രണ്ടാം ഭാഗത്ത് വിവിധ മെത്രാപ്പോലിത്തന്മാരുടെ സാക്ഷ്യവും മൂന്നാം ഭാഗത്ത് എപ്പിഫാനിയോസ് തിരുമേനിയുടെ ജീവിതത്തെ അടുത്തറിഞ്ഞവരുടെ അനുഭവക്കുറിപ്പുകളുമാണ്. നാലാം ഭാഗത്ത് അഭിമുഖങ്ങളും അന്ത്യ സന്ദേശങ്ങളുമാണ്.

മാർ എപ്പിഫാനിയോസ് മെത്രാപ്പോലിത്തായുടെ ഗുരുവായ ഫാ.ഡോ.റ്റി. ജെ.ജോഷ്വ, സഹപാഠികളായ കുറിയാക്കോസ് മാർ ക്ലീമ്മീസ്, റവ. കെ.വി ജോസഫ് റമ്പാൻ എന്നിവർ അദ്ദേഹത്തിന്റെ സെമിനാരി പഠന കാലം ഓർമ്മിച്ചെടുക്കുന്നു. സഭയിലും സമൂഹത്തിലുമുള്ള നിരവധി പ്രഗൽഭരുടെ ലേഖനങ്ങളും ഇതിലുണ്ട്. ഹൃദ്യമായ അവതരണം, ആത്മനിഷ്ഠമായ വിശകലനം, സൂക്ഷ്മ നിരീക്ഷണം, സുതാര്യമായ ആവിഷ്ക്കാരം, സാമൂഹിക സാംസ്കാരിക പശ്ചാത്തലങ്ങളുടെ ക്രോഡീകരണം എന്നിവ ഈ കൃതിക്ക് മികവ് പകരുന്നു.

വിനയത്തിന്റെയും ജ്ഞാനത്തിന്റെയും കാരുണ്യത്തിന്റെയും പ്രകാശമാണ് മാർ എപ്പിഫാനിയോസ് തിരുമേനിയുടെ ജീവിതം. പ്രകാശിപ്പിക്കുന്നവൻ, തേജസ്സുള്ളവൻ എന്നർത്ഥം സമഗ്രമായി ആ ജീവിതത്തിൽ പ്രോജ്ജ്വലിച്ചു. ആ ആത്മീയ പൗരുഷത്തിന്റെ ഭ്രമണ പഥങ്ങളിലൂടെയുള്ള യാത്രാനുഭമാണ് സൗമ്യ ദീപ്തി.

'അഭിവന്ദ്യ എപ്പിഫാനിയോസ് മെത്രാപ്പോലിത്ത ഗുരുത്വം വിടാത്ത ഗുരുവായി പരിണമിച്ചു. സൗമ്യതയായിരുന്നു ഈ ഗുരുത്വത്തിന്റെ ബാഹ്യ പ്രകാശനം. അങ്ങനെ സൗമ്യ ദീപ്തിയായി ' എന്ന് അവതാരികയിൽ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലിത്ത പറയുന്നു.

വാങ്മുഖം : ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
പ്രസിദ്ധീകരണം ബോധി, പന്തളം.
പേജ് : 488
കോപ്പികൾക്ക് 070340 85780, 0474 2462171, 9447141639
വില 400.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം

# എന്നെ അറിയുന്നവൻ... എനിക്ക് അറിയാത്തവൻ..

## ഹൂദോസ് ഈത്തോ

### വി. യോഹന്നാൻ 10:22-38)

### ഫാ. കെ. കെ. വർഗീസ്



യരുശലേം ദേവാലയത്തിലെ പ്രതിഷ്ഠോത്സവ നാളാണ് യഹൂദന്മാരുമായുള്ള ഈ സംവാദത്തിന്റെ പശ്ചാത്തലം. ഗ്രീസിലെ രാജാവായിരുന്ന അന്ത്യോഖസ് എപ്പിഫാനസ് ബി. സി. 169-ൽ യരുശലേം നഗരവും ദേവാലയവും കീഴടക്കുകയും ദേവാലയം അശുദ്ധമാക്കുകയും ചെയ്തു. എന്നാൽ ബി. സി. 165-ഓട് കൂടി യൂദാസ് മക്കാളിയരുടെ നേതൃത്വത്തിൽ യഹൂദന്മാർ ശത്രുക്കളെ തോൽപ്പിച്ച് ദേവാലയം പുനരുദ്ധരിച്ച് പ്രതിഷ്ഠ നടത്തി.

ഈ പഴയനിയമ പശ്ചാത്തലത്തിലാണ്, പരിശുദ്ധ സഭ അതിന്റെ പ്രതിഷ്ഠാപ്പെരുന്നാൾ അഥവാ ഹൂദോസ് ഈത്തോ സഭയുടെ പ്രതിഷ്ഠ നിരന്തരം നിർവ്വഹിക്കപ്പെടുന്നതിന്റെ പിന്നിലുള്ള ഊന്നൽ പ്രത്യേകം ശ്രദ്ധയർഹിക്കുന്നതാണ്. തങ്ങളുടെ ആരാധനാ ജീവിതത്തിന്റെ കേന്ദ്രമായ, തങ്ങളുടെ തന്നെ വ്യക്തിജീവിതത്തിനെ ദൈവോന്മുഖമാക്കി തീർക്കാൻ അവരെ സഹായിച്ചിരുന്ന, എല്ലാറ്റിനുമുപരിയായി തങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ യഹോവയെ കണ്ടെത്തുവാൻ ഒക്കെ അവരെ സഹായിച്ചിരുന്ന ദേവാലയത്തിന് പറ്റിയ എല്ലാ പോരായ്മകളും പരിഹരിച്ച് പുനഃപ്രതിഷ്ഠക്കു വിധേയപ്പെടുത്തിയതുപോലെ വിശ്വാസിയുടെ ജീവിതമാകുന്ന മന്ദിരത്തിനെ നവീകരിച്ച് വീണ്ടും ദൈവോന്മുഖമായി പ്രതിഷ്ഠിക്കുവാനുള്ള സന്ദർഭമാണ് ഹൂദോസ് ഈത്തോ ദിനം.

**1. പ്രതിഷ്ഠാ കാലത്തെ ശൈത്യം. 10/22**

വേദഭാഗം ആരംഭിക്കുന്നത് ഇപ്രകാരമാണ് "അപ്പോൾ ശീതകാലമായിരുന്നു." മദ്ധ്യപൂർവ്വ ഏഷ്യൻ രാജ്യങ്ങളിൽ കാലാവസ്ഥ അതിന്റെ ഏറ്റവും തീവ്രമായ അവസ്ഥയിൽ ആണ് പലപ്പോഴും അനുഭവപ്പെടുന്നത്. ക്രിസ്തുവിന്റെ ജനനത്തിങ്കൽ ഇടയന്മാർ തീ കാഞ്ഞുകൊണ്ടിരുന്നതും തന്റെ അവസാന നാളിലെ ന്യായവിസ്താര സമയത്ത് കൂടിവന്നവർ, അന്ന് കുളിർ ആകകൊണ്ട്, കനൽ കൂട്ടി തണുപ്പകറ്റിയതുമൊക്കെ ഇതിന്റെ സൂചനകളാണ്-യോഹന്നാൻ 18/18.

പ്രതിഷ്ഠാ നാളുകൾ ശീതകാലത്തായിരുന്നു എന്നാണ് വേദഭാഗത്തിന്റെ സൂചന. എങ്കിലും പ്രതിഷ്ഠാനുഭവവും അതിലുണ്ടാകാവുന്ന ശൈത്യം അഥവാ നിസംഗതയും വേദധ്യാനത്തിൽ ഉൾച്ചേർത്തിട്ടുണ്ട്. ശീതകാലം സ്വാഭാവികമായും ജീവന്റെയും വളർച്ചയുടെയും അഭാവത്തിനെയാണ് സൂചിപ്പിക്കുന്നത്. ജീവന്റെ സൂചനകൾ ചലനവും വളർച്ചയുമാണല്ലോ. ആന്തരികമായ മരവിപ്പുകൾ ജീവനും ജീവിതവും നശിപ്പിക്കുന്നതാണ്.

പ്രതിഷ്ഠാപ്പെരുന്നാളിൽ സംബന്ധിക്കുവാനായി വരുന്ന ജനങ്ങൾ കൂട്ടംകൂടിയിരുന്നത് ശലോമോന്റെ മണ്ഡപത്തിലായിരുന്നു. 8 ദിവസങ്ങൾ ദേവാലയത്തിനുള്ളിൽ ഓരോ വാക്കുകൾ വീതം തെളിയിച്ചാണ് ഈ പെരുന്നാൾ ആഘോഷിച്ചിരുന്നത്. അതുകൊണ്ട് തന്നെ ഈ ദിവസങ്ങളിൽ വലിയ ജനക്കൂട്ടവും ഉണ്ടായിരുന്നു. ക്രിസ്തുവും ശിഷ്യന്മാരും അവരുടെ ഇടയിലൂടെ നടക്കുമ്പോഴാണ് യഹൂദന്മാർ അവനെ സമീപിച്ച് ചോദ്യങ്ങൾ ചോദിക്കുന്നത്. (യോഹ. 10:23). തങ്ങളുടെ പ്രതീക്ഷകൾക്കനുസരിച്ചുള്ള മശിഹാസങ്കല്പത്തിന്റെ അന്വേഷണമാണ് യഹൂദന്മാരിൽ നിന്നുണ്ടാവുന്നത്. അവർ വെച്ചുപുലർത്തിയ ഭീമാകാരമായ സങ്കല്പങ്ങളുടെ മറുപടി യെശയ്യാവ് 55:8-ൽ കാണാനാവും "എന്റെ ചിന്തകൾ നിങ്ങളുടെ ചിന്തകളല്ല, എന്റെ വഴികൾ നിങ്ങളുടെ വഴികളുമല്ല" തികച്ചും യാദൃച്ഛികമെന്നോണം നസറത്തിൽ വെച്ച് അവൻ യെശയ്യാപ്രവചനം വായിക്കുമ്പോൾ 61-ന്റെ 1-3 വരെയുള്ള വാക്യങ്ങളാണ് നമ്മൾ കേൾക്കുന്നത്; തന്റെ ആഗമനോദ്ദേശ്യം അവൻ വെളിപ്പെടുത്തുന്നു.

എട്ട് ദിവസങ്ങളിലെ തുടർച്ചയായ വെളിച്ചത്തിന്റെ ഉത്സവം അവരുടെ മതജീവിതത്തിന്റെ പുറംകാഴ്ചകളെ പ്രഭാപൂരിതമാക്കിയെങ്കിലും ആന്തരികമായ അനുഭവങ്ങളിൽ അന്ധകാരവും അതിശീതവുമായിരുന്നു.

ഹാ ബുദ്ധിയില്ലാത്ത ഗലാത്യരെ നിങ്ങളെ ക്ഷുദ്രം ചെയ്ത് മയക്കിയതാര്? ഗലാത്യർ 3:1. 'അവർ അവനെ എറിയാൻ കല്ലുകൾ എടുത്തു.' യോഹ. 10:31, ലേവ്യ. 24:14-16

ക്രിസ്തു ദൈവദൂഷണം പറയുന്നു എന്നതിനാലാണ് അവർ അവനെ എറിയുവാൻ ഒരുങ്ങുന്നത്. ലേവ്യ 24:14-16. നോക്കുക, ന്യായപ്രമാണം വള്ളിപുള്ളി വിടാതെ ആചരിക്കുന്ന ഒരു സമൂഹത്തിന് മനുഷ്യാവതാരം ചെയ്ത വചനത്തെ മനസിലാകാതെ പോവുന്നു. 2 കോരി. 3:6.

"യഹൂദന്മാർ അവനെ വളഞ്ഞു" യോഹ. 10:23

ശലോമോന്റെ മണ്ഡപത്തിൽ ക്ഷീണിതരായും തീ കാഞ്ഞും ഇരുന്ന സാധാരണ ജനങ്ങൾ ആയിരിക്കില്ല ഇവിടെ സൂചിപ്പിക്കപ്പെടുന്നത്. അവനെ വാക്കാൻ കുടുക്കാനൊരുങ്ങി അവന്റെ പിന്നാലെ നടന്ന ഒരു സമൂഹം, പരീശന്മാരും, സാദൂക്യരും, പുരോഹിതന്മാരും, ജനപ്രമാണികളും, സംഘാലയത്തിന്റെ അധിപന്മാരും ഒക്കെ അടങ്ങുന്ന മുഖ്യധാരാ യഹൂദന്മാർ. അവർക്കാണ് സംശയം. ഹൃദയം കൊണ്ടുതന്നെ അവനെ സ്വീകരിച്ചവരല്ല ഇക്കൂട്ടർ. തങ്ങളുടെ ബുദ്ധികൊണ്ട്, യുക്തികൊണ്ട്, തലച്ചോർ കൊണ്ട് അവനെ അന്വേഷിക്കുന്നവർ. അവർ ഇന്നും ആവശ്യപ്പെടുന്നു; നീ സൗമ്യമായി പറയുക....!!!

എന്റെ അഹന്തയുടെ ഇത്തിരിപ്പോന്ന വെട്ടം അണഞ്ഞപ്പോഴാണ് ദൈവം എനിക്കുവേണ്ടി കരുതിവെച്ച നിലാവെളിച്ചം ഞാൻ കണ്ടത്. -ടാഗോർ-

**ഇടയനും വാതിലും 10/26, 9/9**

രണ്ട് തരം ആശക്കാർ എപ്പോഴും അവന്റെ പിന്നാലെ ചെന്നു എന്ന് സുവിശേഷ സൂചനകൾ മനസിലാക്കുക.

1. അവന്റെ ലാവണ്യമുള്ള വാക്കുകളെ പിന്തുടർന്നവർ

2. അവനെ വാക്കിൽ കുടുക്കാനൊരുങ്ങിയവർ. 10:24, മത്തായി 12:2, 12:10, 13:54

ഒന്നാമത്തെ കൂട്ടരുടെ ഇടയിലാണ് ക്രിസ്തു മണ്ഡപത്തിൽ നിൽക്കുന്നത്. അപ്പോൾ രണ്ടാമത്തെ കൂട്ടർ അവനെ സമീപിക്കുന്നു. അവരോട് താൻ ആരാണെന്നും, 10:25 അവർ ആരാണെന്നും യേശു പറയുന്നുണ്ട്. 10:26 നല്ല ഇടയൻ ആടുകളെ തനിച്ച് വിട്ടിട്ട് പോകാതെ തൊഴുത്തിന്റെ വാതിലിൽ തന്നെ കാവൽ ചെയ്യുന്നവൻ ആണ്. അങ്ങനെ "ഇടയൻ തന്നെ വാതിൽ" എന്ന യാഥാർത്ഥ്യം അവരെ ബോധ്യപ്പെടുത്താൻ ക്രിസ്തു ശ്രമിക്കുന്നു.

നിങ്ങൾ വിശ്വസിക്കുന്നില്ല 10:25

ആടുകൾ തന്നെ നല്ല ഇടയനെന്ന നിലയിൽ വിശ്വസിക്കുന്നു. ഈ വിശ്വാസം നൽകുന്ന "സുരക്ഷിതത്വബോധം" ആത്മീയ ജീവിതത്തിലെ ആവശ്യഘടകമാണ്. ഈ സുരക്ഷിതത്വം രണ്ട് വിധമാണ്.

1. ഇടയനെ അറിയുകയും അനുഗമിക്കുകയും ചെയ്യുന്നത് വഴി 10:27 കേൾക്കുകയും അനുഗമിക്കുകയും ചെയ്യുന്നതിലൂടെ ലഭ്യമാകുന്ന സുരക്ഷിതത്വം.

2. നാം വിശ്വസിക്കുന്ന ക്രിസ്കുവിൽ അടിസ്ഥാനപ്പെട്ടിരിക്കുക വഴി ലഭ്യമാകുന്ന സുരക്ഷിതത്വം. മത്താ. 7:24-25.

ദൈവവചനവും ദൈവദൂഷണവും 10:36

'ദൈവപുത്രൻ' എന്ന അവകാശവാദം എങ്ങനെ ദൈവദൂഷണമാകും? വചനത്തിന്റെ ആക്ഷരീകാർത്ഥം മാത്രം ചിന്തിക്കുന്നവർക്കു ദൈവാത്മാവിന്റെ വ്യാപാരം ഗ്രഹിക്കുവാൻ പ്രയാസമാണ്. യോഹ. 9:41. ഇവിടെ നമ്മൾ വചനവ്യാഖ്യാനവും വചനധ്യാനവും തമ്മിലുള്ള വ്യത്യാസം കൂടി മനസ്സിലാക്കേണ്ടതായിട്ടുണ്ട്.

❑

# Are we His sheep?



## The Sunday after *Koodhosh Eetho*

### Fr. Nithin V. Rajan

The Sunday after ***Koodhosh Eetho*** (Sanctification of the Church) is called ***Hoodosh Eetho*** - "The Feast of Dedication of the Church."

Once we are sanctified then comes dedication which means setting apart for His work even if we are supposed to face death. The Gospel portion is taken from St John 10:22-42. Here we see Jesus was at the Jerusalem Temple during the fest of Dedication. There is a historical connection to this Temple festival. The temple of Jerusalem, though beautifully built by King Solomon, was destroyed by King Nebuchadnezzar. Under the leadership of Ezra and Nehemiah it was rebuilt and preserved. Again it was destroyed. King Herod for the third time renovated it expansively. In BC 170, the Syrian King Antiochus Epiphanes, greatly influenced by the Greek culture, wanted to replace the Jewish religion with the pagan Greek religion and customs. He decided to wage war against the kingdom of Judah and finally he invaded the city of Jerusalem. 80,000 people were murdered and an equal number of people were taken captives. A large amount of wealth from the temple was looted. The House of God was made a house of harlots. As a result, the worship in the temple was obstructed. He even defiled the Holy temple of Jerusalem by sacrificing a swine on the holy altar as an offering to the Greek deity Zeus.

The Temple was the soul of the Jews. Losing the temple was a painful event in their life and each time the temple was destroyed when the people left the Living God and loved sin. The Jews were forced to go hiding but in 164 BC, the Jews were successful in retrieving the temple of Jerusalem from the Greeks and they renovated the temple. Judas Maccabeus gave leadership in consecrating the desecrated temple. In commemoration of this act of rededication and as a mark of their joy of freedom, the Jews began to celebrate it colorfully. This feast came to be known as ***Hanukkah*** meaning 'festival of light' as there were many lights to illuminate the temple and houses of the Jews who celebrated it.

Light removes darkness. Our light is from above and He is the Alfa and Omega, that is why we sing "By thy light we see the light Jesus Full of light" so this feast is a reminder to cleanse, restore and re-dedicated as the Scripture says in ***1 Corinthians 6:19*** "Do you not know that your bodies are temples of the Holy Spirit, who is in you, whom you have received from God? You are not your own".

***St John 10:24-30*** "So the Jews gathered around him and said to him, 'How long will you keep us in suspense? If you are the Messiah, tell us plainly. Jesus answered, 'I have told you, and you do not believe. The works that I do in my Father's name testify to me; but you do not believe, because you do not belong to my sheep. My sheep hear my voice. I know them, and they follow me. I give them eternal life, and they will never perish. No one will snatch them out of my hand. What my Father has given me is greater than all else, and no one can snatch it out of the Father's hand. The Father and I are one.

Here we see even thou the Jews accepted Jesus they didn't accept him fully as he was the not the way they expected. This made them confused and doubtful. They wanted a political ruler who is powerful and would save them. That is the reason they couldn't understand Jesus and was confused and unconvinced. Even thou the understood they pretended to not be so. That is the reason Jesus said "You are not my sheep as my sheep hears my voice and follows me".

**Are we His sheep?**

Jesus Christ is using the similarity of sheep and their nature to describe his followers. Sheep have a natural inclination to wander off and get lost. That is the reason Isaiah the glorious prophet has said: "We all, like sheep, have gone astray, each of us has turned to his own way" ***Isaiah 53:6***. When sheep go astray, they are in danger of getting lost, being attacked by animals, even killing themselves by drowning, falling off cliffs etc. but when the sheep has a good shepherd the sheep will be safe and sound. They hear his voice and follow him

In the book "***The way of a pilgrim***" the Author says 'By the grace of God, I am a Christian man but by my action I am a great sinner'. This statement we have to ponder. By the sacrament of Holy Baptism we are Christians but by our action who are we? Is God my Shepherd? Do we listen to his voice?

***St. Gregory of Nyssa*** says "But if you keep your inner man full of wicked thoughts, even if you were on Golgotha, even if you were on the Mount of Olives, even if you stood on the memorial-rock of the Resurrection, you will be as far away from receiving Christ into yourself"

**Why Choose Christ as my Shepherd?**

**The Way** Jesus said, "I am the way and the truth and the life. No one comes to the Father except through me. ***St. John 14:6***

**Hungry or thirsty** "Then Jesus declared, "I am the bread of life. Whoever comes to me will never go hungry, and whoever believes in me will never be thirsty ***St John 6:35***

**Weak or Weary** But He said to me, "My grace is sufficient for you, for my power is made perfect in weakness." Therefore I will boast all the more gladly about my weaknesses, so that Christ's power may rest on me.That is why, for Christ's sake, I delight in weaknesses, in insults, in hardships, in persecutions, in difficulties. For when I am weak, then I am strong. ***2 Corinthians 12:9-10***

**Lonely or in Danger** "Yea, though I walk through the valley of the shadow of death, I will fear no evil: for thou art with me; thy rod and thy staff they comfort me". ***Psalm 23.4***

**Stressed, depressed anxiety** "Come to me, all you who are weary and burdened, and I will give you rest. Take my yoke upon you and learn from me, for I am gentle and humble in heart, and you will find rest for your souls. For my yoke is easy and my burden is light." ***St. Matthew 11:28-30***

When the Lord is my shepherd I have protection and I have direction. So if we feel lost or helpless we just need to return to the Shepherd and enjoy the protection and direction only Jesus Christ can give.

***Shepherd of my soul I give You full control***
***Wherever You may lead I will follow***
***I have made the choice to listen for Your voice***
***Wherever You may lead I will go.***

❑



**As part of the 10th Anniversary Celebration of Bangalore Diocese and Platinum Jubilee Celebration of Orthodox Worship in Bangalore a cheque of sum of Rs.5,00,000/-(Five Lakh Rupees) as a donation towards a room in Parumala Hospital was handed over to Malankara Metropolitan and Catholicose of the East H.H Moran Mar Baselios MarThoma Mathews IIIby Bangalore Diocesan Metropolitan H.G Dr. Abraham Mar Seraphim at Parumala (02/11/2021).**

**Parumala Hospital CEO Rev Fr M.C Paulose, Bangalore Diocesan Secretary Rev Fr Santhosh Samuel K, Rev Fr Saji Daniel,Rev Fr Skaria Mathew,Bangalore Diocese Sabha Managing Committee Members Mr Baby Thankachen, Mr Thomat Palat,Bangalore Diocesan Council Members Mr Rajesh Philip Thomas, Mr Mathew Jacob were also present.**




## പരിശുദ്ധ പരുമല തിരുമേനിയുടെ 119-ാമത് ഓർമ്മപ്പെരുനാൾ സമാപിച്ചു

പരിശുദ്ധ പരുമല തിരുമേനിയുടെ 119-ാമത് ഓർമ്മപ്പെരുനാളില് ശ്ലൈഹിക വാഴ്വിന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പ്രധാന കാർമികത്വം വഹിച്ചു.

കുര്യാക്കോസ് മാർ ക്ലീമ്മീസ്, സഖറിയാ മാർ അന്തോണിയോസ്, ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്, ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, യൂഹാനോൻ മാർ പോളിക്കാർപ്പോസ്, ഡോ. ജോസഫ് മാർ ദിവന്നാസിയോസ്, ഏബ്രഹാം മാർ എപ്പിഫാനിയോസ്, ഡോ. മാത്യൂസ് മാർ തിമോത്തിയോസ്, അലക്സിയോസ് മാർ യൗസേബിയോസ്, ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ്, ഡോ. യൂഹാനോൻ ദിമെത്രയോസ്, ഡോ. യൂഹാനോൻ മാർ തേവോദോറോസ്, ഡോ. ജോഷ്വാ മാർ നിക്കോദിമോസ്, ഡോ. സഖറിയാസ് മാർ അപ്രേം എന്നീ മെത്രാപ്പോലീത്തമാർ പങ്കുകൊണ്ടു. ഫാ. ഡോ. എം. ഒ. ജോൺ, അഡ്വ. ബിജു ഉമ്മൻ, ഫാ. എം.സി. കുര്യാക്കോസ്, പരുമല സെമിനാരി കൗൺസിൽ അംഗങ്ങൾ എന്നിവരും ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.



# മത്തങ്ങാമുടി

## കാക്കശ്ശേരിയച്ചന്റെ കരവിരുതിൽ

കെ.ആർ.ബാബു

ഓർത്തഡോക്സ് സഭയുടെ മേൽപ്പട്ടക്കാർ അടയാളമായി ധരിക്കുന്ന മത്തങ്ങാമുടി നിർമിക്കുന്ന വൈദികനുണ്ട് കുന്നംകുളത്ത്. 'കാലംചെയ്ത പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവ തിരുമേനിയാണ് മത്തങ്ങാമുടിയുണ്ടാക്കാൻ ആദ്യം ആവശ്യപ്പെട്ടത്. സ്നേഹപൂർവമായ നിർബന്ധം സമ്മതത്തിന് വഴിമാറി എന്നു പറയുന്നതാകും ശരി. നിർമാണവിദ്യ പഠിക്കാൻ മാർഗമുണ്ടായിരുന്നില്ല. നിർമിക്കുന്നവർ പഠിപ്പിക്കാൻ താത്പര്യപ്പെടാറുമില്ല. 130 എണ്ണം ചെയ്തുനോക്കി. ഒന്നും തൃപ്തിയായില്ല. 90 ശതമാനം തൃപ്തി നൽകിയ മുടി ബാവയെ കാണിച്ചു. പിന്നെ ബാവാ തിരുമേനിയുടെ പഴയ മുടി ചോദിച്ചു. ബാവയ്ക്ക് ഒറ്റ കണ്ടീഷനേ ഉണ്ടായിരുന്നുള്ളൂ. പൊളിക്കരുത്. ഒരുമാസത്തോളം മുടി തിരിച്ചും മറിച്ചും നോക്കിയിരുന്നു. 2010-ൽ വലിയ തെറ്റുകളില്ലാതെ നിർമിച്ച മുടി ബാവയ്ക്ക് സമ്മാനിച്ചു. ഇപ്പോൾ സഭയിലെ ഒട്ടേറെ മെത്രാപ്പോലീത്തമാർ മുടി നിർമിച്ചുനൽകാൻ ആവശ്യപ്പെടാറുണ്ട്.' -കുന്നംകുളം ഗാന്ധിജി നഗറിലെ വീട്ടിലിരുന്ന് സീനിയർ വൈദികനായ ഫാ. പീറ്റർ കാക്കശ്ശേരി മത്തങ്ങാമുടി (കിരീടം)യുടെ ചുരുൾ നിവർത്തുകയാണ്.

വ്രതാനുഷ്ഠാനത്തോടെയാണ് നിർമാണം. കാഠിന്യം വരുത്താനും വിവിധ ഘട്ടങ്ങളിൽ തയ്ച്ചെടുക്കാനുമായി രണ്ടാഴ്ച സമയമെടുക്കും. തലയുടെ അളവ് അനുസരിച്ച് മോൾഡുകൾ തയ്യാറാക്കണം. തയ്യൽവേലകളിൽ സാമർഥ്യമുള്ള ഭാര്യ അനിതയും മക്കളായ അബുവും അപ്പുവുമാണ് സഹായികൾ. കാലംചെയ്ത ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവയ്ക്കും ഇപ്പോഴത്തെ സഭയുടെ പരമാധ്യക്ഷനായ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവയ്ക്കും മുടി നൽകാൻ കഴിഞ്ഞതിന്റെ സന്തോഷത്തിലാണ് ഫാ. പീറ്റർ കാക്കശ്ശേരി. സ്ഥാനാരോഹണത്തിനുശേഷം കുന്നംകുളം ആർത്താറ്റ് അരമനയിലെ സ്വീകരണച്ചടങ്ങിലാണ് കാതോലിക്ക ബാവയ്ക്ക് മുടി സമ്മാനിച്ചത്. ധരിച്ചിരുന്ന മുടി പൊതുവേദിയിൽ വെച്ച് മാറ്റി, സമ്മാനമായി ലഭിച്ച മുടി കാതോലിക്ക ബാവ തലയിലണിഞ്ഞതാണ് ഏറെ സന്തോഷം നൽകിയതെന്ന് ഫാ. പീറ്റർ കാക്കശ്ശേരി പറഞ്ഞു. മുടി നിർമിച്ച് നൽകിയതിനെ പ്രശംസിച്ച് 2014-ൽ മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവ നൽകിയ അനുഗ്രഹപത്രം ഇപ്പോഴും നിധിയായി സൂക്ഷിച്ചിട്ടുണ്ട്.

### മുടി നിർമിക്കാനേറെ പണിയുണ്ട്

▸ മത്തങ്ങാമുടി കാണാൻ അഴകുണ്ടെങ്കിലും നിർമാണം വലിയ പ്രയാസമാണ്. താഴെ ഓവൽ ആകൃതി, നടുവിൽ വൃത്തം, മുകളിൽ സ്തൂപിക, ഏറ്റവും മുകളിൽ അധികാരത്തെ സൂചിപ്പിക്കുന്ന മകുടം. 300 -350 ഗ്രാം ഭാരമാണ് മുടിക്ക് നല്ലത്. ഉയരം കൂടിയാൽ തലയിൽ ധരിക്കുമ്പോൾ ചരിയും. ഭാരമേറിയാൽ തലയിൽ വെക്കാൻ പ്രയാസമാകും. ഹാർഡ്ബോർഡ്, ബക്കറം, സ്പോഞ്ച്, റിബൺ, പശക്കൂട്ട് തുടങ്ങിയവയാണ് പ്രധാന നിർമാണവസ്തുക്കൾ.

കനംകുറഞ്ഞ തുണികൊണ്ട് ഞൊറിയിട്ട മറ്റൊരു തൊപ്പി ഉള്ളിലുണ്ടാകും. വെൽവെറ്റ് ഉപയോഗിച്ചാണ് മകുടം തയ്യാറാക്കുന്നത്. മുടിയുടെ താഴെയുള്ള പണികൾ കഴിഞ്ഞാൽ മകുടം ഉള്ളിലേക്കിറക്കി ഉറപ്പിക്കും.

### മുടിയിലെ വിശ്വാസം

▸മുടിയുടെ മകുടത്തിൽ ക്രിസ്തുവും ശിഷ്യന്മാരുമാണ് പ്രതികം. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിവയാണ് മൂന്ന് തലങ്ങളിലെ നിർമാണം. സഭയുടെ ശരീരവുമായും മുടി ബന്ധപ്പെട്ടിട്ടുണ്ട്. മുടിയുടെ മാതൃക ടർക്കിഷ് സാമുദായിക നേതാക്കന്മാരുടെ തൊപ്പിയിൽനിന്ന് സ്വീകരിച്ചതാണ്.

ഓട്ടോമൻ രാജവംശകാലത്ത് സാമുദായികനേതാക്കന്മാർക്ക് മതപരമായ ചടങ്ങുകളിൽ അടയാളമായി തൊപ്പി ഉപയോഗിക്കാൻ രാജവംശം നിയമപരമായ അധികാരം നൽകിയിരുന്നു.

സഭയിൽ വിശുദ്ധകുർബാനയിൽ മേൽപ്പട്ടക്കാർ മുടി ഉപയോഗിക്കാറില്ല. യാമപ്രാർഥന, വിവാഹശുശ്രൂഷ, മരണാനന്തരശുശ്രൂഷ തുടങ്ങിയവ നടത്തുമ്പോൾ മേൽപ്പട്ടക്കാർ മുടി ഉപയോഗിക്കുന്നുണ്ട്.

▸ ഓർത്തഡോക്സ് സഭയിൽ മേൽപ്പട്ടക്കാർ ധരിക്കുന്ന മുടി നിർമിക്കുന്ന കുന്നംകുളം ഭദ്രാസനത്തിലെ സീനിയർ വൈദികനായ ഫാ. പീറ്റർ കാക്കശ്ശേരി

'വാത്സല്യ മക്കളെ, സഭയെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കണം. സഭയുടെ അഖണ്ഡതയ്ക്കും സ്വാതന്ത്ര്യത്തിനും സ്വയംശീർഷകത്വത്തിനും എതിരായ ഒന്നും ഒരുനാളും പ്രവർത്തിക്കരുത്.'

– പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ

(2006 സെപ്റ്റംബർ 21-ാം തീയതി പരുമലയിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗത്തിൽ ചെയ്ത പ്രസംഗത്തിൽ നിന്നും.)



## സണ്ടേസ്കൂൾ കോൺവൊക്കേഷൻ.

ആലുവ: ഡിസ്ട്രിക്ട് സൺഡേസ്കൂൾ 10, 12 ക്ലാസ്സിൽ വിജയിച്ച കുട്ടികളുടെ കോൺവെക്കേഷൻ തൃക്കുന്നത്ത് സെമിനാരിയിൽ നടത്തപ്പെട്ടു. യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. കുരുവിള എം. ജോർജ് മുഖ്യ സന്ദേശം നൽകി. ഫാ. ക്രിസ് സെബി, ബാബു വർഗീസ്, സാജു പി. വി., കെ. വി. വർഗ്ഗീസ്, ഡോ. പ്രസാദ് ചീരൻ എന്നിവർ സംസാരിച്ചു.



## താബോർ വെറുമൊരു മലയല്ല

ഫാ. ഡോ. പി. എസ്. വർഗീസ് രചിച്ച് ഹെറിറ്റേജ് പബ്ലിഷേഴ്സ്, ദിമാപുർ നാഗാലാൻഡ് പ്രസാധനം നിർവ്വഹിച്ച 'താബോർ വെറുമൊരു മലയല്ല' എന്ന കവിതാ സമാഹാരം പ്രകാശനം ചെയ്തു.

സ്തേഫാനോസ് മാർ തേവോദ്യോസ്യോസ് തിരുമേനിയുടെ പതിനാലാം ഓർമ്മപ്പെരുന്നാൾ ദിനത്തിൽ സെന്റ് തോമസ് ആശ്രമം ചാപ്പലിലെ വിശുദ്ധ കുർബ്ബാനയ്ക്ക് ശേഷം 'താബോർ വെറുമൊരു മലയല്ല' എന്ന കവിതാ സമാഹാരം ഡോ. ജോസഫ് മാർ ദിവന്യാസ്യോസ് ആദ്യ പ്രതി ഗീവർഗ്ഗീസ് റമ്പാന് നല്കി നിർവ്വഹിച്ചു. ഫാ. ഡോ. പി. എസ്. വർഗീസിന്റെ നാലാമത്തെ പുസ്തകവും, മൂന്നാമത്തെ കവിതാ സമാഹാരവുമാണിത്.

ഈ കവിതാ സമാഹാരത്തിൽ മുപ്പതു വേദപുസ്തക കവിതകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അനുഗ്രഹ ആശംസ ജോസഫ് മാർ ദിവന്നാസ്യോസും, പഠനം ഫാ. സഖേറും, ആമുഖം ഫാ. ഡോ. ബിജേഷ് ഫിലിപ്പും, ആശംസ അനുഗ്രഹീത എഴുത്തുകാരൻ ഷൌക്കത്തും നിർവ്വഹിച്ചിരിക്കുന്നു.

ഇരുനൂറു (200/) രൂപ മുഖവിലയുള്ള ഈ പുസ്തകം പ്രീ പുബ്ലിക്കേഷൻ ഇളവിൽ 150 രൂപയ്ക്കു ഈ മാസം ബുക്ക് ചെയ്യാം. ബുക്ക് ഓർഡർ ചെയ്യാൻ 7005024458 നമ്പറിൽ ഗൂഗിൾ പേ നൽകി അഡ്രസ് 9436831645 നമ്പറിലേക്കു ചെയ്യാം. **To order this book in pre-publication offer prize, kindly make Google pay Rs. 150/ in 7005024458 and send address details to 9436831645.**



**അഖില മലങ്കര പ്രാർത്ഥനാ യോഗത്തിന്റെ നോർത്ത് സെന്ററൽ സോൺ കോ-ഓർഡിനേറ്റർ ആയി നിയമിതനായ എബിൻ മത്തായി. കൊച്ചി ഭദ്രാസനത്തിലെ മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയുടെ ട്രസ്റ്റി കൂടിയാണ് എബിൻ മത്തായി.**

## പാത്രിയർക്കീസ് വിഭാഗം അക്രമം അഴിച്ചുവിടുന്നത് അപലപനീയം: ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ്

കോട്ടയം: കേസുകളിൽ പരാജയപ്പെടുമ്പോൾ വാശിതീർക്കാനായി അക്രമം അഴിച്ചുവിടുന്നത് അപലപനീയമാണെന്ന് മലങ്കര ഓർത്തഡോക്സ് സഭാ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ് മെത്രാപ്പോലീത്താ. പാത്രിയർക്കീസ് വിഭാഗം അക്രമം അഴിച്ചുവിടുവാൻ ശ്രമിക്കുന്നതിന്റെ ഉത്തമ ഉദാഹരണമാണ് ഇന്നലെ വടവുകോട് സെന്റ് മേരീസ് പള്ളിയിൽ ഉണ്ടായ സംഭവം. അനധികൃതമായി പള്ളിസെമിത്തേരിയിൽ പ്രവേശിച്ചതിനെ ചോദ്യം ചെയ്തു എന്ന കാരണത്താൽ ഓർത്തഡോക്സ് സഭയുടെ സജീവ പ്രവർത്തകനായ മറ്റപ്പിള്ളിൽ സാബുവിനെ വടവുകോട് പള്ളിക്കു സമീപം പൊതുസ്ഥലത്തു വച്ച് പരസ്യമായി ആക്രമിച്ച് ഗുരുതരമായി പരിക്കേൽപ്പിക്കുകയായിരുന്നു. തലയ്ക്ക് അടിയേറ്റ സാബുവിനെ ഉടൻതന്നെ കോലഞ്ചേരി ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

മലങ്കരസഭാ ഭരണഘടന അനുസരിച്ച് പ്രസ്തുത പള്ളി ഭരിക്കപ്പെടണമെന്ന് പലപ്രാവശ്യം കോടതികൾ ഉത്തരവിട്ടിട്ടുള്ളതാണ്. എന്നാൽ കോടതി ഉത്തരവ് നടപ്പാക്കി മുന്നോട്ടു പോകുമ്പോഴും സമാധാന അന്തരീക്ഷത്തിന് ഭംഗം വരുത്തി പള്ളി പൂട്ടിക്കാനുള്ള ശ്രമമാണ് പാത്രിയർക്കീസ് വിഭാഗം നടത്തുന്നത്. പൊതുസ്ഥലത്ത് അനേകർ നോക്കിനിൽക്കെയാണ് ആക്രമണമുണ്ടായത് എങ്കിൽപ്പോലും ഇതുവരെ പ്രതിയെ കസ്റ്റഡിയിൽ എടുത്തിട്ടില്ല. മലങ്കരസഭാ തർക്കം സമാധനപരമായി പരിഹരിക്കണം എന്നു പറയുന്നവർ ഇത്തരത്തിലുള്ള ആക്രമണങ്ങളെ അപലപിക്കാത്തത് എന്തെന്ന് മനസിലാകുന്നില്ല. സമാധാനത്തിനുവേണ്ടി നിലകൊള്ളുമ്പോൾ എന്നും സഭയ്ക്ക് ഇത്തരത്തിലുള്ള ആക്രമണങ്ങളാണ് നേരിടേണ്ടി വന്നിട്ടുള്ളത്. പ്രതിയെ എത്രയുംവേഗം കസ്റ്റഡിയിൽ എടുത്ത് നിയമത്തിനു മുമ്പിൽ കൊണ്ടുവരണമെന്ന് പോലീസ് അധികാരികളോട് അഭ്യർത്ഥിക്കുന്നു എന്നും അദ്ദേഹം പറഞ്ഞു.

